ശ്രീ. കെ.സി. ജോസഫ്: സംസാരിക്കാൻ അവസരം നൽകാത്തതു കൊണ്ട് ഞാൻ പിൻവലിക്കുന്നു.

മി. സ്പീക്കർ: ശ്രീ കെ.സി. ജോസഫ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു. ശ്രീ. എ. കണാരൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. കണാരൻ: സർ, ഞാൻ പിൻവലിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എ. കണാരൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ.....പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

3. 1999-ലെ കേരളാ സ്പോർട്സ് ബിൽ†

(അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും)

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി, അങ്ങേയ്ക്ക് 1999-ലെ സ്പോർട്സ് ബിൽ അവതരിപ്പിക്കാം.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്): 1999-ലെ കേരളാ സ്പോർട്സ് ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിക്കപ്പെട്ടിരിക്കുന്നു. ഇനി അങ്ങേയ്ക്ക് പ്രമേയം അവതരിപ്പിക്കാം.

ശ്രീ. എ.സി. ഷൺമുഖദാസ്: സർ, 1999-ലെ കേരളാ സ്പോർട്സ് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

ക്രമപ്രശ്നം

ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത

ശ്രീ. ടി.എം. ജേക്കബ്: ഞാൻ ഇതിനകത്ത് ഒരു ഒബ്ജക്ഷൻ എഴുതി കൊടുത്തിട്ടുണ്ട്. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം എല്ലാവരും സ്വാഗതം ചെയ്യുന്നതാണ്. നമ്മുടെ സ്പോർട്സ് കായിക രംഗത്ത് ഒരു പുതിയ മാറ്റം ഉണ്ടാക്കാൻ ഉതകുന്ന ഒരു ബില്ലാണിത്. ഫിനാൻഷ്യൽ മെമ്മോറാണ്ടം എങ്ങനെയായിരിക്കണമെന്ന് റൂൾ 73-ൽ ക്ലിയറായിട്ട് പറഞ്ഞിട്ടുണ്ട്. ഇവിടെ ഈ സഭയിൽ തന്നെ അങ്ങയുടെ റൂളിംഗ് ഉണ്ടായിട്ടുണ്ട്. അങ്ങയുടെ മുൻഗാമികളും ഇതേസംബന്ധിച്ച് റൂളിംഗ് നൽകിയിട്ടുണ്ട്. എല്ലാം വായിച്ച് കൂടുതൽ

† അനുബന്ധം XXII

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. ടി.എം. ജേക്കബ് ഉൾപ്പെടെയുള്ള ആളുകൾ ബില്ലുകൾ അവതരിപ്പിച്ചിട്ടുണ്ട്. ഇമ്മാതിരിയുള്ള വിഷയങ്ങൾ അങ്ങ് പറഞ്ഞിട്ടുമുണ്ട്. ഇത് ഇവിടെ തുടർന്നു വരുന്ന ഒരു പ്രാക്ടീസാണ്. ഫൈനാൻഷ്യൽ മെമ്മോറാണ്ടത്തിൽ ഈ കാര്യങ്ങൾ ഉണ്ട്. അതിന്റെയടിസ്ഥാനത്തിൽ ഇവിടെ തുടർന്നു വരുന്ന ഒരു പ്രാക്ടീസ്, ഇതിനെ സംബന്ധിച്ച് കൃത്യമായി പറയാൻ കഴിയില്ല എന്ന നിലയിൽ തുടരുന്ന ഒരു പ്രാക്ടീസാണ്. അത് തുടർന്നു തന്നെ പോകണം എന്ന് ചെയർ ആഗ്രഹിക്കുന്നില്ല. എങ്ങനെ അതിനെ ഭേദഗതി വരുത്താം, എങ്ങനെ അതിന്റെ സ്ട്രിക്റ്റ് സെൻസിൽ അതിനെ ഇംപ്ലിമെന്റ് ചെയ്യാൻ കഴിയും എന്നുള്ളത് കുറച്ച് ബുദ്ധിമുട്ടുള്ള കാര്യമാണ്. അത് ബന്ധപ്പെട്ട നിയമവകുപ്പുമായും ധനകാര്യ വകുപ്പുമായും ഡിസ്ക്കസ് ചെയ്ത് നമുക്ക് അതിന് ഒരു തീരുമാനം ഭാവിയിൽ കൈക്കൊള്ളാം എന്നു മാത്രമേ എനിക്ക് പറയാൻ കഴിയുന്നുള്ളൂ. ഏതായാലും അത് കേട്ടു. അതിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടു. മറുപടി കേട്ട്. അത് അംഗീകരിച്ചു. ഇനി ഇതിന്റെ തുടർന്നുള്ള ചർച്ചയിലേക്ക് കടക്കാം. അതുകൊണ്ട് ശ്രീ. ടി.എം. ജേക്കബിന്റെ ഒബ്ജക്ഷൻ നിലനിൽക്കത്തക്കതല്ല എന്ന് ചെയർ റൂൾ ചെയ്യുന്നു.

ഓർഡർ.....ഓർഡർ.....

നിയമനിർമ്മാണ കാര്യം (തുടർച്ച)

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : കേരളത്തിൽ കായികരംഗം ഒരു പരിവർത്തന ഘട്ടത്തിലാണ്. അതുകൊണ്ടുതന്നെ കഴിഞ്ഞ നാല് പതിറ്റാണ്ടുകളായി എന്റെ മുൻഗാമികൾ ഇത്തരത്തിൽ ബിൽ കൊണ്ടു വരുന്നതിനുവേണ്ടിയുള്ള നല്ല ശ്രമം നടത്തിയിരുന്നു. പല കാരണങ്ങൾ കൊണ്ടു സാധിച്ചില്ല. ഇന്ന് അങ്ങയുടേയും സഭാനേതാവിന്റേയും പ്രതിപക്ഷ നേതാവിന്റെയും സഭാ നേതാക്കളുടേയും എല്ലാം സഹായ സഹകരണങ്ങൾ കൊണ്ടാണ് ഈ ബിൽ ഇവിടെ കൊണ്ടുവരാൻ ഇടയായത്. എനിക്ക് നന്ദിയുണ്ട്. ആ നന്ദി കായിക കേരളത്തിന്റെ നന്ദിയാണ്. അവർ ഇക്കാര്യത്തിൽ സഭയേയും അങ്ങയേയും ഒക്കെ ഓർമ്മിക്കുമെന്ന കാര്യത്തിൽ എനിക്ക് സംശയമില്ല. കേരളത്തിന്റെ കായിക രംഗം ചരിത്രത്തിലെ സ്വർണ്ണ ലിപികളാൽ രചിക്കപ്പെടുന്ന ഒരു മുഹൂർത്തമായിരിക്കും ഇത് എന്നാണ് എനിക്ക് പറയാനുള്ളത്. കാരണം ഇന്ത്യയിലെവിടെയും ഇത്തരത്തിലുള്ള ബിൽ ഇതുവരെ കൊണ്ടു വന്നിട്ടില്ല. കുറെ കൊല്ലങ്ങളായി കേട്ടുകൊണ്ടിരിക്കുന്നതാണ്. ഇന്ത്യാ ഗവണ്മെന്റ് ഇത്തരത്തിലുള്ള ഒരു ചർച്ച നടത്തിയെങ്കിലും അവസാനത്തിലേക്ക് എത്തിയിട്ടില്ല. നമ്മുടെ സംസ്ഥാനത്ത് കായിക രംഗം ഇന്ന് അഭിമുഖീകരിക്കുന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾ, ആ പ്രശ്നങ്ങൾക്ക് ക്രിയാത്മകമായി പരിഹാരം കാണാൻ ഉപാധികൾ അടങ്ങിയ ഒരു ബില്ലാണിത്. ആ ബിൽ ഇന്ന് ഇന്ത്യയിൽ ഇത്തരത്തിൽ ആദ്യത്തേതാണ്. ആ കൂട്ടത്തിൽ തന്നെ ഈ നിയമസഭ ഗൗരവത്തോടെ അംഗീകരിച്ചതും ഇപ്പോൾ കേരളത്തിൽ ചർച്ച ചെയ്യപ്പെടുന്നതുമായ പഞ്ചായത്ത് രാജ് നഗരപാലികാ ബില്ലിന്റെയും ജനകീയാസൂത്രണത്തിന്റെയും തത്വങ്ങളിൽ ഒതുങ്ങി നിന്നു കൊണ്ടാണ് ഈ ബില്ലിന് രൂപം കൊടുത്തിരിക്കുന്നത്.

[12 Noon]

സർ, ഇന്ന് നിലവിലുള്ള സംവിധാനമനുസരിച്ച് കേരളാ സ്പോർട്സ് കൗൺസിലും, സ്പോർട്സ് വകുപ്പും സ്പോർട്സിന്റെ പുരോഗതിക്ക് വളരെയേറെ സംഭാവനകൾ ചെയ്തിട്ടുണ്ടെങ്കിൽത്തന്നെയും നമ്മുടെ സംസ്ഥാനത്ത് മൊത്തം യുവജനങ്ങൾക്കും പങ്കെടുക്കാൻ ഇത്തരത്തിൽ കഴിയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഒരവസരമാകണം നമ്മുടെ കായികരംഗത്തെ ഏറ്റവും അപര്യാപ്തയായി കാണുന്നത് എന്നതുകൊണ്ട് അത് പരിഹരിക്കാനുംകൂടി സാധിക്കണം എന്ന ലക്ഷ്യം കൂടി ഈ ബില്ലിന്റെ പിന്നിലുണ്ട്. എല്ലാവർക്കും കായികവിനോദം എന്ന അടിസ്ഥാന തത്വം വച്ചുകൊണ്ടാണ് ഈ ബില്ലിന് രൂപം നൽകിയിരിക്കുന്നത്. കായികരംഗത്തെ വെറും മൽസരങ്ങളായോ, ശാരീരികമാനസികോല്ലാസത്തിന്റെ ഉപാധികളായോ മാത്രം കണക്കാക്കാതെ ഒരു മനുഷ്യന്റെ വ്യക്തിത്വവികാസത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ഒരു ഘടകമായി കായിക പ്രക്രിയയെ കാണാനായി ഈ ബിൽ ഉൾക്കാഴ്ച നൽകുന്നു. *[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]* ഇന്ന് ഈ ലോകം കണ്ട ജീവിതത്തിലെ വിവിധ തുറകളിൽ മഹാന്മാരിൽ പലരും കായികരംഗത്തെ ഈ വീക്ഷണത്തോട് യോജിപ്പുള്ളവരാണ്. മഹാനായ അരിസ്റ്റോട്ടിൽ പറയുകയുണ്ടായി ഒരു മണിക്കൂർ എങ്കിലും അദ്ധ്വാനിക്കുന്നവനേ എന്നെ വന്ന് കാണാനൊക്കൂ. മനുഷ്യന്റെ ശാരീരിക അദ്ധ്വാനത്തിന്റെ പ്രസക്തി ഈ വാക്കുകളിൽ പ്രതിദ്ധ്വനിക്കുന്നു. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിജിയും വ്യായാമത്തിന് അതിയായ പ്രാധാന്യം കൽപ്പിച്ചിരുന്ന ആളായിരുന്നു. നമ്മുടെ നിയമസഭ കണ്ട പല പ്രഗത്ഭന്മാരും കായിക വിനോദങ്ങളിലൊക്കെ പങ്കെടുത്തവരാണ്. കായിക വിനോദങ്ങളിലൊക്കെ പങ്കെടുക്കുന്ന ആളുകളാണ്. കേരളത്തിന്റെ ഗ്രാമപ്രദേശങ്ങളിലും, ഉൾപ്രദേശങ്ങളിലും കായിക രംഗത്തെ വ്യാപിപ്പിക്കുവാനും കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്താനുമാണ് ഈ ബിൽ കൊണ്ട് ഉദ്ദേശിക്കുന്നത്. കായികരംഗം ജനകീയമാക്കാനും അക്കൂട്ടത്തിൽ ഈ ബിൽ കൊണ്ട് ഉദ്ദേശിക്കുന്നു. നിലവിലുള്ള പഞ്ചായത്തീരാജ് സംവിധാനത്തിന് അനുസൃതമായി 5 തലങ്ങളിൽ ഗ്രാമ, ബ്ലോക്ക്, ജില്ല, മുനിസിപ്പൽ, സ്റ്റേറ്റ് തലങ്ങളിൽ ഇതിന്റെ സംവിധാനങ്ങൾ ഉണ്ടാകും. വിപുലീകരിക്കാൻ ഉതകുന്ന രീതിയിൽ തന്നെയാണ് ഈ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. മേൽപ്പറഞ്ഞ 5 തലങ്ങളുടെ പ്രവർത്തനങ്ങളെ ക്രോഡീകരിക്കാനും നിയന്ത്രിക്കാനും വേണ്ട അധികാരങ്ങളുള്ള ഒരു സമ്പൂർണ്ണ കേരളാ സ്പോർട്സ് കൗൺസിൽ സംസ്ഥാന തലത്തിൽ നിലവിൽ വരും. സംവിധാനമനുസരിച്ച് കേരളത്തിന് മുഴുവൻ കാര്യക്ഷമതയും പ്രായോഗികമായി കായിക പദ്ധതികൾ വേണ്ട മേൽനോട്ടത്തോടുകൂടിയ ഒരു സമയബന്ധിതമായ നടപടി ഉണ്ടാക്കുവാനും സാധിക്കുന്നതാണ്. എല്ലാ തലങ്ങളിലും വനിതകൾക്ക് അംഗീകാരവും പ്രാതിനിധ്യവും ഈ ബില്ലിൽ നൽകിയിട്ടുണ്ട്. അത്തരത്തിൽ ഒരു ചർച്ചയും എല്ലാ രംഗങ്ങളിലും നടക്കുന്നുണ്ടല്ലോ. ഈ ബിൽ വന്നപ്പോഴും വനിതകൾക്ക് ആവശ്യമായിട്ടുള്ള പ്രാതിനിധ്യവും അംഗീകാരവും നൽകിയിട്ടുണ്ട്. ഈ ബിൽ നടപ്പിലാക്കുന്നതോടുകൂടി സ്പോർട്സ് രംഗത്ത് കൂടുതൽ ഉത്തരവാദിത്വവും വിധേയത്വവും ഉണ്ടാകുന്നു. ഒരു വ്യക്തിക്ക് ലഭ്യമാകുന്ന പ്രയോജനത്തേക്കാൾ ഈ രംഗത്ത് പങ്കെടുക്കുന്നതുകൊണ്ട് കായിക അവബോധവും പ്രബുദ്ധതയും ജനങ്ങളിൽ ഉളവാക്കി എടുക്കാൻ ഈ ബിൽ ഉതകുമെന്ന് കരുതുന്നു. ഇന്ന് കായികരംഗത്ത് കണ്ടുവരുന്ന ചില കുത്തഴിഞ്ഞ പ്രവണതകളെ ഉന്മൂലനം ചെയ്യാൻ വേണ്ട നിയമസംവിധാനവും ഈ രംഗത്ത് ഉണ്ടാകുന്നു. തർക്കങ്ങൾ പരിഹരിക്കാൻ ഒരു പ്രത്യേക അപ്പലേറ്റ് ട്രിബ്യൂണലും ഇതിൽ മറ്റ് സവിശേഷതകളായി വച്ചിട്ടുണ്ട്. 1970 മുതൽ മാറി മാറി വന്ന പല സർക്കാരുകളും പലവട്ടം ശ്രമിച്ചു. 23-10-97-ൽ സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ വച്ചു. സാധാരണ ബിൽ വരുന്നത് ഗവണ്മെന്റ് അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റും ലാ ഡിപ്പാർട്ടുമെന്റും ഒക്കെ നോക്കിയിട്ടാണ്. അതിൽ നിന്ന് വ്യത്യസ്തമായി കേരളത്തിലെ കായികരംഗത്ത് വിവിധ രംഗങ്ങളിൽ ഇരുന്ന

LIBRARY ARCHIVES Kerala Legislative Assembly

സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റുമാർ, മുൻപ്രസിഡന്റുമാർ, ഡി.ജി.പി. ജോസഫ് തുടങ്ങിയിട്ടുള്ള പ്രഗത്ഭരായ 11 അംഗങ്ങൾ, മാതൃഭൂമിയിലെ രാജ ഗോപാൽ, അദ്ദേഹം ഇതുമായി ബന്ധപ്പെട്ട് ധാരാളം എഴുതിയിട്ടുള്ള ഒരാളാ ണ്. അതുപോലെ മറ്റു പത്രങ്ങളിലെ സുഹൃത്തുക്കളെയും ഉൾപ്പെടുത്തികൊ ണ്ടുള്ള, ബിൻസി അടക്കമുള്ളവരെ ഉൾക്കൊള്ളിച്ച് ഇത്തരത്തിൽ ഒരു ബിൽ കൊണ്ടുവരുന്നതിനുവേണ്ടി ഒരു കമ്മിറ്റി വച്ചിരുന്നു. ഈ കമ്മിറ്റിയുടെ മുമ്പിൽ ചർച്ചയ്ക്ക് വന്നപ്പോൾ ഞങ്ങൾ ഇക്കാര്യം പറഞ്ഞു. ബഹുമാനപ്പെട്ട സ്പീക്കറും ശ്രീ. രാജേന്ദ്രനും ഇത്തരത്തിൽ ഒരു അനൗദ്യോഗികബിൽ കൊണ്ടുവന്നിരുന്നു, പല ഘട്ടങ്ങളിലും ഇതുസംബന്ധിച്ച് ചർച്ചകൾ വന്നിട്ടുണ്ട്. അതിന്റെയൊക്കെ അടിസ്ഥാനത്തിൽ ആ നിയമസഭാ സമാജികന്മാർ തയ്യാറാക്കിയ അനൗദ്യോ ഗിക ബിൽ കൂടി ഉൾക്കൊണ്ടുകൊണ്ട്, അതേ സമയം കായികരംഗത്തെ അനുഭവങ്ങൾ വച്ചുകൊണ്ട് വളരെ പ്രധാനപ്പെട്ട ആളുകൾ ശ്രീ. വി.ജി. ഗോവി ന്ദൻ നായർ, ശ്രീ. കെ. രാമചന്ദ്രൻ, ശ്രീ. തങ്കപ്പൻ, അഡ്വക്കേറ്റ് ബാലചന്ദ്രൻ, ശ്രീ. കരുണാകരൻ നായർ, ശ്രീ. രാജഗോപാലൻ, ശ്രീ. യു.എം. ബാലചന്ദ്രൻ, ശ്രീ. രവീന്ദ്ര ദാസ്, ഡോ. കിഷോർ തുടങ്ങിയിട്ടുള്ള ഒരു കമ്മിറ്റി പരിശോധിച്ച് ആ കമ്മിറ്റി പ്രതിപക്ഷത്തെയും മുൻ സ്പോർട്സ് മന്ത്രിമാരെയും ഒരു ദിവസം വിളിച്ച് ചർച്ച ചെയ്തു. അവരുടെയൊക്കെ അഭിപ്രായം അറിഞ്ഞതി നുശേഷം ഒരു പൊതുധാരണയിലാണ് ഈ ബില്ലിന് രൂപം കൊടുത്തിരിക്കു ന്നത്. അതുകൊണ്ട് ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഒരു വലിയ തർക്ക വിഷയം ഉണ്ടാകില്ല. ഇനി എന്തെങ്കിലും ഉണ്ടെങ്കിൽ തന്നെ നമുക്ക് പരിശോ ധിക്കാൻ കഴിയും. ഇത് ഒരു സെലക്ട് കമ്മിറ്റിക്ക് പോകുന്നതുകൊണ്ട് സെലക്ട് കമ്മിറ്റി ഈ കാര്യങ്ങളിൽ തെളിവെടുപ്പ് നടത്തുകയും എന്തെ ങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അതിന് പരിഹാരം കാണുന്ന സ്ഥിതി ഉണ്ടാ കുകയും ചെയ്യും. ഇക്കൂട്ടത്തിൽ ബിൽ നടപ്പാക്കുന്നതോടെ കേരളത്തിൽ മൊത്തത്തിൽ കായിക രംഗത്ത് വിപ്ലവകരമായ ഒരു മാറ്റം ഉണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. പി.ടി. ഉഷ, ടി.സി. യോഹന്നാൻ, ഷൈനി വിൽസൺ, അബ്ദുൾ റസാക്ക്, ജിമ്മി ജോർജ്ജ് തുടങ്ങിയവരൊക്കെ ഗ്രാമ പ്രദേശങ്ങളിൽ നിന്ന് വളർന്നുവന്നവരാണ്. അവരുടെ ആദ്യഘട്ടങ്ങളിലെ കായികപ്രവർത്തനങ്ങളൊക്കെ നടന്നത് ആ ഗ്രാമപ്രദേശങ്ങളിലെ ചെറിയ സ്കൂൾ അന്തരീക്ഷത്തിലൊക്കെയാണ്. അത്തരത്തിലുള്ള ആളുകളുടെ സംഭാവനയും, അവരെയൊക്കെ മനസിൽവച്ചുകൊണ്ട് ആയിരക്കണക്കിന് പ്രതിഭകളെ കണ്ടെത്താൻ കഴിയണം. കായികക്ഷമത വർദ്ധിപ്പിക്കാൻ ഈ കേരളത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും ജനങ്ങളെയും ചെറുപ്പക്കാരേയു മൊക്കെ ആകർഷിക്കാൻ കഴിയുന്ന ഒരു ജനകീയ അടിത്തറ, ജനങ്ങളുടെ പൂർണ്ണ പങ്കാളിത്തമുള്ള ഒരു സംവിധാനം ഉണ്ടാകണം. ദേശീയ കായികതല ത്തിൽ ലോക സ്പോർട്സ് മകുടത്തിൽ ഇന്ത്യക്കുള്ള സ്ഥാനം നമുക്കൊക്കെ അറിയാമല്ലോ? ഇത്രയും വലിയ ജനസംഖ്യയുണ്ടായിട്ടും കാര്യമായി നമു ക്കൊന്നും നേടാൻ കഴിഞ്ഞിട്ടില്ല. ഇതിന് പരിഹാരം കാണണമെങ്കിൽ ഇതിന് നേതൃത്വം കൊടുക്കാൻ കഴിയുന്ന സംസ്ഥാനം ഈ സംസ്ഥാനമാണ്. കഴിഞ്ഞ നാഷണൽ ഗെയിംസിൽ ഒരുപക്ഷെ ഏറ്റവും കൂടുതൽ, പകുതിയില ധികം മെഡലൊക്കെ വാങ്ങിയിരിക്കുന്നത് കേരളീയരായി മറ്റു ടീമുകളെ പ്രതി നിധീകരിക്കുന്ന മലയാളികൾകൂടി ഉൾക്കൊള്ളുന്നവരാണ് 50% ഏറെ ഗോൾഡ് മെഡൽ വാങ്ങിയിരിക്കുന്നത്. അവരെയൊക്കെ പ്രോൽസാഹിപ്പി ക്കാൻ ഗവൺമെന്റിന്റെ പൂർണ്ണമായ പിന്തുണയും സംവിധാനവുമൊക്കെ ഉണ്ടായാൽ കേരളത്തിന്റെ കായികരംഗത്ത് ഒരു ചുവട് ഉണ്ടാക്കി എടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുമെന്ന് ഗവൺമെന്റ് കരുതുന്നു. അതിനുതകുന്ന ബില്ലാണിത്. ഈ ബില്ലിന്റെ ചർച്ചകളിൽ പങ്കെടുത്തും, സെലക്ട് കമ്മിറ്റിയുടെ പ്രവർത്തനങ്ങളിൽ സഹകരിച്ചും എല്ലാവരുടേയും പുതിയ അഭിപ്രായങ്ങൾ സൃഷ്ടിച്ച് ഒരു നല്ല ബില്ലാക്കി മാറ്റിയെടുക്കാൻ സഹായിക്കണം എന്ന് ഞാൻ അപേക്ഷിക്കുന്നു. ഈ ബിൽ ഇവിടെ കൊണ്ടുവരുന്നതിനിടയാക്കിയിട്ടുള്ള എല്ലാവരെയും ഞാൻ ഈ ഘട്ടത്തിൽ ഓർമ്മിക്കുകയും നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു.

ശ്രീ. കെ.പി. വിശ്വനാഥൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്. "1999-ലെ കേരള സ്പോർട്ട്സ് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.12.1999 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു".

ബഹുമാനപ്പെട്ട ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ഈ സ്പോർട്സ് ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. അദ്ദേഹം ഇവിടെ അവതരിപ്പിച്ചുകൊണ്ട് ഒട്ടേറെ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ആ കാര്യങ്ങളുടെ മുഴുവൻ ലക്ഷ്യങ്ങൾ നേടാൻ ഈ ബില്ലുകൊണ്ട് സാധിക്കുമെന്ന് ഞാൻ പരിപൂർണ്ണമായിട്ട് വിശ്വസിക്കുന്നില്ല. കാരണം നമുക്കറിയാം, ഇന്ന് ഈ കേരളത്തിൽ സ്പോർട്ട്സ് രംഗത്ത് അഖിലേന്ത്യാ അടിസ്ഥാനത്തിലും ദേശീയ തലത്തിലുമൊക്കെ ചിന്തിക്കുമ്പോൾ നമ്മൾ മുമ്പന്തിയിൽ തന്നെയാണ്. സ്പോർട്ട്സ് താരങ്ങളും ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘടനകളും നമ്മുടെ ഉള്ള സൗകര്യങ്ങൾ വച്ചുകൊണ്ട് പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് തീർച്ചയായിട്ടും ഇതുണ്ടായത്. ഗവൺമെന്റിന്റെ സഹായവും അതിന് നൽകിയിട്ടുണ്ട്.

പക്ഷെ ഈ ബിൽ വളരെ നേരത്തെതന്നെ നമുക്ക് കൊണ്ടുവരേണ്ടതായിരുന്നു എന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടെന്ന് ഞാൻ മനസ്സിലാക്കുകയാണ്. എന്തായാലും നമുക്ക് ഇപ്പോഴെങ്കിലും ഇങ്ങനെയൊരു ബിൽ ഇവിടെ അവതരിപ്പിച്ച് കായിക കേരളത്തിന്റെ ആഗ്രഹത്തിനനുസരിച്ച് പ്രാവർത്തികമാക്കുന്നതിനുള്ള ഒരു ചെറിയ സംരംഭം ഇവിടെ ആരംഭിച്ചു എന്നുള്ളത് നമുക്ക് ആശ്വസിക്കാവുന്ന ഒന്നാണ്. ഞാൻ ജോൺ മിൽട്ടൺ ന്റെ ലിസിഡസ് എന്ന ഒരു ഇംഗ്ലീഷ് കവിതയിലെ ഒന്നുരണ്ടു വരികൾ പറയാൻ ആഗ്രഹിക്കുകയാണ്, അതിൽ പറയുന്നുണ്ട്.

"At last he rose, and twitch'd his Mantle blew;

Tomorrow to fresh woods, and Pastures new". The best is yet to be.

ഇത് വാസ്തവത്തിൽ ഇവിടെ പ്രാവർത്തികമാക്കണമെന്ന് ഞാൻ ആശ്വസിക്കുകയാണ്. At last you rose up with the bill അതിന് നിങ്ങൾക്ക് ഭാഗ്യമുണ്ടായി. അതിനെ ഞാൻ അഭിനന്ദിക്കുകയാണ്. പക്ഷെ അങ്ങ് ഒന്നിന് അർഹനാണെന്ന് ഞാൻ ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നു. കാരണം അങ്ങ് ഇതിനുമുമ്പും മന്ത്രിയായിട്ടുണ്ട്. അന്നും ഈ സ്പോർട്ട്സ് വകുപ്പിന്റെ മന്ത്രി തന്നെയായിരുന്നു. നമ്മുടെ വളരെക്കാലത്തെ ആഗ്രഹമായിരുന്നു ഈ സ്പോർട്ട്സ് രംഗത്ത് പ്രവർത്തിക്കുന്ന ആളുകളുടെ ആഗ്രഹം ഇതൊരു ഇൻഡിപെൻഡന്റ് ചാർജ്ജുള്ള മന്ത്രിയെ ഏൽപ്പിക്കണമെന്നാണ്. അതും കഴിഞ്ഞ 1987-ലെ ഗവൺമെന്റിന്റെ കാലത്ത് പരീക്ഷിച്ചുനോക്കിനീലനെ, അദ്ദേഹം അന്ന് ജനതാപാർട്ടിയുടെ സെക്രട്ടറി ജനറലായതുകൊണ്ട് അദ്ദേഹ,ം കേരളത്തിലേ ഉണ്ടായിട്ടില്ല. അദ്ദേഹം പിന്നെ "ലോകം ചുറ്റുവാലി

LIBRARY ARCHIVES Kerala Legislative Assembly

ൻ' എന്നുള്ള നിലയ്ക്ക് ദേശീയതലത്തിൽ അങ്ങനെ നടക്കുകയായിരുന്നു. വാസ്തവത്തിൽ ഇന്ന് നമുക്കും ഈ സഭയ്ക്കും അതുപോലെ കേരളത്തിലെ എല്ലാപേർക്കും സമാശ്വാസിക്കാൻ ഒരു ബിൽ ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. ഈ ബില്ലിൽ പറഞ്ഞ കാര്യങ്ങൾ ജനകീയാസൂത്രണമാക്കും എന്നൊക്കെ പറഞ്ഞതിനോട് എനിക്ക് അഭിപ്രായമില്ല. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റും എല്ലാ ജനകീയൻമാരും ഇതിന്റെ തലപ്പത്ത് ഇരുന്നതുകൊണ്ട് ഈ സ്പോർട്ട്സ് രക്ഷപ്പെടാൻ പോകുന്നില്ല. ഇതിൽ വ്യക്തമായിട്ടുള്ള കാഴ്ചപ്പാട് വേണം. നമ്മുടെ സ്പോർട്ട്സ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അതുപോലെതന്നെ സ്പോർട്ട്സ്രംഗത്ത് ഉത്തരവാദിത്വമുള്ള ഒരു ഭരണസംവിധാനം ഉണ്ടാക്കുന്നതിനുവേണ്ടി സമഗ്രമായ ഒരു നിയമം നടപ്പിലാക്കാൻ നമ്മൾ ആഗ്രഹിച്ചതാണ്. അത് വലിയ ഒരു ആവശ്യം തന്നെയായിരുന്നു. അതിനുവേണ്ടി നമ്മുടെ രാജ്യത്ത് പലതരത്തിലുള്ള ചർച്ചകൾ നടന്നിട്ടുണ്ട്. പല കമ്മിറ്റികൾ നമ്മൾ രൂപീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഓർമയുണ്ടാകും 1971-ൽ ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യരുടെ കമ്മിറ്റി, അതുപോലെതന്നെ 1982-ലെ പത്മശ്രീ ഡോക്ടർ പി. എം. ജോസഫ് കമ്മിറ്റി അവരൊക്കെ പറഞ്ഞിരിക്കുന്നത് കേരളത്തിൽ സമഗ്രമായ ഒരു സ്പോർട്ട്സ് ബിൽ കൊണ്ടുവരണമെന്നാണ്. നമുക്ക് ആവേശം തരുന്ന വളരെയധികം അനുഭവങ്ങൾ കേരളത്തിലെ സ്പോർട്ട്സ് പ്രേമികൾക്ക് ഉണ്ടായിട്ടുണ്ട്. പണത്തിന്റെ കുറവുകൊണ്ടു മാത്രമാണ് നമ്മുടെ സ്പോർട്ട്സ് രക്ഷപ്പെടാത്തത് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഉള്ള പണം കൊടുക്കുന്ന പണം, ശരിയായ വിധത്തിൽ വിനിയോഗിക്കാത്തതുകൊണ്ടാണ് ഇപ്പോൾ അതിനെക്കുറിച്ചുള്ള പരാതി നിലനിൽക്കുന്നത്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഈ രംഗത്ത് പണം കൊടുക്കുന്നുണ്ട്. കഴിഞ്ഞ കാലത്തും ഇപ്പോഴും കൊടുക്കുന്നുണ്ട്. പക്ഷെ ആ പണമൊന്നും ശരിയായ വിധത്തിൽ സ്പോർട്ട്സ് രംഗത്ത് പ്രവർത്തിക്കുന്ന ആളുകളുടെ ആഗ്രഹമനുസരിച്ച് പ്രാവർത്തികമാക്കാനും ചെലവഴിക്കാനും സാധിക്കാത്ത പ്രശ്നമാണ്. അതുപോലെ നമുക്ക് അറിയാം 1992-ൽ ഇവിടെ ഒരു സെമിനാർ നടക്കുകയുണ്ടായി. അന്നത്തെ സ്പോർട്ട്സ് വകുപ്പുമന്ത്രിയുടേയും അതുപോലെതന്നെ സ്പോർട്ട്സ് കൗൺസിലിന്റേയും ഒക്കെ നേതൃത്വത്തിൽ ഒരു വൺ ഡെ സെമിനാർ ഓൺ ഡെവലപ്മെന്റ് ഓഫ് സ്പോർട്ട്സ് ഇൻ കേരള നടക്കുകയുണ്ടായി. അതിലും ഒരു സ്പോർട്ട്സ് ബില്ലിന്റെ ആവശ്യകത ഊന്നിപറഞ്ഞിട്ടുണ്ടായിരുന്നു. അതിനുവേണ്ടിയിട്ടുള്ള ഒട്ടേറെ നിർദ്ദേശങ്ങൾ അതിൽ പറഞ്ഞിട്ടുണ്ട്. ആ സെമിനാറിന്റെ റിപ്പോർട്ടിൽ ഫോക്കൽപോയിന്റ് എന്നുപറഞ്ഞിട്ട് ഒരു ചെറിയ വിവരണം കൊടുത്തിട്ടുണ്ട്. അതിൽ പറഞ്ഞിരിക്കുന്നു.

Sports sustains from the constant endeavour of the human beings to accept, perform faster, higher, stronger, in short, to perform better. The effort of the sports-person is thus the most imporant, not focal point in sports. All the sports administration and organisations have to do is to provide congenial conditions for the effort of the sports- person. Just as we abound in sports talent so to be abound in organisational and administrative talent. We are governed by a democratic system hailed as one of the best in the modern World. Let us end our petty flickerings and dedicate, re-dedicated ourselves to promotion and development of sports. Let the best among us come forward to administer and organise sports with the sense of true dedication and service.

LIBRARY ARCHIVES Kerala Legislative Assembly

സർ, അതാണ് ഇതിന്റെ കാതലായിട്ടുള്ള പ്രശ്നം ഇന്ന് ഈ സ്പോർട്ട്സ് രംഗം ഭരിക്കുന്ന ആളുകൾ ഭരണകക്ഷിയുടെ ഇംഗിതത്തിന് അനുസരിച്ച് അതിന്റെ അഡ്മിനിസ്ട്രേഷനുവേണ്ടി ഏൽപ്പിക്കുന്ന ആളുകൾ എന്താണ് ചെയ്യുന്നത് അവരുടെ രാഷ്ട്രീയതാല്പര്യങ്ങൾ നടപ്പിലാക്കുന്നു. ഞാൻ ഈ ഗവൺമെന്റിനെ മാത്രമായിട്ടു പറയുന്നതല്ല, കുറ്റപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. ഇത് പഴയകാലത്തെ തുടർന്നുവരുന്ന നയമാണ്. അതു കൊണ്ട് യഥാർത്ഥത്തിലുള്ള സ്പോർട്ട്സ്മാൻമാരെ കണ്ടുപിടിക്കാൻ സാധിക്കുന്നില്ല. അവർക്കുവേണ്ടി പരിശീലനം നൽകാൻ നമുക്ക് കഴിയുന്നുണ്ടോ? വളരെ വ്യക്തമായിട്ട് അതിനെക്കുറിച്ചു പറയുമ്പോൾ എനിക്ക് സൂചിപ്പിക്കാനുള്ളത് 1996-ൽ ഹിന്ദുവിൽ ഒരു ലേഖനം വന്നിരുന്നു. നിർമ്മൽശേഖർ എഴുതിയ ആ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത്.

What was Kerala's Sports?

In sports, our old horses continue in the National Scene as the new-comers cannot surpass them. There is a general feeling of helplessness and anarchy in sports management and administration in the State.

വാസ്തവത്തിൽ അതാണ് ഇവിടെ നടക്കുന്നത്. പഴയകാലത്ത് നമുക്ക് പല പാരമ്പര്യങ്ങളും ഉണ്ടായിരുന്നു. എനിക്ക് ഓർമ്മയുണ്ട് ഈ ബാസ്കറ്റ് ബാളിന് ഏറ്റവും പ്രസിദ്ധിയാർജ്ജിച്ച കേരളത്തിലെ ഒരു പട്ടണമായിരുന്നു കുന്ദംകുളം. ഞാൻ അവിടെനിന്നുവരുന്ന ഒരാളാണ്.

ശ്രീ. ടി.കെ. ഹംസ : അത് ഡ്യൂപ്ലിക്കേറ്റാണ്.

ശ്രീ. കെ.പി. വിശ്വനാഥൻ : അത് അസൂയാലുക്കളായിട്ടുള്ള ആളുകൾ പറഞ്ഞു പ്രചരിപ്പിക്കുന്ന കാര്യമാണ്. അവിടെനിന്നുവരുന്ന ശ്രീ. എൻ.ആർ. ബാലനോടു ചോദിക്കൂ. അദ്ദേഹം ഡ്യൂപ്ലിക്കേറ്റ് ആണോയെന്ന് ചോദിക്കൂ.

ശ്രീ. ആര്യാടൻ മുഹമ്മദ് : അങ്ങനെ അവിടുത്തെ ജനങ്ങൾക്കാർക്കും അഭിപ്രായമില്ല, പക്ഷെ മാർക്സിസ്റ്റുപാർട്ടിയുടെ അഭിപ്രായമാണ് ചീഫ് വീപ്പ് പറഞ്ഞത്.

ശ്രീ. കെ.പി. വിശ്വനാഥൻ : അതോ, ബാലനെ പറഞ്ഞയച്ചതോടുകൂടി അങ്ങനെ ഒരു അഭിപ്രായം അവിടെ വന്നിട്ടുണ്ട്.

ശ്രീ. പി. രാജു : അങ്ങ് കുന്ദംകുളത്തെ കാര്യം പറഞ്ഞല്ലോ, കുന്ദംകുളത്ത് വോളിബാൾ എന്നുപറഞ്ഞാൽ ബാസ്കറ്റ്ബാൾ ആണെന്നകാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. കെ.പി. വിശ്വനാഥൻ : ഇന്ത്യയിൽതന്നെ അഖിലേന്ത്യാതലത്തിൽ ബാസ്കറ്റ്ബാളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അനേകമാളുകൾ അവിടെയുണ്ട്, അതുപോലെ തന്നെ വോളിബാൾ, ഓണത്തല്ല്, എല്ലാറ്റിനും പ്രശസ്തിയാർജ്ജിച്ച സ്ഥലമാണ് അത്. രാജുവിനെപ്പോലെതന്നെ ആളുകൾക്ക് വോളിബാൾ എന്താണ്, ഫുട്ബാൾ എന്താണ്, ബാസ്കറ്റ്ബാൾ എന്താണ്, ക്രിക്കറ്റ് എന്താണ് എന്നൊന്നും അറിയില്ലല്ലോ, അവർക്ക് എല്ലാം പന്ത് എന്നുള്ള നിലയ്ക്ക് ആ പന്തിനുവേണ്ടിയുള്ള ഓട്ടം നടത്തുകയല്ലാതെ ഒന്നും അറിയില്ല. പറവൂർക്കാർ മൊത്തത്തിൽ അങ്ങനെയാ.

ശ്രീ. കെ.പി. രാജേന്ദ്രൻ : ബഹുമാനപ്പെട്ട മെംപർ ശ്രീ..കെ.പി. വിശ്വനാഥൻ, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ബാസ്കറ്റ്ബാൾ ചാംപ്യനും, കേരള വർമ്മ കോളേജിലെ ചാംപ്യനുമൊക്കെയായിരുന്ന ആളല്ലോ, ഇത്രയും പ്രായ

LIBRARY ARCHIVES Kerala Legislative Assembly

മാകുന്നതിനുശേഷവും ബഹുമാനപ്പെട്ട മെംപർ ഇപ്പോഴും നിരന്തരമായി കായിരപരിശീലനം നടത്തുന്നുണ്ടോ? നിയമസഭയുടെ സ്പോർട്ട്സ് നടന്ന അവസരത്തിൽ നന്നായി കളിക്കുന്നതും ഓടുന്നതും കണ്ട് ഇപ്പോഴും സ്പോർട്ട്സിലുള്ള താൽപ്പര്യം വളരുന്നുണ്ടോ,

മി. ഡെപ്യൂട്ടി സ്പീക്കർ : അദ്ദേഹം പല കളികളിലും ചാംപ്യനാണ്,

ശ്രീ. കെ.പി. വിശ്വനാഥൻ : ബഹുമാനപ്പെട്ട ചെയർ പറഞ്ഞതാണ് ശരി, ഞാൻ ഫുട്ബാൾ ഒഴികെ മറ്റെല്ലാ കളികളും കളിച്ചിട്ടുണ്ട്. ഞാൻ പഠിക്കുന്ന കാലത്ത് കാലിക്കറ്റ് യൂണിവേഴ്സിറ്റിയില്ല അന്ന് കേരളാ യൂണിവേഴ്സിറ്റി മാത്രമേയുള്ളൂ. ഞാൻ കേരളവർമ്മ കോളേജിൽ ബാസ്കറ്റ്ബാൾ ചാംപ്യനായിരുന്നു, അടുപ്പിച്ച് രണ്ടും ടേമിലും ക്യാപ്റ്റനായിരുന്നു. അതുപോലെതന്നെ ഹോക്കി ടീമിലും അത്ലറ്റിക് ടീമിലും ക്യാപ്റ്റനായിരുന്നു. എല്ലാ കളികളും എനിക്ക് അറിയാം. ഞാൻ ഈ പറഞ്ഞത് നമ്മുടെ കേരളത്തിലെ സ്പോർട്ട്സിനെക്കുറിച്ച് ഹിന്ദുപത്രത്തിൽ വന്ന ഒരു ലേഖനത്തിന്റെ ചുവടു പിടിച്ചു പറഞ്ഞതാണ്. അതിൽ അവർ ചില കാര്യങ്ങൾ പറയുന്നുണ്ട്. അതിൽ ചില നിർദ്ദേശങ്ങൾ വച്ചിരിക്കുകയാണ്, അതിൽ പറഞ്ഞിരിക്കുന്നത്.

Why this decline?

(a) Proper atmosphere, tradition, culture, attitude, approach.
(b) Facilities, Infrastructure, Money, Playgrounds etc.
(c) Motivation
(d) Encouragement
(e) Coaching and Committed coaches
(f) Proper policies and priorities fixed and professional guidance in sports Management and Sports administration.

സർ, വാസ്തവത്തിൽ അതിനൊന്നും പര്യാപ്തമല്ല നമ്മുടെ ഇപ്പോഴത്തെ ഈ ബിൽ. യാതൊരു സംശയവും വേണ്ട. ഇപ്പോൾ ഇവിടെ അവതരിപ്പിച്ച ബിൽ നമ്മുടെ സമഗ്രമായ സ്പോർട്ട്സ് വികസനത്തിന് പര്യാപ്തമാണെന്ന് ഞാൻ ഇപ്പോഴും വിശ്വസിക്കുന്നില്ല. പക്ഷേ, ഇത് എന്ത് സ്വാധീനമാണ് ചെയ്യുന്നത്? തമ്മിൽ ഭേദം തൊമ്മൻ.

Something is better than nothing

വാസ്തവത്തിൽ ഇത് പോര. സെലക്ട് കമ്മിറ്റിക്ക് വിടുകയെന്നുള്ളത് തന്നെ നല്ല ഒരു തീരുമാനമാണ്. വിവരമുള്ളവരൊക്കെ പുറത്തുള്ളവരാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ ആക്ഷേപിച്ചതല്ല. അങ്ങ് തെറ്റിദ്ധരിക്കരുത്. ഒരു പക്ഷേ, നമ്മളെക്കാളും വിവരമുണ്ടാകും. അതും ഞാൻ സമ്മതിക്കുന്നു. പക്ഷേ, ഇക്കാര്യത്തെക്കുറിച്ച് ഉത്തരവാദപ്പെട്ട പ്രഗത്ഭന്മാരായിട്ടുള്ള സ്പോർട്ട്സ് താരങ്ങളുടെയും ആധികാരികമായിട്ടുള്ള സംഘടനകളുടേയും - സ്പോർട്ട്സ് കൗൺസിലിന്റേത് മുഴുവനും എടുക്കേണ്ട. പല കച്ചവടക്കാരുമാണ് ഇപ്പോൾ സ്പോർട്ട്സ് കൗൺസിൽ മെമ്പർമാർ. കച്ചവടക്കാരും ബിസിനസുകാരും മാത്രം കയ്യടക്കുന്ന ഒരു സ്ഥാപനമായിട്ട് മാറുകയാണ്. അതുകൊണ്ട് ഞാൻ ഈ പറഞ്ഞ കാര്യങ്ങൾക്ക് നിദാനമായിട്ടുള്ള ചില കാര്യങ്ങളുണ്ട്. നമ്മുടെ സ്പോർട്ട്സ് രംഗത്ത് ഒരു Slogan ഉണ്ട്. ആ Slogan ഈ സ്പോർട്ട്സിൽ പറയുന്നത് "Catch them young and sports for all" എന്നാണ്. ചെറുപ്പത്തിൽതന്നെ ഈ ആളുകളെ കണ്ടുപിടിക്കണം. 8 വയസ്സ് മുതൽ 12

LIBRARY ARCHIVES Kerala Legislative Assembly

വയസ്സ് വരെയുള്ള കുട്ടികളെ പരിശീലിപ്പിക്കണം. നമ്മുടെ കേരളത്തിൽ പല തരത്തിലുള്ള സ്കൂളുകളുണ്ട്. അപ്പോൾ ഞാൻ സൂചിപ്പിച്ചത് സ്പോർട്ട്സ് രംഗത്ത് നമ്മുടെ കുട്ടികളാരുംതന്നെ സ്കൂളിൽ പോകാത്തത് തെറ്റാണ്. അപ്പോൾ ആ സ്കൂളുകളിൽനിന്ന് നമുക്ക് കുട്ടികളെ കണ്ടുപിടിക്കാൻ സാധിക്കും. അവിടെനിന്ന് ട്രെയിനിംഗ് കൊടുക്കണം. അതിനാവശ്യമായ സംവിധാനമുണ്ടാക്കണം. ഇപ്പോൾ സ്പോർട്ട്സ് സ്കൂളുകളൊക്കെയുണ്ട്. വാസ്തവത്തിൽ അതൊക്കെ തുടങ്ങിയ കാലത്തുണ്ടായ ആവേശമൊന്നും ഇപ്പോഴില്ല.

സർ, അതുപോലെ സ്പോർട്ട്സ് ഹോസ്റ്റലുകളുണ്ട്. സ്പോർട്ട്സ് ഹോസ്റ്റലുകളുടെ ഇന്നത്തെ സ്ഥിതിയെന്താണ്? ദയനീയമെന്ന് പറഞ്ഞാൽ, കോളേജ് ടീമിൽപോലും ചാൻസിന് അർഹതയില്ലാത്ത ആളുകളാണ് സ്പോർട്ട്സ് ഹോസ്റ്റലുകളിൽ ഇന്ന് താമസിക്കുന്നത്. അത് ശുപാർശയുടെ അടിസ്ഥാനത്തിലാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, സ്പോർട്ട്സ് കോട്ടയിൽ അഡ്മിഷൻ കിട്ടുന്നുണ്ട്. സ്പോർട്ട്സ് കോട്ടയിൽ കിട്ടുന്ന അഡ്മിഷന് സർട്ടിഫിക്കറ്റ് വാങ്ങുന്നതു വളരെ ദുരൂഹമായ സാഹചര്യങ്ങളിൽ ഇങ്ങനെ മാനിപ്പുലേറ്റഡ് രൂപത്തിൽ സർട്ടിഫിക്കറ്റ് വാങ്ങുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ.പി. വിശ്വനാഥൻ : സർ, ഇന്നത്തെ സ്ഥിതി അതാണ്? ഞാൻ പരക്കെ ആക്ഷേപിക്കുകയല്ല. ജില്ല സ്പോർട്ട്സ് കൗൺസിലുകൾ അല്ലെങ്കിൽ അസോസിയേഷനുകൾ അതിലൊക്കെ തെരഞ്ഞെടുപ്പുകളുടെ അടിസ്ഥാനത്തിൽ അധികാരസ്ഥാനത്ത് വരുന്ന ആളുകളൊക്കെ അവർക്ക് ഇഷ്ടമുള്ള ആളുകൾക്ക് സർട്ടിഫിക്കറ്റ് എഴുതിക്കൊടുക്കുകയാണ്. അങ്ങനെയാണ് ഇപ്പോൾ ഈ മാനിപ്പുലേഷൻ വരുന്നത്. വാസ്തവത്തിൽ ആ സ്പോർട്ടിസിന്റെ സ്പിരിറ്റോ, സ്പോർട്ട്സ്മാൻ സ്പിരിറ്റോ ഒന്നുമില്ലാത്ത ഒരു രീതിയിൽ ഇന്ന് നമ്മുടെ സ്പോർട്ട്സ് രംഗം വരികയാണ്. ഇതിനൊരു അഴിച്ചുപണി ആവശ്യമാണ്. തുടക്കം നന്നായി ഇല്ലെന്ന് ഞാൻ പറയുകയില്ല. കുറേ കാര്യങ്ങൾ ഈ കമ്മിറ്റികളുടേയും അതുപോലെതന്നെ ശുപാർശകളും ഇതിൽ വന്നിട്ടുണ്ട്. പക്ഷേ, ചില ശുപാർശകൾ വന്നത് വകുപ്പിൽ വരുമ്പോൾ വാസ്തവത്തിൽ ഇനിയും പാളിച്ച പറ്റിയിട്ടുണ്ട്. ഞാൻ ചെറിയ ഒരു സംശയം ചോദിക്കുകയാണ്. ഇപ്പോൾ സ്പോർട്ട്സ് കൗൺസിലിന്റെ സെക്രട്ടറിയെ ഒരു ജോയിന്റ് സെക്രട്ടറിയുടെ യോഗ്യതയുള്ള ഒരാളാക്കണമെന്ന് വച്ചാൽ ഗവൺമെന്റിന് ഇഷ്ടമുള്ള ഒരാളെ ആരെവേണമെങ്കിലും ആക്കാം. നമ്മുടെ സ്പോർട്ടിസിന്റെ ഡയറക്ടർ സ്പോർട്ട്സ് കൗൺസിലിന്റെ സെക്രട്ടറിയായാൽ എന്താണ് കുഴപ്പം? അതുപോലെതന്നെ സ്പോർട്ട്സ് കൗൺസിലിന് മുഴുവൻ അധികാരവും കൊടുക്കണം. ഇന്ന് സ്പോർട്ട്സ് രംഗത്ത് നടക്കുന്ന പല തരത്തിലുള്ള മത്സരങ്ങളുമുണ്ട്. അത് പല ഏജൻസികളാണ് നടത്തുന്നത്. ആ ഏജൻസികളെ ഏകോപിപ്പിക്കാനുള്ള സംവിധാനമുണ്ടാകണം. അതിന് സ്പോർട്ട്സ് ഡയറക്ടറേറ്റിന്റെ വലിയ ഒരു പങ്കാളിത്തം ആവശ്യമുണ്ട്. ഇന്ന് മത്സരങ്ങളൊക്കെ സംഘടിപ്പിക്കുമ്പോൾ സംസ്ഥാനടിസ്ഥാനത്തിലും ജില്ലാടിസ്ഥാനത്തിലുമൊക്കെയുള്ളത് നടത്തുന്നത് വിവിധ ഏജൻസികളാണ്. എസ്.സി/എസ്.ടി. വകുപ്പിന്റെ വക എസ്.സി./എസ്.ടി.കളുടെ ഒരു സ്പോർട്ട്സ് ഉണ്ട്. അതുപോലെതന്നെ മറ്റ് തരത്തിലുള്ള സ്പോർട്ട്സ് ഉണ്ട്. ഇത് ഒരു ഏജൻസിയുടെ കീഴിൽ ഒരു വകുപ്പിന് നടത്താം. ഇന്ന് സ്കൂളുകളിൽമാത്രം ട്രെയിനിംഗ് കൊടുക്കുകയാണ്. പുറമേ നിന്നുള്ള എത്രയോ

LIBRARY ARCHIVES Kerala Legislative Assembly

മിടുക്കന്മാരായ സ്പോർട്ട്സ് താരങ്ങളുണ്ട്. ഐ.എം. വിജയന്റെ കാര്യംതന്നെ എടുക്കാം. കഷ്ടിച്ച് 10-ാം ക്ലാസ്സ് എത്തിയിട്ടേയുള്ളൂ. ഐ.എം. വിജയന് ട്രെയിനിംഗ് കിട്ടിയത് 1982 കാലഘട്ടത്തിലാണെന്ന് തോന്നുന്നു. സ്കൂളുകളിൽ Palace- ഗ്രൗണ്ടിൽ കളിക്കുന്ന കുട്ടികൾക്ക് അതിന്റെ അടിസ്ഥാനത്തിൽ കോച്ചിംഗ് ക്യാമ്പ് കൊടുത്തു. അതിന്റെ അടിസ്ഥാനത്തിൽ അയാൾക്ക് ഇന്ത്യയുടെ ടീമിന്റെ ക്യാപ്റ്റൻ വരെയാകാൻ സാധിച്ചു. അങ്ങനെ സ്ക്കൂളുകളിലും കോളേജുകളിലുമല്ലാത്ത സ്പോർട്ട്സ്മാന്മാരെ കണ്ടെത്താൻ നമ്മൾ ഇന്ന് ശ്രമിക്കുന്നില്ല. അവർക്കുവേണ്ട പ്രോൽസാഹനം കൊടുക്കുന്നില്ല. യൂണിവേഴ്സിറ്റി തലത്തിലും സ്കൂൾതലത്തിലും മാത്രം ഇത് നടത്തിയിട്ട് കാര്യമില്ല. കേരളോത്സവം പോലുള്ള ഉത്സവങ്ങളിൽനിന്ന് വരുന്ന പ്രഗത്ഭന്മാരായിട്ടുള്ള സ്പോർട്ട്സ്താരങ്ങളെ കണ്ടുപിടിക്കാൻ സാധിക്കുന്നുണ്ടോ? സാധിക്കുന്നില്ല.

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, ഗ്രാമീണതലത്തിലുള്ള കായികതാരങ്ങളെ കണ്ടുപിടിക്കുകയെന്നുള്ള ഉദ്ദേശം അങ്ങ് പറഞ്ഞതുകൊണ്ട് ഞാൻ സൂചിപ്പിക്കുകയാണ്. തൃശ്ശൂർ ജില്ലാ സ്പോർട്ട്സ് കൗൺസിലിലെ ഒരു മെമ്പർകൂടിയാണ് ഞാൻ. ജില്ലാ സ്പോർട്ട്സ് കൗൺസിൽ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടുകൂടി യുവജനക്ഷേമവകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണന്റെ നേതൃത്വത്തിൽ തൃശ്ശൂർ ജില്ലയിലെ എല്ലാ പഞ്ചായത്തുകളും ചേർന്ന് നടത്തിയ ഫുട്ബാൾ മത്സരത്തിൽ ആയിരക്കണക്കിന് കായികതാരങ്ങൾ പങ്കെടുത്തു. അത് വളരെ പ്രോത്സാഹജനകമായിരുന്നു. ആ രീതിയിലുള്ള പരിപാടി സംസ്ഥാനാടിസ്ഥാനത്തിൽ നടപ്പാക്കിയാൽ കൂടുതൽ ഗ്രാമീണ യുവാക്കൾക്ക് അവസരമുണ്ടാകും. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. കെ.പി. വിശ്വനാഥൻ : സർ, ഞാൻ സൂചിപ്പിച്ചത് അതാണ്. ശ്രീ. കെ.പി. രാജേന്ദ്രൻ പറഞ്ഞ കാര്യങ്ങളോട് ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. അതേയവസരത്തിൽ ജില്ലാ പഞ്ചായത്തുകളും മറ്റും നടത്തുന്നതിന് പകരം നമ്മുടെ ഒരു ഏജൻസിയുടെ കീഴിൽ കൊണ്ടുവരണം. കേരളാ സ്പോർട്ട്സ് കൗൺസിൽ അതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള ജില്ലാ സ്പോർട്ട്സ് കൗൺസിലുമായി ബന്ധപ്പെട്ടാൽ അതിൽനിന്ന് നമുക്ക് ആളുകളെ സെലക്ട് ചെയ്യാൻ സാധിക്കും. ഇപ്പോൾ ഏജൻസികൾ വ്യത്യാസമാണ്. അത് നിങ്ങൾ നടത്തി; അവർ അവരുടെ വഴിക്ക് പോകുന്നു. ഇത് സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ അറിയുന്നില്ല. നമ്മുടെ സ്പോർട്ട്സ് ഡയറക്ടറേറ്റ് അതിനെക്കുറിച്ച് അറിയുന്നില്ല. അപ്പോൾ അതിനെ ഏകോപിപ്പിക്കാനുള്ള ഒരു സംവിധാനമുണ്ടാകണം. അതിന് സ്പോർട്ട്സ് കൗൺസിൽ മാത്രമാണുള്ളത്. അതുകൊണ്ട് ആ സ്പോർട്ട്സ് കൗൺസിലിൽ കുറ്റമറ്റ സംവിധാനമുണ്ടാകണം.

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, ബഹുമാനപ്പെട്ട മെമ്പർ ഈ ബിൽ നന്നായി പഠിച്ചാണ് അവതരിപ്പിക്കുന്നത്. അതിൽ സന്തോഷമുണ്ട്. പക്ഷേ, സ്പോർട്ട്സ് രംഗത്ത് ഉയർന്നുവരുന്ന പ്രതിഭകൾക്ക് കേന്ദ്ര തലത്തിലായാലും സംസ്ഥാനതലത്തിലായാലും ജോലി കൊടുക്കുന്ന നടപടികളുണ്ട്. ജോലി കിട്ടിക്കഴിഞ്ഞാൽ പിന്നെ ജോലിയിൽ മാത്രം കേന്ദ്രീകരിക്കുകയും സ്പോർട്ട്സിനെ വിസ്മരിക്കുകയും ചെയ്യുന്ന അനുഭവങ്ങൾ നമ്മുടെ സംസ്ഥാനത്ത് ധാരാളമുണ്ട്. അവർക്ക് ജോലി കിട്ടിയാലും സ്പോർട്ട്സ് രംഗത്ത് അവരുടെ കഴിവ് ഉപയോഗിക്കത്തക്കവിധത്തിലുള്ള എന്തെങ്കിലും നിർദ്ദേശം അങ്ങേയ്ക്ക് വയ്ക്കാനുണ്ടോ?

742/2010.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. വിശ്വനാഥൻ : സർ, ബഹുമാനപ്പെട്ട സി.പി. ബാലൻ വൈദ്യർ പറഞ്ഞത് ഇവിടെ നടക്കുന്ന കാര്യമാണ്. പക്ഷേ, എടുക്കുന്ന ഇൻസ്റ്റിറ്റ്യൂഷൻസ് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് അല്ലെങ്കിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നിവയുണ്ട്. ഇപ്പോൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ വോളിബാൾ ടീമിലേക്ക് ആളുകളെ എടുക്കുന്നുണ്ട്. ആ ബാങ്കിന്റെ മാനേജ്മെന്റ് അതിനുവേണ്ടി അവരെ പ്രോൽസാഹിപ്പിക്കാനും അവർക്ക് ആ കളിയിൽ കോൺസെൻട്രേറ്റ് ചെയ്യാനുമുള്ള അവസരം കൊടുക്കണം. അല്ലാതെ അവരെ പണിയെടുപ്പിക്കുകയല്ല വേണ്ടത്. ഉദാഹരണത്തിന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ആരെങ്കിലും വന്നാൽ അവരെ പിടിച്ച് പോസ്റ്റിന്റെ മുകളിൽ കയറ്റും. അവർ അവിടെനിന്ന് മറിഞ്ഞുവീഴുകയും ചെയ്യും. അവസാനം അവർക്ക് സ്പോർട്സിലൊന്നും പങ്കെടുക്കാൻ കഴിയുകയില്ല. അപ്പോൾ ഈ എടുക്കുന്ന സ്ഥാപനങ്ങളോട് അക്കാര്യത്തിലുള്ള പ്രതിബദ്ധതയാണ്. വാസ്തവത്തിൽ മുഖ്യകാര്യം. ഇവിടെ സ്പോർട്സ് താരങ്ങൾക്ക് ജോലികൊടുക്കുവാൻ വേണ്ട കാര്യങ്ങളൊക്കെ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. അതനുസരിച്ച് അവരെ എടുക്കണമെന്ന് പറഞ്ഞിട്ട് കാര്യമില്ല. അവരെ ജോലികൊടുത്ത് അവർക്ക് ശമ്പളംകൊടുത്ത് അവർക്ക് ആവുന്നിടത്തോളം കാലം കളിക്കാനും ആ കളിക്ക് വേണ്ട പ്രോൽസാഹനംകൊടുക്കാനും ആ സ്ഥാപനങ്ങൾ താല്പര്യമെടുത്താൽ മാത്രമേ കാര്യങ്ങൾ ശരിയായി നടക്കുകയുള്ളൂ. അതാണ് ഇവിടത്തെ പ്രധാനപ്രശ്നം.

ശ്രീ. കെ.സി. ജോസഫ് : സ്പോർട്സിൽ വേണ്ടത്ര താല്പര്യമെടുത്തുകൊണ്ടാണ് ഇവിടെ ദീർഘനാളുകളായി കാത്തിരുന്ന സ്പോർട്സ് ബിൽ കൊണ്ടുവന്നിട്ടുള്ള്. ആ സ്പോർട്സ് ബില്ലിൽ നിലവിലുള്ള കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനും ജില്ലാ കൗൺസിലിനും പുറമേ കോർപ്പറേഷൻ, മുനിസിപ്പൽ, ടൗൺലെവലിലൊക്കെ കൗൺസിലുകളുണ്ടാക്കിയിട്ടുണ്ട്. അതിന്റെ അംഗത്വം പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയുന്നത് അതിൽ മേയർ, പോലീസ് കമ്മീഷണർ, പി.ഡബ്ളിയു.ഡി. എക്സിക്യൂട്ടീവ് എൻജിനീയർ, ആർ.ജെ.ഡി., മുനിസിപ്പൽ കോർപ്പറേഷന്റെ സെക്രട്ടറി, വിദ്യാഭ്യാസവകുപ്പിന്റെ ഡെപ്യൂട്ടിഡയറക്ടർ, തഹസീൽദാർ എന്നിങ്ങനെ കുറേ ഉദ്യോഗസ്ഥന്മാരെ അവിടെ കൊണ്ടുവന്ന് പ്രതിഷ്ഠിച്ചിട്ടുണ്ട്. അവരെ അങ്ങനെ അവിടെ പ്രതിഷ്ഠിച്ചതുകൊണ്ട് ഈ മേഖല നന്നാകാൻ പോകുന്നുണ്ടോ? ഇവിടത്തെ സ്പോർട്സ് രംഗം കീഴടക്കാനായി കുറേ കടൽകിഴവൻമാരുണ്ട്. അവരെക്കൂടി ഈ മേഖലയിൽനിന്നും പറിച്ചെറിയാതെ ഈ മേഖല സംശുദ്ധമാക്കാൻ കഴിയുമോ?

ശ്രീ. കെ.പി. വിശ്വനാഥൻ : ഈ മേഖല സംശുദ്ധമാക്കാൻ കഴിയുമെന്നുള്ള വിശ്വാസമൊന്നും അവരെ പ്രതിഷ്ഠിച്ചതുകൊണ്ട് ഉണ്ടാവുമെന്ന് ഞാൻ കരുതുന്നില്ല.

ശ്രീ. എം.വി. ഗോവിന്ദൻമാസ്റ്റർ : സർ, ഒന്നു ചോദിച്ചുകൊള്ളട്ടെ, കേരളത്തിലെ സ്പോർട്സ് ആന്റ് ഗെയിംസ് മേഖലയിൽ അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ സ്ഥായിയായിട്ട് ചില ആളുകളുടെ കൈയിൽ ഏല്പിച്ചുകൊടുക്കുകയും മറ്റുള്ളവർക്ക് അഫിലിയേഷൻപോലും കൊടുക്കാതെ വന്നതുമൂലം ഒരുപാട് സ്പോർട്സ് സംഘടനകൾ, അതുപോലെ അസോസിയേഷനുകൾ അവയുടെ പ്രവർത്തനംതന്നെ നിർത്തിയിട്ടുണ്ട്. അങ്ങനെ നിർത്തികൊണ്ട് വിശാലമായ പൊതുതാല്പര്യത്തോടുകൂടി നമ്മുടെ സ്പോർട്സ് മേഖലയെ കൈകാര്യംചെയ്യാൻ സാധിക്കുകയില്ലെന്ന് അങ്ങ് തന്നെ വിശദീകരിക്കുകയു

ണ്ടായി. എന്നാൽ ഞാൻ മറ്റൊരുകാര്യമാണ് ചൂണ്ടിക്കാണിക്കാൻ ഉദ്ദേശിക്കുന്നത്. കേരളത്തിന്റെ കായിക സംസ്ക്കാരം ഉറപ്പിച്ചുവെന്ന് നമുക്ക് അഭിമാനപൂർവ്വം പറയാൻ സാധിക്കുന്നതാണെന്നാണ് നമ്മൾ പറയുന്നത്. പക്ഷെ ജനങ്ങളിലുള്ള സ്പോർട്ട്സ് അവബോധം അല്ലെങ്കിൽ കായികാവബോധം കർണ്ണാടക സ്റ്റേറ്റിലുള്ളതിനേക്കാൾ പിന്നിലാണ് കേരളത്തിലെ ജനങ്ങളിലുള്ളത്. നമ്മുടെ കായികതാരങ്ങൾ സ്പോർട്ട്സിലും അതുപോലെതന്നെ ഗെയിംസിലും സമ്മാനങ്ങൾ വാങ്ങുന്നുണ്ട്, നേടുന്നുമുണ്ട്. അതുപോലെ തന്നെ നല്ല കായികപ്രതിഭകൾ ഈ രംഗത്ത് ഉയർന്നുവരികയും ചെയ്യുന്നുണ്ട്. പക്ഷേ നമ്മുടെ നാട്ടിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം കായിക സംസ്ക്കാരമെന്ന് പറയുന്നതുകൊണ്ട് വളരെവളരെ വിപുലമായ മാനസികതലമാണ് കേരളീയ ജനതാ സ്പോർട്ട്സിനോടും ഗെയിംസിനോടും കാണിച്ചുകൊണ്ടിരിക്കുന്നത്. അത് മാറ്റിയെടുക്കുന്നതിനുവേണ്ടി ഈ മേഖലയിൽ ഒരു വലിയ കായികസംസ്ക്കാരം ജനങ്ങളിലാകെ സൃഷ്ടിക്കുക എന്നതുകൂടി അതിന്റെ ഭാഗമായിട്ട് വരുന്നില്ലായെങ്കിൽ സ്പോർട്ട്സ് ആന്റ് ഗെയിംസിൽ വിജയിക്കുന്ന ആളുകളെപ്പറ്റി മാത്രം പറയാൻ കഴിയുന്ന ഒരു സാഹചര്യമുണ്ടാകും. അങ്ങനെ കായികരംഗത്ത് വിജയംകൊയ്യുന്നവരെക്കുറിച്ച് മാത്രം പറയാനേ നമുക്ക് സാധിക്കൂ എന്ന കാര്യം അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ; ഇതേക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. കെ.പി. വിശ്വനാഥൻ</u> : ഇവിടെയിപ്പോൾ ശ്രീ. ഗോവിന്ദൻമാസ്റ്റർ പറഞ്ഞ കാര്യത്തോട് പൂർണ്ണമായും യോജിക്കുന്ന ഒരാളല്ല ഞാൻ. ഇതേക്കുറിച്ച് നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് നല്ല അവബോധമുണ്ട്. പക്ഷേ ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിലെ ചില പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ സ്കൂൾ വിദ്യാഭ്യാസകാലത്ത് നമ്മുടെ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കളിക്കാനുള്ള സമയം വേണ്ടത്ര കിട്ടുന്നില്ല. അതുകൊണ്ട് കുട്ടികൾക്ക് കായികരംഗത്തോട് ഒരു താല്പര്യമുണ്ടാക്കിയെടുക്കാനുള്ള പ്രേരണ ചെലുത്താൻ നമ്മുടെ മാതാപിതാക്കൾ എന്നുപറയുന്ന പൊതുജനം അവരാരുംതന്നെ തയ്യാറല്ല. അതുകൊണ്ടാണ് ഈ പ്രശ്നം കൂടുതലായി വരുന്നത്. ഇവിടെ ശ്രീ. കെ.സി. ജോസഫ് പറഞ്ഞകാര്യത്തോട് ഞാൻ പരിപൂർണ്ണമായും യോജിക്കുന്നു. മുനിസിപ്പൽ ചെയർമാൻമാർ അതുപോലെതന്നെ മുനിസിപ്പൽ ചെയർപേഴ്സൺസ്, വില്ലേജ് ഓഫീസർമാർ, തഹസീൽദാർമാർ, അതുപോലെതന്നെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, അവരൊന്നും വിചാരിച്ചാൽ നമ്മുടെ സ്പോർട്ട്സ് രംഗം രക്ഷപ്പെടുകയില്ല. അവരൊക്കെ വേണം. പക്ഷേ ജില്ലാ കൗൺസിലിന്റെ പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നൊക്കെ ഇതിനകത്ത് പറഞ്ഞിരിക്കുകയാണ്. ഇതുവരെ അത് ഡിസ്ട്രിക്റ്റ് കളക്ടറായിരുന്നു. വാസ്തവത്തിൽ അങ്ങനെയല്ലേ വേണ്ടത്? ഞാൻ പറയുന്നത് രജിസ്ട്രേഷന്റെ അഫിലിയേഷന്റെ സിസ്റ്റം തന്നെ മാറ്റണമെന്നാണ്. ഞാൻ ചോദിക്കട്ടെ ഏതെങ്കിലും ക്ളാസിന് അഫിലിയേഷൻ കിട്ടാനുള്ള അർഹതയ്ക്ക് ഒരു മാനദണ്ഡം വയ്ക്കണം. പത്തോ ഇരുപതോ സംഘടനകൾ, നമുക്കിപ്പോൾ സ്പോർട്ട്സ് കൗൺസിൽ അഫിലിയേഷൻ കൊടുക്കുന്ന സംഗതി ഉണ്ടെന്നുവയ്ക്കുക, ഉദാഹരണത്തിന് വോളിബോളിന് ഒരു പത്തുക്ലബ്ബുകൾ ഉണ്ടെന്ന് വയ്ക്കുക, ആ പത്ത് ക്ലബ്ബിനും അഫിലിയേഷൻ കൊടുക്കാം. പക്ഷേ വോട്ടിംഗ് റൈറ്റ് കൊടുക്കുന്നത് ഏതെങ്കിലും ക്ളബ്ബുകൾ അവരുടെ ഏതെങ്കിലും തരത്തിലുള്ള പ്രാഗൽഭ്യം തെളിയിക്കാൻ സാധിക്കുക, അതുപോലെ ഏതെങ്കിലും ഡിസ്റ്റിംങ്ഷൻ കിട്ടുന്ന ക്ളബ്ബുകൾക്ക് മാത്രമേ വോട്ടിംഗ് റൈറ്റ് കൊടുക്കാൻ പാടുള്ളൂ. ഇപ്പോൾ വെറും കട

LIBRARY ARCHIVES Kerala Legislative Assembly

ലാസ് സംഘടനകളാണ് സ്പോർട്ട്സ് കൗൺസിൽ ഭരിക്കുന്നത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഇപ്പോൾ ആകെ കച്ചവടക്കാരാണ് സ്പോർട്ട്സ് രംഗത്ത് പ്രവർത്തിക്കുന്നതെന്ന്. അതുകൊണ്ട് എനിക്ക് ഒരു സജഷൻ പറയാനുള്ളത് നമുക്ക് ഓരോ ഗെയിംസിന്റെ കാര്യമെടുത്താലും അത് ബാസ്കറ്റ് ബാൾ ആയാലും, വോളിബാൾ ആയാലും, ഹോക്കി ആയാലും ഏത് ഗെയിമായാലും അതിനൊക്കെ നമുക്ക് എത്ര സംഘടനകൾക്ക് വേണമെങ്കിലും രജിസ്ട്രേഷൻ കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കാം. അവർക്ക് അഫിലിയേഷൻ കൊടുക്കാം. പക്ഷേ ജില്ലാ സ്പോർട്ട്സ് കൗൺസിലും സംസ്ഥാന സ്പോർട്ട്സ് കൗൺസിലും അവർക്ക് കൊടുക്കുന്ന വോട്ടിംഗ് റൈറ്റ് ഭരിക്കാനുള്ള അവകാശം കിട്ടുന്ന ആളുകൾ യഥാർത്ഥ സ്പോർട്ട്സ്മാൻമാർ ആയിരിക്കണം. ഇതിൽ കുറച്ച് ഗൗരവം കാണിക്കണം. അതുപോലെതന്നെ നമുക്കറിയാം സ്പോർട്ട്സ്രംഗം നമുക്ക് ഇന്ന് അതിന്റെ എക്സ്ട്രാ ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങളൊക്കെ കുറവാണ്. നമുക്കു വേണ്ടത്ര ഗ്രൗണ്ടുകളില്ല. പരിശീലനകേന്ദ്രങ്ങളില്ല, നമുക്കാവശ്യത്തിനുള്ള കോച്ചുകളില്ല, അഥവാ ഉണ്ടെങ്കിൽതന്നെ അവർ ഒരു ഡിവോട്ടഡ് ആയിട്ടുള്ള ആളുകളല്ല, കാശ് മാത്രമാണ് ലക്ഷ്യം. അങ്ങനെയുള്ള കാര്യങ്ങളുണ്ട്. അതുകൊണ്ട് നമുക്ക് ഇപ്പോൾ ഫുട്ബാളിന്റെ കാര്യമെടുക്കാം. ഒരു ജില്ലയിൽ പത്തോ പന്ത്രണ്ടോ സെന്റേഴ്സ് സെലക്ടു ചെയ്യുക, എല്ലായിടത്തും വ്യാപകമായിട്ട് ഇത് നടത്തിയിട്ട് കാര്യമില്ല. അതിന് പ്രത്യേകിച്ച് പ്രശസ്തിയാർജ്ജിച്ചിട്ടുള്ള ചില പ്രവർത്തനങ്ങളുണ്ടാവും. അവിടെ കോൺസൻട്രേറ്റ് ചെയ്ത് അവിടേക്ക് ആവശ്യമായിട്ടുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. അതിനാവശ്യമായിട്ടുള്ള എല്ലാവിധത്തിലുള്ള സൗകര്യങ്ങളും അവിടെ ചെയ്തുകൊടുക്കണം. അങ്ങനെ അവിടെ കോൺസൻട്രേറ്റ് ചെയ്ത് അവർക്ക് നല്ല നിലയിലുള്ള കോച്ചിംഗ് അതുപോലെ ട്രെയിനിംഗ് കൊടുക്കുക, അത് ഓരോ ഗെയിംസിന്റെയും ബാസ്കറ്റ് ബാൾ ആണെങ്കിലും ഹോക്കി ആണെങ്കിലും അതിനൊക്കെ താല്പര്യമുള്ള ചില സെന്റേഴ്സുണ്ട്. ഞാൻ നേരത്തെ പറഞ്ഞല്ലോ, കുന്ദംകുളത്തെ കാര്യം. ഞങ്ങളൊക്കെ ചെറുപ്പത്തിൽ കുന്ദംകുളം, ആലപ്പുഴ തുടങ്ങിയ സ്ഥലങ്ങളിലാണ് ബാസ്കറ്റ് ബാൾ കളിച്ചിട്ടുള്ളത്. അതുപോലെ തൃശ്ശൂരിലാണെങ്കിൽ വോളിക്ക് നല്ല സ്ക്കോപ്പുണ്ട്. നല്ല കളിസ്ഥലവുമുണ്ട്. കൺടശ്ശാകടവ് പോലുള്ള സ്ഥലങ്ങളിൽ വോളിക്ക് നല്ല സ്ക്കോപ്പുണ്ട്. അങ്ങനെ ഓരോ ഗെയിംസിനും പ്രശസ്തിയാർജ്ജിച്ചിട്ടുള്ള സ്ഥലങ്ങളുണ്ട്. അതുപോലെ തൃപ്രയാർപോലുള്ള സ്ഥലങ്ങൾ, സെന്റ്ജോസഫ് കോളേജ്, ടീച്ചർ (പ്രൊഫ. സാവിത്രി ലക്ഷ്മണൻ) പഠിപ്പിച്ചുവരുന്ന ക്രൈസ്റ്റ് കോളേജ് അങ്ങനെ ചില പ്രത്യേക ഏരിയാസ് ഉണ്ട്. അപ്പോൾ അങ്ങനെയുള്ള സ്ഥലങ്ങളിൽ കോൺസൻട്രേറ്റ് ചെയ്തിട്ട് നമുക്ക് കുറേക്കൂടി പ്രോത്സാഹനങ്ങൾ അവിടേക്ക് നൽകിയാൽ അത് കുറേക്കൂടി ആ സ്ഥലങ്ങളിൽ നന്നായി നടക്കും. അതുപോലെ സ്പോർട്ട്സ് ഡയറക്ടറെ സ്പോർട്ട്സിന്റെ സെക്രട്ടറിയാക്കണം. അല്ലാതെ ജോയിന്റ് സെക്രട്ടറിയേയും മറ്റും വച്ചിട്ട് കാര്യമില്ല. ഇനിയെങ്കിലും അതുകൊണ്ട് അക്കാര്യം കുറ്റമറ്റതാക്കാനും ഇത് കൂറേക്കൂടി ഗൗരവത്തോടുകൂടി കൈകാര്യം ചെയ്യാനും സാധിക്കും. അതുപോലെതന്നെ ജഡ്ജസിന്റെ രൂപീകരണത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അതിൽ വാസ്തവത്തിൽ ഞാൻ ചോദിക്കട്ടെ, ലാ സെക്രട്ടറിയുടെ ആവശ്യമെന്താണ്? പൊന്നുരുക്കുന്നിടത്ത് പൂച്ചയ്ക്ക് എന്താണ് കാര്യം? ട്രൈബ്യൂണലാണെന്ന് വച്ചിട്ട് ലാ സെക്രട്ടറിയെ വയ്ക്കേണ്ട കാര്യമെന്താണ്? അങ്ങനെയാണെങ്കിൽ എന്നെ വച്ചാൽ പോരെ? ഞാനും ഒരു ലാ ഗ്രാജുവേറ്റ് അല്ലേ? ഞാൻ ചോദിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

അതല്ല, അതിന് ഡിസ്ട്രിക്റ്റ് ജഡ്ജി ആക്കണോ? അവിടെ ഗവൺമെന്റ് നോമിനി എന്നു വെറുതെ പറഞ്ഞാൽ പോരേ? സ്പോർട്സിൽ പ്രാഗൽഭ്യമുള്ള ആൾ എന്നുപറഞ്ഞാൽ പോരേ? അറ്റ്ലീസ്റ്റ് ഒരു നാഷണൽ ലെവലിലെങ്കിലും ഒരു അംഗീകാരം കിട്ടിയ ആളായിരിക്കണം ട്രൈബ്യൂണലിൽ വരേണ്ട ആൾ. എന്നാൽ ലാ സെക്രട്ടറിയേയും ഗവൺമെന്റ് വയ്ക്കുന്നു. സ്പോർട്ട്സ് രംഗത്ത് ഒരു പ്രഗത്ഭനേയും വേണ്ട. അപ്പോൾ പിന്നെ ഗവൺമെന്റിന്റെ താല്പര്യം സംരക്ഷിക്കുകയല്ലാതെ സ്പോർട്ട്സിന്റെ താല്പര്യം സംരക്ഷിക്കുമോ? ആരെവച്ചാലും കുഴപ്പമില്ല. ഞാൻ സ്പോർട്ട്സിൽ അല്പം താല്പര്യമുള്ള ആളാണ്. സ്പോർട്ട്സ്കൗൺസിൽ പ്രസിഡന്റും കുറച്ചു സ്പോർട്ട്സ്കാരനും സ്പോർട്ട് അംഗീകാരവുമുള്ള ആളാണ് ഞാൻ. അത് മതിയെന്നാണ് പറഞ്ഞത്. സ്പോർട്ട്സ് കൗൺസിലിന്റെ പ്രസിഡന്റിനെ വയ്ക്കുകയാണ് നല്ലത്. അതുകൊണ്ട് ഏതായാലും ബഹുമാനപ്പെട്ടമന്ത്രി ഇവിടെ കൊണ്ടുവന്ന ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. പക്ഷെ നമ്മുടെ സെലക്ട് കമ്മിറ്റിക്ക് വിടുമ്പോൾ കുറച്ചുസമയം എടുക്കും. മുൻവിധി ഇല്ലാതെ നമ്മൾ അവതരിപ്പിച്ച ബിൽ അതേപടി പാസ്സാക്കണം, അതിൽ യാതൊരുവിധ മാറ്റവും വരുത്തുകയില്ലായെന്നുള്ള പിടിവാശി ബഹുമാനപ്പെട്ട മന്ത്രി എടുക്കരുത്, വിട്ടുവീഴ്ച അക്കാര്യത്തിൽ ചെയ്യണം, ഇതുമായി ബന്ധപ്പെട്ട അനേകായിരങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. നല്ല പ്രഗത്ഭന്മാരായിട്ടുള്ള സ്പോർട്ട്സ് രംഗത്തിന് വളരെയേറെ സംഭാവനകൾ ചെയ്തിട്ടുള്ള ആളുകളുണ്ട്. അവരുടെയൊക്കെ അഭിപ്രായങ്ങളാരാഞ്ഞുകൊണ്ട് ഇത് ഒരു നല്ല കുറ്റമറ്റ ബില്ലാക്കി മാറ്റി പാസ്സാക്കി എടുക്കാൻ അങ്ങ് മുൻകൈ എടുക്കണമെന്ന് മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : സർ,. ഈ ബിൽ കൊണ്ടുവന്നത് ഏതായാലും സ്വാഗതാർഹമായിട്ടുള്ള സംഗതിയാണ്. ഇവിടെ എനിക്കുമുമ്പ് പ്രസംഗിച്ച ശ്രീ. കെ.പി. വിശ്വനാഥൻ പറഞ്ഞതുപോലെ ഈ ബിൽ കൊണ്ട് ഉദ്ദേശിക്കുന്നതുപോലെ സ്പോർട്ട്സ് രംഗത്ത് മാറ്റങ്ങളുണ്ടാക്കി എടുക്കാൻ പര്യാപ്തമല്ല. ഇതിന്റെ ഉദ്ദേശ്യങ്ങൾ പൂർണ്ണമായും നിറവേറ്റപ്പെടുകയില്ലെങ്കിലും ഇതൊരു നല്ല സംരംഭമാണ്. ഇതിനുവേണ്ടി വളരെയേറെ കൊല്ലങ്ങളായി നടന്നുകൊണ്ടിരിക്കുന്ന പരിശ്രമമാണ് ഇന്ന് ഈ വിധത്തിൽ ഒരു ബിൽ ഇവിടെ കൊണ്ടുവരാൻ കഴിഞ്ഞതിന്റെ പിന്നിലുള്ളത്. എന്റെ അറിവ് ശരിയാണെങ്കിൽ 1971-ൽ ജസ്റ്റീസ് വി.ആർ കൃഷ്ണയ്യർ ചെയർമാനായിട്ടുള്ള സമിതി സ്പോർട്ട്സ് വികസന പദ്ധതി തയ്യാറാക്കിയിരുന്നു. അതിന്റെ ചുവട് പിടിച്ചുകൊണ്ട് ജസ്റ്റീസ് പരിപൂർണ്ണൻ തയാറാക്കിയ ഒരു മോഡൽ ബിൽ ഉണ്ടായിരുന്നു. അതുകഴിഞ്ഞ് 1985-ൽ ആണെന്ന് തോന്നുന്നു ഡോ. പി. എം. ജോസഫിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയുണ്ടായിരുന്നു. അവരും അതുസംബന്ധിച്ച് ശുപാർശചെയ്തിരുന്നു. ഇന്നിപ്പോൾ ആ നിയിത്തിന്റെ ബാക്ക് ഗ്രൗണ്ട് പറഞ്ഞതുപോലെ ഒരു എക്സ്പേർട്ട് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 'സ്പോർട്ട്സ് ഫോർ ഓൾ' എന്ന തത്വംവച്ചുകൊണ്ട് ഇപ്പോൾ ഈ നിയമം കൊണ്ടുവരികയാണ് ചെയ്തിട്ടുള്ളത്. ഈ നിയമത്തിൽ എന്തെല്ലാം പോരായ്മകളുണ്ടെങ്കിലും ഒരു നല്ല സംരംഭം എന്നുള്ള നിലയിൽ ഞാൻ ഇതിനെ സ്വാഗതംചെയ്യുകയാണ്. പക്ഷേ ഇതിലൊരു സംഗതി ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കേണ്ടതായിട്ടുണ്ട്.

സർ, ഈ ബില്ലിൽ അതിന്റെ ഉദ്ദേശലക്ഷ്യങ്ങളെല്ലാം പറഞ്ഞിട്ടുണ്ട്. സ്പോർട്ട്സ് ആന്റ് ഗെയിംസിന്റെ സമഗ്രമായ വികസനത്തെയും ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അഡ്മിനിസ്ട്രേറ്റീവ് സംവിധാനത്തെയും സ്പോർട്ട്സ് ഇൻഫ്രാസ്ട്രക്ചർ നന്നാക്കുന്നതിനെ സംബന്ധിച്ചും അതുപോലെതന്നെ ഇൻഫർമേഷൻ സെന്റ റുകൾ, സ്റ്റേഡിയം, പവലിയൻ, പ്ലേഗ്രൗണ്ട്, പാർക്ക്, ചിൽഡ്രൻസ് പാർക്ക്, സ്വിമ്മിംഗ്പൂൾ, ജിംനേഷ്യം എന്നിവയെ സംബന്ധിച്ചും ഇതിൽ പങ്കെടുക്കുന്ന ആളുകൾക്ക് സമ്മാനം, പാരിതോഷിക പ്രോത്സാഹനം എന്നിവയെ സംബ ന്ധിച്ചുമെല്ലാം വിശദമായിട്ട് പറഞ്ഞിട്ടുണ്ട്. സ്പോർട്ട്സ് റിസർച്ചിനെ സംബ ന്ധിച്ചും ഇന്റർ ഡിസ്ട്രിക്ട്, ഇന്റർ സ്റ്റേറ്റ്, ഇന്റർനാഷണൽ വരെയുള്ള മത്സര ങ്ങൾ സംഘടിപ്പിക്കുന്നതിനെ സംബന്ധിച്ചും പറഞ്ഞിട്ടുണ്ട്.

സർ, സ്പോർട്ട്സ് താരങ്ങളുടെ വെൽഫയർ കാര്യം ഒരുപാട് കാല മായി നമ്മൾ പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യമാണ്. രോഗിയാവുക, അംഗ വൈകല്യം വരിക അതുപോലുള്ള ആളുകളുടെ വെൽഫെയർ സംബന്ധിച്ച കാര്യങ്ങളെപ്പറ്റിയൊക്കെ ഇതിൽ പറഞ്ഞിട്ടുണ്ട്. ഈ പറയുന്ന എല്ലാ പർപ്പസും നിറവേറ്റാൻ ഈ നിയമം മതിയോ? അതാണ് ഇതിന്റെ മൗലികമായ പ്രശ്നം. ഈ നിയമം വായിച്ചാൽ ഇതിന്റെ എയിംസ് ആന്റ് ഒബ്ജക്ടീവ്സ് വളരെ മോശമാണ്. സ്പോർട്ട്സ് രംഗത്ത് വരണമെന്ന് ആഗ്രഹിക്കുന്ന മാറ്റങ്ങ ളെല്ലാം ഇതിൽ പറയുന്നുണ്ട്. പക്ഷെ ഇതിന്റെ വിവിധ ക്ളാസുകളിലൂടെ നോക്കുന്ന സമയത്ത് കാണാൻ കഴിയുന്ന ഒരു സംഗതി, നമ്മൾ കുറേ കമ്മിറ്റി കളും കൗൺസിലുകളും ഉണ്ടാകുന്നുവെന്നുള്ളതിൽക്കവിഞ്ഞ് മൗലികമായി പരിഹരിക്കപ്പെടേണ്ട കാര്യങ്ങളെപ്പറ്റിയുള്ള ഒരു വ്യക്തതയുടെ കുറവ് ഇതി ലുണ്ട്. അത് സെലക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യേണ്ട കാര്യമാണ്. നമ്മൾ ഒരു പാട് കമ്മിറ്റികളുണ്ടാക്കിയിട്ട് കാര്യമില്ല. If you dont's want to do a thing, then form a committee എന്നൊരു പ്രയോഗമുണ്ട്. അതുപോലെ നമുക്ക് ഒരു സംഗതി വേണ്ടെങ്കിൽ ഒരുപാട് കൗൺസിലുകളും സെറ്റപ്പും ഉണ്ടാക്കിയിട്ട് കാര്യമില്ല. ആ കൗൺസിലുകൾക്ക് ചെയ്യാനുള്ള കാര്യങ്ങൾ ചെയ്യുന്നതിന് ഈ നിയമം മതിയോ? അങ്ങനെ ഇതിനെപ്പറ്റി നോക്കുന്ന സമയത്ത് എനിക്ക് ആദ്യമായി ചൂണ്ടിക്കാണിക്കാനുള്ളത്, സമഗ്രമായ ഒരു സ്പോർട്ട്സ് ബിൽ കൊണ്ടുവരുന്ന സമയത്ത് എഡ്യൂക്കേഷണൽ ഡിപ്പാർട്ടുമെന്റുമായിട്ടുകൂടി, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽകൂടി നിയമനപരമായി പലതും നമുക്ക് നടപ്പിലാ ക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു സംവിധാനം ഇതിന് വേണ്ടതായിരുന്നു. ഇളംപ്രായത്തിൽതന്നെ കുട്ടികളെ സ്പോർട്ട്സ് രംഗത്തേയ്ക്ക് കൊണ്ടുവ രാൻ, catch them young എന്നുള്ള ഫോർമുലയെപ്പറ്റി ബഹുമാനപ്പെട്ട കെ.പി. വിശ്വനാഥൻ പറഞ്ഞു. വിദ്യാഭ്യാസംകൂടി കണക്കിലെടുത്തുകൊണ്ട് അവരുമാ യിട്ടുകൂടി കാര്യങ്ങൾ ചെയ്യാൻ പറ്റുന്ന വിധത്തിലുള്ള ഒരു നിയമ സംവിധാന ത്തോടുകൂടി വന്നാലെ catch them young ഒക്കെ ശരിയാവുകയുള്ളൂ. catch them young എന്നുള്ള നിലയിൽ കുട്ടികളെ ചെറുപ്പത്തിലേ പരിശീലിപ്പിച്ച് കൊണ്ടുവന്നില്ലെങ്കിൽ സ്പോർട്ട്സ് വികസനം സാദ്ധ്യമല്ല. അപ്പോൾ ഇതിന്റെ ഏറ്റവും വലിയ മൈനസ് പോയിന്റ് എന്നുപറയുന്നത് വിദ്യാഭ്യാസസ്ഥാപന ങ്ങളിൽകൂടി സമഗ്രമായി സ്പോർട്ട്സ് നയം നടപ്പിലാക്കുന്നതിനുള്ള കോ-ഓർഡിനേഷന്റെ അഭാവം ഈ നിയമത്തിലുണ്ടെന്നുള്ളതാണ്. അത് വളരെ പ്രധാനമായിട്ടുള്ള സംഗതിയാണ്. പാഠ്യേതര പദ്ധതി എന്നുള്ള സങ്കല്പ ത്തിൽനിന്നുമാറി, പാഠ്യപദ്ധതിയുടെ ഭാഗമാക്കിതന്നെ, ഇപ്പോൾ കെമിസ്ട്രി യുടെ ഭാഗമായിട്ട് ബയോമെക്കാനിസം തുടങ്ങിയുള്ള കോഴ്സുകൾ ഉള്ളതു പോലെ, സൈക്കോളജി, സ്പോർട്ട്സ് സൈക്കോളജിപോലുള്ളവ യൊക്കെത്തന്നെ കൊണ്ടുവന്ന് ഈ പറയുന്ന വിധത്തിലുള്ള കാര്യങ്ങളെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കാൻ പറ്റുന്നവിധത്തിൽ സ്കൂളുകളെക്കൂടി സജ്ജമാക്കുന്നവിധത്തിൽ ഒരു കോ-ഓർഡിനേഷൻ ഇതിലുണ്ടാകണം.

ശ്രീ. സി.പി. ബാലൻ വൈദ്യർ : മന്ത്രിയെന്നുള്ള അനുഭവം കൂടിവച്ചുകൊണ്ട് പറയുന്നുവെന്നാണ് എനിക്ക് തോന്നുന്നത്. അപ്പോൾ നമ്മുടെ സ്കൂളുകളിൽനിന്ന് ഇതിന്റെ അടിത്തറ തുടങ്ങണ്ടേ? സ്കൂളുകളിൽ ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകർ ഇല്ല. ശ്രീമതി പി.ടി. ഉഷയെപ്പോലുള്ള കായികതാരങ്ങളെ വളർത്തിയെടുത്തിട്ടുള്ള വിദ്യാലയങ്ങളിൽപോലും ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകർ ഇല്ല. അപ്പോൾ ഇതുപോലുള്ള പ്രശ്നങ്ങളുണ്ട്. അങ്ങും ഈ വകുപ്പ് കൈകാര്യം ചെയ്തിരിക്കുന്ന ആളല്ലേ? വിദ്യാലയങ്ങളിൽനിന്നുതന്നെ സ്പോർട്ട്സ് രംഗത്തുള്ള കഴിവ് വർദ്ധിപ്പിച്ചുകൊണ്ടുവരുന്നതിന് ഇതുകൂടെ സഹായകമാണെന്ന് അങ്ങ് കരുതുന്നുണ്ടോ?

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : തീർച്ചയായിട്ടും കരുതുന്നുണ്ട്. ബഹുമാനപ്പെട്ട സി.പി. ബാലൻ വൈദ്യർ പറഞ്ഞത് ശരിയാണ്. കായികാധ്യാപകരുടെ പ്രശ്നമുണ്ട്. ഞാൻ മന്ത്രിയായിരുന്ന കാലത്ത് അത് പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. ഞാൻ അത് അഡ്മിറ്റ് ചെയ്യുന്ന ആളാണ്. ഞാൻ മന്ത്രിയായിരുന്ന സമയത്തും കുറെയൊക്കെ ചെയ്തുവെന്നല്ലാതെ പൂർണ്ണമായിട്ടും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. അവരുടെ പ്രശ്നം ഗൗരവമുള്ളതുതന്നെയാണ്. സ്കൂളുകളിലെ കായികാധ്യാപകരുടെ പ്രശ്നംപരിഹരിക്കാൻ കഴിഞ്ഞയാളല്ല ഞാൻ. എനിക്ക് അത് പറയാൻ മടിയൊന്നുമില്ല. പക്ഷെ അത് ചെയ്യേണ്ടതാണ്. അന്നത്തെ ഗവൺമെന്റിന്റെ സാമ്പത്തിക ബാദ്ധ്യതയും മറ്റും എടുക്കുമ്പോൾ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചേഴ്സിനെ മുഴുവൻ അക്കോമഡേറ്റ് ചെയ്യാൻ പറ്റുന്ന സാഹചര്യം വന്നില്ല. അത് ഗൗരവമായി ചെയ്യേണ്ട കാര്യംതന്നെയാണ്. അങ്ങ് പറഞ്ഞത് ശരിയാണ്.

സർ, മന്ത്രി ഇവിടെ പറഞ്ഞത് വളരെ ശരിയാണ്. ഇന്ത്യയ്ക്ക് സ്പോർട്ട്സ് രംഗത്ത് വേണ്ടത്ര ഉയർന്നുവരാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഈ നൂറ്റാണ്ടിൽ ബാങ്കോക്കിൽവച്ച് നടന്ന അവസാനത്തെ ഒളിമ്പിക്സിന്റെ ചരിത്രമടക്കം പരിശോധിച്ചാൽ ഇന്ത്യയ്ക്ക് സത്യത്തിൽ ഉന്നതമായ സ്ഥാനത്തേക്ക് പോകാൻ കഴിഞ്ഞിട്ടില്ല. പക്ഷേ ഇന്ത്യയ്ക്കുള്ളിൽ നമുക്ക് നല്ല സ്ഥാനമാണ്. അതിൽ ഓരോ കേരളീയനും ബഹുമാനപ്പെട്ട മന്ത്രിക്കും ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും കേരളത്തിനാകെയും അഭിമാനിക്കാൻ കഴിയും. 1985-ൽ ഡൽഹിയിലെ നാഷണൽ ഗെയിംസിൽ വെറും 35 മെഡലുകൾ കിട്ടിയ നാം തിരുവനന്തപുരത്ത് 68 മെഡലുകളിലേക്ക് ഉയർന്ന് പൂനയിൽ പിന്നെയും താഴോട്ടുപോയി 46 മെഡലായി, ബാംഗ്ളൂരിൽ 65 മെഡലായി, അവസാനം മണിപ്പൂരിൽനിന്ന് 108 മെഡലുകളുമായിട്ടാണ് കേരളം തിരിച്ചുവന്നത്. മണിപ്പൂരിൽ 108 മെഡലുകൾ മാത്രമല്ല, ഓവർ ആൾ ചാമ്പ്യൻഷിപ്പ് തന്നെ നമുക്ക് കിട്ടുമായിരുന്നു. പക്ഷെ, നിർഭാഗ്യവശാൽ സ്പോർട്ട്സ് രംഗത്തും ഇപ്പോൾ ചീത്തയായ ചില പ്രവണതകൾ കാണുന്നുണ്ട്. ഗുസ്തിയിൽ നമ്മൾ ഇന്റർനാഷണൽ അടിസ്ഥാനത്തിൽ ജയിച്ചുവരുന്നില്ലെങ്കിലും സ്പോർട്ട്സിനകത്തെ ഗുസ്തിയിൽ നമ്മൾ മിടുക്കൻമാരാണ്. മണിപ്പൂരിൽ നമുക്ക് ട്രോഫി നഷ്ടപ്പെട്ടത് സത്യത്തിൽ വികൃതി കൊണ്ടാണല്ലോ, നമ്മുടെ പോരായ്മ കൊണ്ടാണല്ലോ? നമുക്ക് 108 മെഡലുകൾ കിട്ടി. നമ്മൾ മുന്നോട്ടു പോയെങ്കിൽതന്നെയും നമ്മുടെ മെഡൽ തട്ടിപ്പറിക്കാൻ വേണ്ടിയുള്ള, ഓവർ ആൾ ചാംപ്യൻഷിപ്പ് നഷ്ടപ്പെടുത്താൻവേണ്ടിയുള്ള ചരടുവലി മണിപ്പൂരിൽനടന്നത് സത്യത്തിൽ ഇന്ത്യൻ സ്പോർട്ട്സിന് അപമാനമാണ്. സ്പോർട്ട്സ്

LIBRARY ARCHIVES Kerala Legislative Assembly

സ്പിരിറ്റ് എന്നു നമ്മൾ പറയുന്നു. പക്ഷെ, ആ സ്പോർട്ട്സ്. സ്പിരിറ്റ് മണിപ്പൂരിൽ കളിക്കളത്തിൽ വസ്ത്രാക്ഷേപം ചെയ്യുകയായിരുന്നുവെന്ന് നമുക്ക് കാണാൻ സാധിക്കും. അപ്പോൾ നമ്മുടെ സ്ഥിതി മോശമല്ല. ഇന്ത്യയെ സംബന്ധിച്ചിടത്തോളം നമ്മുടെ സ്ഥിതി വളരെ മെച്ചപ്പെട്ടതാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഗ്രാമപ്രദേശങ്ങളിൽ എത്രയോ പ്രതിഭകളുണ്ട്. ഞാൻ മന്ത്രിയായിരുന്ന സമയത്ത് എന്റെ നാട്ടിൽനിന്നുള്ള ഒരു കുട്ടി പോൾ വാൾട്ടിന് സമ്മാനം നേടി. ഞാൻ അത്ഭുതപ്പെട്ടുപോയി. ആ കുഞ്ഞൊക്കെ എന്റെ ഗ്രാമത്തിലുണ്ടായിരുന്നുവെന്ന് എനിക്കുപോലും അറിയുകയില്ലായിരുന്നു. എത്രയോ കഴിവുള്ള കുട്ടികളുണ്ട്. അവരെ വളർത്തികൊണ്ടുവരാൻ നമുക്ക് കഴിയുന്നില്ല. എന്നെ സ്വാധീനിച്ച ഒരു കവിയാണ് വേർഡ്സ്വർത്ത്. അദ്ദേഹത്തിന്റെ ഒരു കവിതയുടെ മലയാളം ഞാൻ ഇവിടെ വായിക്കുകയാണ്. ''എത്രയെത്ര മനോഹരമായ പുഷ്പങ്ങൾ വനഭൂമിയുടെ വിജനതയിൽ ആരോരുമറിയാതെ കരിഞ്ഞുവീഴുന്നു, എത്രയെത്ര മണിമുത്തുകൾ ആഴിയുടെ അഗാധതയിൽ ആരോരുമറിയാതെ ഉറങ്ങിക്കിടക്കുന്നു.'' വേർഡ്സ് വർത്ത് പറഞ്ഞത് ശരിയാണ്. എത്രയോ കഴിവുള്ള കുട്ടികൾ പ്രോൽസാഹനം കിട്ടാതെ ഈ രംഗത്തേയ്ക്ക് വരികയാണ്. അവരെ കൊണ്ടുവരാൻ വേണ്ടിയുള്ള ഗൗരവമായിട്ടുള്ള വർക്ക് നമ്മൾ ചെയ്യണം. എത്രയെത്ര പദ്ധതികളുണ്ട്. ഞാൻ മന്ത്രിയെ ആക്ഷേപിക്കുകയല്ല. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ഇത് വന്നുവെന്നുമാത്രമേയുള്ളൂ.

സർ, ഓപ്പറേഷൻ ഒളിമ്പിയയെപ്പറ്റി ഒരുപാട് കാലമായി നമ്മൾ പറയുകയാണ്. പക്ഷെ ഓപ്പറേഷൻ ഒളിമ്പിയപ്രകാരം ചെയ്യേണ്ട കാര്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഫലപ്രദമായി ഇന്നും നീങ്ങുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ശ്രീ. ഷൺമുഖദാസ് സ്പോർട്ട്സ് വകുപ്പുമന്ത്രിയായതിനുശേഷമല്ല, വർഷങ്ങളോളമായി ഈ പദ്ധതി ഫലപ്രദമായി നമ്മുടെ രാജ്യത്ത് നടക്കുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം.

സർ, 'സായ്' - സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ പല പരിപാടികളുമുണ്ട്. ഒന്നാമത്തെ കാര്യം, സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ പരിപാടികളിൽ അപ്രായോഗികതയുണ്ട്. ഗ്രൗണ്ട് ഉണ്ടാക്കാൻ അവർക്ക് ഒരു സ്കീമുണ്ട്. ഇപ്പോൾ അത് പരിഷ്ക്കരിച്ചോയെന്ന് അറിയുകയില്ല. 50 ശതമാനമോ അല്ലെങ്കിൽ ഒരു ലക്ഷംരൂപയോ അവർ കൊടുക്കും. എന്നിട്ട് ബാക്കി ലോക്കൽബോഡീസ് കണ്ടെത്തണം. നടക്കുകയില്ല സർ. എത്ര പരിപാടികളാണ് പെൻഡിംഗിൽ കിടക്കുന്നത്? സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ നാഷണൽ എഡ്യൂക്കേഷൻ പോളിസി എന്നൊക്കെ പറയുന്നുണ്ട്. പക്ഷെ സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ പദ്ധതികൾ പ്രായോഗികമല്ല. അത് ഗൗരവമായി കണക്കിലെടുത്ത് ഈ ഗ്രൗണ്ടുകൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള 'സായ്' യുടെ പദ്ധതിയിൽ ആവശ്യമായ മാറ്റം വരുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ മനസ്സിലാക്കുന്നത് 1986-ൽ കേന്ദ്ര ഗവൺമെന്റിന്റെ Comprehensive Sports Complex Scheme എന്ന ഒരു പദ്ധതിയുണ്ടായിരുന്നുവെന്നാണ്. കേരളം അതിൽ പലവിധത്തിലുള്ള പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടായിരുന്നു. അതിന്റെ ക്ളിയറൻസ് കിട്ടിയോയെന്ന് അറിയുകയില്ല. സമഗ്രമായ സ്പോർട്ട്സ് വികസനത്തെ സംബന്ധിച്ച കാര്യങ്ങൾ 1986 -ലാണ് കേരളം സമർപ്പിച്ചിട്ടുള്ളത്. അടുത്ത കാലത്ത് അതിൽ എന്തെങ്കിലും മാറ്റം വന്നോയെന്ന് എനിക്കറിയുകയില്ല. അതിന്റെ ക്ളിയറൻസ് നമുക്ക് ഇതുവരെ കിട്ടിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, 'സായ്' യുടെ സ്കീമിനെപ്പറ്റി ഞാൻ ഇവിടെ പറഞ്ഞു. 'സായ്' യുടെ സ്കീമുകൾ മാത്രമല്ല, കിട്ടുന്ന ഫണ്ട് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല. 'സായ്' യുടെ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഉണ്ട്. Squad Leader അദ്ദേഹംതന്നെ 'സായ്' യുടെ ഫണ്ട് വേണ്ടത്ര ഫലപ്രദമായി ഉപയോഗിച്ചില്ലെന്നുള്ള പരാതി പറഞ്ഞിട്ടുണ്ട്.

സർ, സ്പോർട്ട്സ് സ്കൂളിനെപ്പറ്റി ഇവിടെ പറഞ്ഞു. സ്പോർട്ട്സ് സ്കൂളിന്റെ കാര്യം വളരെ കഷ്ടമാണ്. പലപ്പോഴും സ്പോർട്ട്സ് സ്കൂളിൽ പോകാനുള്ള അവസരം കിട്ടിയിട്ടുള്ള ആളാണ് ഞാൻ; അതിന്റെ സെലക്ഷൻ മോഡുതന്നെ അപ്രയോഗികമാണ്.

ഒരു കുട്ടിയുടെ അഭിരുചി എന്നുപറയുന്നത് ഇന്നത്തെ ഒരു പരിശോധനയിലൂടെ പെട്ടെന്ന് അറിയാൻ പറ്റുന്നതല്ല. ആരെയെങ്കിലും പിടിച്ച് സ്പോർട്ട്സിനാക്കികൊടുത്തിട്ട് എന്താണു കാര്യം? അഭിരുചി ടെസ്റ്റ് ചെയ്ത് കുട്ടികളെ സ്പോർട്ട്സ് സ്കൂളിലേക്ക് സെലക്ട് ചെയ്യുന്നതിനുള്ള മാനദണ്ഡം കുറ്റമറ്റതാക്കിയിട്ടില്ലെങ്കിൽ വെറുതെ കുട്ടികളെ കൊണ്ടുപോയി ചോറുകൊടുക്കാമെന്നുള്ളതല്ലാതെ കാര്യമുണ്ടാകില്ല. ഓരോരുത്തരേയും അവർക്കു പറ്റിയ ജോലികൾ ഏൽപിക്കണം. സംഗീതക്കാരനെ വിളിച്ച് സംഗീതത്തിന് ഏൽപ്പിക്കുന്നതിനുപകരം ഏതെങ്കിലും ശുപാർശ കേട്ടിട്ട് അവരെ സ്പോർട്ട്സിന് ഏൽപിച്ചാൽ സ്പോർട്ട്സുമല്ല സംഗീതവുമല്ലാത്ത രീതിയിലാകും എന്നുള്ളതല്ലാതെ എന്താണു കാര്യം? സ്പോർട്ട്സ് സ്കൂളുകളിലേക്കുള്ള സെലക്ഷനിൽ അഭിരുചി കണ്ടെത്താനുള്ള വ്യക്തമായ ചില കാര്യങ്ങൾ കാണണം. അത് ഇല്ലാത്തതുകൊണ്ടാണ് നമ്മുടെ സ്പോർട്ട്സ് സ്കൂളുകളിലെ ആക്ടിവിറ്റീസ് നോക്കുന്ന സമയത്ത് കുട്ടികൾ ട്രാക്കിൽ കുഴഞ്ഞുവീഴുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ നീങ്ങുന്നത്. അതു വളരെ ഗൗരവമായി എടുക്കണം. ഞാൻ മന്ത്രിയെ കുറ്റം പറയുന്നില്ല. എല്ലാവരും ആലോചിക്കേണ്ട കാര്യമാണ്. പൊളിറ്റിക്കൽ ഇന്റർഫിയറൻസ് ഇതിലുണ്ട്. സർ, കോച്ചിനെ തെരഞ്ഞെടുക്കുന്നിടംതൊട്ട് നമ്മുടെ നാട്ടിൽ സ്പോർട്ട്സിനെ വിപരീതമായി ബാധിക്കുന്ന ഒരു ഘടകമാണ് രാഷ്ട്രീയ ഇടപെടൽ. നന്നായി ആര് ട്രാക്കിൽ കളിക്കുന്നു എന്നുള്ളതല്ല പ്രശ്നം. നന്നായി ആര് പൊളിറ്റിക്സ് കളിക്കുന്നു എന്നുള്ളതാണ് ഇന്ത്യയിലെ സ്പോർട്ട്സിനെ മൊത്തത്തിൽ ബാധിക്കുന്ന അപജയത്തിനുള്ള കാരണങ്ങളിൽ ഒന്ന്. സ്പോർട്ട്സ് രംഗത്തേക്ക് ആളുകളെ കൊണ്ടുവരുന്ന കാര്യത്തിൽ കോച്ചാകട്ടെ സ്പോർട്ട്സ് സ്കൂളുകളിലേക്കുള്ള കുട്ടികളുടെ സെലക്ഷനിലാകട്ടെ മറ്റു കാര്യങ്ങളിലാകട്ടെ പൊളിറ്റിക്സിന്റെ അതിപ്രസരമുണ്ടാകുന്നു. ഈ നാടിന്റെ ഏറ്റവും വലിയ ഗുണം എന്നുപറയുന്നത് രാഷ്ട്രീയമായ പ്രബുദ്ധതയാണ്. ഈ നാടിന്റെ ഏറ്റവും വലിയ ശാപം എന്നുപറയുന്നതും രാഷ്ട്രീയമായ പ്രതിബദ്ധതയാണ്. ഈ അമിതമായ രാഷ്ട്രീയ പ്രതിബദ്ധതയിൽനിന്നും സ്പോർട്ട്സിനെ നമുക്ക് മോചിപ്പിക്കാൻ സാധിക്കണം. അക്കാര്യത്തിൽ ആരുടേയും ഇടപെടൽ ഇല്ലാതെ സ്പോർട്ട്സിനെ ശരിയായ സ്പോർട്ട്സിന്റെ കാഴ്ചപ്പാടോടുകൂടി കാണുന്ന ഒരു സംസ്ക്കാരം ഉയർത്തികൊണ്ടുവരേണ്ടത് ആവശ്യമാണ്. അതോടൊപ്പംതന്നെ മറ്റൊരു കാര്യം. തൃശ്ശൂരിൽ ഒരു സിമ്മിംഗ്പൂൾ കോംപ്ലക്സ് ഉണ്ടാക്കുന്ന കാര്യത്തെപ്പറ്റി ഈ അടുത്ത കാലത്ത് പത്രങ്ങളിൽ വാർത്തകൾ വന്നുകൊണ്ടിരുന്നു. അതൊരു വലിയ സംഗതിയാണ്. അതിന്റെ വർക്ക് നിൽക്കുന്നു എന്നൊക്കെ പരാതിയുണ്ട്. നമുക്ക് അതു നടപ്പാക്കേണ്ട സംഗതിയാണ്. കൊച്ചിയിൽ ഒരു ഇന്റർനാഷണൽ സ്റ്റേഡിയം വന്നത്. നമുക്ക് സന്തോഷമാ

LIBRARY ARCHIVES Kerala Legislative Assembly

ണ്. അതുപോലെ ഇതും നല്ലൊരു പ്രോജക്ടാണ്. എന്താണ് അതിനു സംഭവിക്കുന്നത് എന്നു പരിശോധിക്കണം. മന്ത്രി മറുപടി പറയുമ്പോൾ അതുകൂടി പറയുമെന്ന് ഞാൻ വിചാരിക്കുകയാണ്. നമ്മൾ ഇവിടെ കാണുന്ന മറ്റൊരു കാര്യം സ്പോർട്ട്സ് വികസന മേഖലയിലെ മുരടിപ്പാണ്. എന്താണ് ഇതിനുള്ള കാരണം, സ്പോർട്ട്സ്, ഗെയിംസ് എന്നുള്ളതിൽ കവിഞ്ഞത് നമ്മൾ ആ മേഖലയെ ബൃഹത്തായി എടുത്തിട്ടില്ല. ഉദാഹരണത്തിന് വാട്ടർ സ്പോർട്ട്സ്. നമ്മുടെ നിയമസഭാ കമ്മിറ്റി ദ്വീപസമൂഹങ്ങൾ കാണാൻ പോയിട്ടുണ്ട്. അവിടെ കാണാൻ സാധിച്ച ഒരു കാര്യം വാട്ടർ സ്പോർട്ട്സിന്റെ വികസനം അത്ഭുതകരമായി വളർന്നുവരുന്നതാണ്. ആൻഡമാൻ ദ്വീപസമൂഹത്തിലാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അനന്തമായ സാദ്ധ്യതകൾ നമ്മുടെ സ്പോർട്ട്സ് വികസനത്തിനുണ്ട്. വാട്ടർ സ്പോർട്ട്സ് പോലെയുള്ള മേഖലയിൽ വികസനം വരണം. മഞ്ഞുള്ളരാജ്യങ്ങളിൽ പോയികഴിഞ്ഞാൽ വിന്റർ ഗെയിംസ് ഒക്കെ കാണാം. വിന്റർ ഗെയിംസ് ഓസ്ലോ പോലുള്ള നഗരങ്ങളിൽ നടക്കുന്നുണ്ട്. ആ സ്പോർട്ട്സ് ഒക്കെ അത്ഭുതകരമാണ്. കാരണം അവരുടെ സ്പോർട്ട്സ് സാദ്ധ്യത എന്നുപറയുന്നത് മനസ്സിലാക്കണമെങ്കിൽ മഞ്ഞുരാജ്യത്തു വിന്റർ, സ്പോർട്ട്സ് വികസിപ്പിച്ചെടുക്കുകയാണ്. കാനഡ, നോർവേ തുടങ്ങിയ രാജ്യങ്ങൾ സ്പോർട്ട്സ് വികസിപ്പിച്ചെടുത്ത് അതിൽനിന്നും വരുമാനമുണ്ടാക്കുന്നുണ്ട്. നമ്മളെ സംബന്ധിച്ചിടത്തോളം വാട്ടർ സ്പോർട്ട്സ് വികസിപ്പിച്ചെടുക്കാനുള്ള സാദ്ധ്യത വളരെ വലുതാണ്. അത് ഗൗരവമായി കണക്കിലെടുക്കേണ്ട ഒരു കാര്യമാണ്. പുതിയ ജനറേഷനിൽപ്പെട്ട എല്ലാവരും ടി.വി.യുടെ മുമ്പിൽ കുത്തിയിരിക്കുകയാണ്. നമ്മുടെ രാജ്യത്തെ സ്പോർട്ട്സിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ നമ്മുടെ ആളുകൾക്കെല്ലാം ക്രിക്കറ്റുമതി.

ക്രിക്കറ്റ് വേണമോ വേണ്ടയോ എന്നുള്ളതിനെ സംബന്ധിച്ച് ഇന്ത്യയെപ്പോലെയുള്ള ഒരു രാജ്യത്ത് ക്രിക്കറ്റിന് അത്രയും സമയം മെനക്കെട്ട് വികസിപ്പിക്കാൻ പറ്റുമോ? ഞാൻ അതിലേക്കു പോകുന്നില്ല. പക്ഷെ സ്പോർട്ട്സിലും പടിഞ്ഞാറുവൽക്കരണത്തിന്റെ രോഗം നമ്മളെ ബാധിച്ചിട്ടുണ്ട്. ഏതായാലും നമുക്ക് വികസിപ്പിച്ചെടുക്കാൻ കഴിയുന്ന കുറേ മേഖലകളുണ്ട്. ആ മേഖലകൾ വികസിപ്പിച്ചെടുക്കുന്നതിനെ സംബന്ധിച്ച് റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനെപ്പറ്റി മന്ത്രി പറഞ്ഞു. സ്പോർട്ട്സ് രംഗത്തെ റിസർച്ച് എന്നുപറയുന്നത് ഞാൻ നേരത്തെ സൂചിപ്പിച്ച മേഖലയെപ്പറ്റി കൂടിയാകണമെന്ന് ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇതിൽ കാണേണ്ട ഒരു കാര്യം അതിനുള്ള പണമെവിടെ എന്നുള്ളതാണ്. ഇതിന്റെ സെക്ഷൻ 32-ൽ ഒരു കാര്യം പറയുന്നുണ്ട്. ഗവൺമെന്റിന് ഇവിടെ പൈസ കൊടുക്കുകയോ കൊടുക്കാതിരിക്കുകയോ ചെയ്യാം. Government may deem fit സംസ്ഥാന ഗവൺമെന്റ് ഗ്രാന്റ് കൊടുക്കുന്നതിനെ സംബന്ധിച്ച് ബില്ലിലെ സെക്ഷൻ 32-ൽ പറയുന്നത്. Grant by the State Government; The State Government shall, after due appropriation made by the State Legislature by law in this behalf, pay to the State Sports Council, by way of grants, such sum of money as the State Government may think fit for the purpose of this Act.

ഇതുപോര. ഗ്രന്ഥശാലാ സംഘത്തിന്റെ നിയമത്തിൽ ഒരു വകുപ്പുണ്ടല്ലോ. 1% എന്നാണ് ഭേദഗതി വന്നത്. അതുപോലെ സ്ഥിരമായ ഒരു പ്രോവിഷൻ വേണം കാരണം ഈ സ്പോർട്ട്സ് മന്ത്രിക്ക് സ്പോർട്ട്സിനോട് താല്പ

LIBRARY ARCHIVES Kerala Legislative Assembly

ര്യമുണ്ട്. നാളെ സ്പോർട്ട്സിനോട് താല്പര്യമില്ലാത്ത ഒരാൾ സ്പോർട്ട്സ് മന്ത്രിയായി വരാം.

<u>ശ്രീ. ജോസ് ബേബി</u> : ബഹുമാനപ്പെട്ട ഇ.ടി മുഹമ്മദ് ബഷീർ ഇതിൽ പണം വകയിരുത്താൻ ആവശ്യമായ പ്രൊവിഷനില്ല എന്നു പറയുകയുണ്ടാ യി. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞവർഷവും അതിനു മുമ്പിലത്തെ വർഷവും കായികമത്സരങ്ങളിൽ കേരളത്തിൽ നിന്നും പങ്കെടുത്തിട്ടുള്ള എല്ലാ ആളുകൾക്കും ഒന്നാം സ്ഥാനം കിട്ടിയവർക്കും രണ്ടാം സ്ഥാനം കിട്ടിയ വർക്കും ഒക്കെ ഒരു ലക്ഷം രൂപ, അൻപതിനായിരം രൂപ, ഇരുപത്തയ്യായിരം രൂപ എന്ന തരത്തിൽ പൈസ ഇല്ലെങ്കിൽപോലും കൊടുക്കാൻ കേരളത്തിലെ സ്പോർട്ട്സ് കൗൺസിലിനു സാധിച്ചിട്ടുണ്ട്. അതിനാൽ പണമില്ലാത്തതു കൊണ്ട് പ്രശ്നമില്ല. സന്ദർഭം വരുന്ന സമയത്ത് നടപടിയെടുക്കാൻ പ്രൊവി ഷനുണ്ട് എന്നുള്ളതിന് തെളിവാണ് തിരുവനന്തപുരത്ത് വി.ജെ.ടി ഹാളിൽവച്ച് ഇരുന്നൂറിൽ ചില്വാനം ആളുകൾക്ക് പണം കൊടുക്കാനായത്. ഒന്നരലക്ഷം രൂപ ഈ തരത്തിൽ ക്യാഷ് അവാർഡ് കൊടുത്തിട്ടുണ്ട്.

<u>ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ</u> : അതു നല്ല കാര്യമാണ് പറഞ്ഞത്. എനേബിളിംഗ് ക്ലാസ്സുണ്ടായാൽ മാത്രം പോര. സ്പോർട്ട്സ് കൗൺസിലിനു നമ്മുടെ ബഡ്ജറ്റിൽ പ്രൊവിഷൻ നിർബന്ധമാക്കണം. ഇത്ര തുക കിട്ടുമെ ന്നുള്ള ഒരു ധാരണ ഉണ്ടാകേണ്ടത് ആവശ്യമാണ്. അത്രയേ ഞാൻ ആവശ്യ പ്പെടുന്നുള്ളു. അല്ലാതെ പണം കൊടുത്തിട്ടുള്ളത് കിട്ടിയില്ല എന്നു ഞാൻ പറ ഞ്ഞില്ല. ക്യാഷ് അവാർഡ് കൊടുത്തിട്ടുള്ളത് സത്യമാണ്. നമ്മൾ പ്രോൽസാ ഹനം കൊടുക്കുന്നുണ്ട്. സ്പോർട്ട്സിനെ സംബന്ധിച്ച് ഒരു വിനോദമെന്നുള്ള തിനെക്കാൾ ഗൗരവത്തിൽ സ്പോർട്ട്സിന് ഒരു മാനദണ്ഡം കൊടുക്കണ്ടേ? പി.ടി. ഉഷയോട് ഒരിക്കൽ ചോദിച്ചു നിങ്ങളുടെ ഇഷ്ടവിനോദം ഏതാണെന്ന്. പി.ടി. ഉഷ പത്രക്കാരോടു ചോദിച്ചു എനിക്ക് പരിശീലനവും മത്സരവും കഴി ഞ്ഞിട്ട് ഇഷ്ട വിനോദത്തിന് എവിടെയാണ് നേരം? എക്കാലത്തും ഇന്ത്യ യുടെ ഏറ്റവും മികച്ച സ്പോർട്ട്സ് താരമായ പി.ടി. ഉഷയാണ് ഇങ്ങനെ പറ ഞ്ഞത്. ഉഷയുടെ പെർഫോമൻസ് മോശമായിരുന്നു എന്നൊക്കെ പറഞ്ഞ ല്ലോ. പക്ഷെ ഉഷയ്ക്കുപകരം ഉഷ തന്നെ ഉയർന്നുവന്നു. ആ ഉഷ പറഞ്ഞ സംഗതിയാണ് ഞാൻ നേരത്തെ പറഞ്ഞത്. പരിശീലനവും മത്സരവും കഴി ഞ്ഞിട്ട് എനിക്ക് എവിടെയാണ് നേരം. എന്നു പറഞ്ഞ് പി.ടി. ഉഷ പറഞ്ഞത് വളരെ ശരിയാണ്. സ്പോർട്സിനെ അത്ര ഗൗരവമായി ആരാധിക്കുന്ന തന്റെ ജീവിതത്തിൽ മറ്റു വിനോദമില്ല. തന്റെ ജീവിതം തന്നെ സ്പോർട്ട്സാണെന്ന് പറഞ്ഞിട്ടുള്ള ആ ഉഷയുടെ വാക്കുകൾ ഉപയോഗിച്ചുകൊണ്ട് ഞാൻ പറയട്ടെ ഇതിനെ വിനോദമായി കാണുന്നതിനപ്പുറം വളരെ ഗൗരവമായി ഇതിനെ കാണണം. ഈ ഒരു സ്ഥിതി വിശേഷം സത്യത്തിൽ ഉയർന്നു വരേണ്ടതാണ്. മറ്റൊന്ന് പരിശീലകമാരുടെ അഭാവമാണ്. ഇവിടെ നമുക്കെല്ലാം നമ്മൾ മാത്രം മതി. വിദേശഉല്പന്നങ്ങളോട് നമുക്ക് വിരക്തിയുണ്ടാകാം. വിദേശ സംസ്ക്കാ രത്തോടും നമുക്ക് വിരക്തിയുണ്ടാകാം പക്ഷെ നല്ല ഒരു പരിശീലകനെ വിദേ ശത്തു നിന്നാണെങ്കിലും നമുക്ക് ഉപയോഗപ്പെടുത്തികൂടെ? വത്സമ്മയുടെ കാര്യത്തിൽ കുറച്ചുകൂടെ പരിശീലനം കിട്ടിയിരുന്നെങ്കിൽ നന്നായിരുന്നേനെ എന്ന് ഇവിടെ ചർച്ചയുണ്ടായി. കേരളത്തിൽ എത്രയോ മിടുക്കൻമാരും മിടു ക്കികളുമായ സ്പോർട്ട്സ് താരങ്ങളുണ്ട്. അവർക്ക് പരിശീലനം കിട്ടാൻ തക്കവിധത്തിൽ ഏറ്റവും പ്രഗത്ഭരായ കോച്ചുകളെ കേരളത്തിൽ നിന്നാണെ ങ്കിൽ അങ്ങനെ ഇന്റർനാഷണൽ ലെവലിൽ നിന്നാണെങ്കിൽ അങ്ങനെ കൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടുവരാൻ നമുക്ക് സാധിച്ചാൽ സ്പോർട്ട്സിന്റെ കാര്യത്തിൽ വളരെ മാറ്റം വരുത്താൻ സാധിക്കും. ഞാൻ ഈ ബില്ല് കൊണ്ടുവന്ന മന്ത്രിയെ അഭിനന്ദിക്കുകയാണ്. കാരണം ഇത്രയുമെങ്കിലുമായല്ലോ. ഇതു സെലക്ട് കമ്മിറ്റിക്ക് പോകുന്നസമയത്ത് സമഗ്രമായ നിയമത്തിന്റെ ഗൈഡ്ലൈൻസ് എടുത്തു കൊണ്ട് ഇതിനെ പരിപോഷിപ്പിക്കാൻ ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സ്പോർട്ട്സ് മെഡിസിൻകൂടി ഇതിൽ ഉൾക്കൊള്ളിക്കേണ്ടതിനെപ്പറ്റിയുള്ള അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : സ്പോർട്ട്സ് മെഡിസിൻ അത്യാവശ്യമാണ്. ജില്ലാടിസ്ഥാനത്തിൽ സ്പോർട്ട്സ് ക്ലിനിക്കുകൾ ഡെവലപ് ചെയ്യുമെന്ന് മന്ത്രിയുടെ ഒരു പ്രസ്താവനയുണ്ടായിരുന്നു. അതു കൂടി അത്യാവശ്യമാണ്. ഇന്ന് നമുക്കുവന്നിട്ടുള്ള വളർച്ച കൂടി കണക്കിലെടുത്ത് സെലക്ട് കമ്മിറ്റി വേളയിൽ ഇതിനെ പരിപോഷിപ്പിക്കാൻ ആവശ്യമായ കാര്യങ്ങൾ ചെയ്യാം. ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു.

ശ്രീ. പി. വിശ്വൻ : 1999-ലെ കേരള സ്പോർട്ട്സ് ബിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സർ, ഈ സ്പോർട്ട്സ് ബിൽ അവതരിപ്പിച്ച മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. വളരെ വർഷങ്ങൾക്കുമുമ്പുതന്നെ ഇത്തരമൊരു ബില്ല് രൂപപ്പെടുത്തുന്നതിനെക്കുറിച്ച് വിവിധ ഭാഗങ്ങളിൽനിന്നും അഭിപ്രായങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. നിരവധി സ്പോർട്ട്സ് പ്രേമികളും സ്പോർട്ട്സിന്റെ എല്ലാമെല്ലാം എന്നു കരുതുന്നവരും ഒക്കെ ഇവിടെ സൂചിപ്പിച്ചല്ലോ. 1971-ൽ ശ്രീ. കൃഷ്ണയ്യർ ചെയർമാനായിട്ടുള്ള സ്പോർട്ട്സ് വികസന സമിതിയും 1982-ൽ ഡോ. പി.എം. ജോസഫിന്റെ റിപ്പോർട്ടും അതുപോലെ നിരവധി പ്രഗത്ഭന്മാരും കേരളം കായികവളർച്ചക്ക് അനുകൂലമായ ഘടകമുള്ള സംസ്ഥാനമാണെന്ന് പറഞ്ഞിട്ടുണ്ട്.

[1 PM] അതിന് പ്രധാനപ്പെട്ട കാരണം, കായികശേഷിയുള്ളവരുടെ നാടാണ് കേരളം. കായികശേഷി മാത്രമല്ല മെച്ചമായ പ്രകടനത്തിന് കഴിവുണ്ടെന്ന് തെളിയിക്കുന്ന കുട്ടികളുള്ള ഒരു സ്റ്റേറ്റാണ് കേരളം. നമുക്ക് ഇവിടെ ജെസി ഓവൻസ്മാരെ രൂപപ്പെടുത്തിയെടുക്കാൻ കഴിയും. ജ്വലിച്ചുനിൽക്കുന്ന നക്ഷത്രമായിരുന്നല്ലോ ജെസി ഓവൻസ്. ലോകകായിക രംഗത്ത് ഫുട്ബാൾ രംഗത്ത് പ്രഗൽഭന്മാരായിരുന്ന പെലെമാരെ ഇന്ത്യൻ ഗോൾമുഖം കാത്തുസൂക്ഷിച്ച തങ്കരാജ് ഗുഹപോലുള്ളവരെ കേരളത്തിൽ വളർത്തിയെടുക്കാൻ കഴിയും. അത്രമാത്രം കായികശേഷിയുള്ളവർ നമ്മുടെ കേരളത്തിലുണ്ട്. അതിനുതകുന്ന രൂപത്തിൽ ഒരു ബിൽ ഇവിടെ കൊണ്ടുവരാൻ തയ്യാറായ സാമൂഹ്യ പ്രതിബദ്ധതയുള്ള മന്ത്രിയെ ഞാൻ വീണ്ടും അഭിനന്ദിക്കുകയാണ്. ഇവിടെ സ്പോർട്ട്സ് കൗൺസിലുകളുടെ പ്രവർത്തനത്തെക്കുറിച്ച് പറഞ്ഞു. നമുക്കറിയാം, ഇന്നലെ വരെ കിട്ടുന്നതൊക്കെ തിന്നു തീർക്കുക, ആ ഒരു കണ്ടിന്യൂവേഷനിലാണ് ഇന്നും നടക്കുന്നതെന്ന് ധരിക്കുന്ന സുഹൃത്തുകൾ നമ്മുടെ ഭാഗത്തുണ്ട്. അതിൽനിന്ന് വ്യത്യസ്തമായ മാറ്റം കേരളത്തിൽ വന്നുകഴിഞ്ഞിരിക്കുകയാണ്. പ്രഗത്ഭരായിട്ടുള്ള കായിക വിദഗ്ദ്ധന്മാർ ഇന്ന് അതിന്റെ നേതൃത്വത്തിൽ വന്നുകഴിഞ്ഞിരിക്കുകയാണ്. അതുപോലെതന്നെ കേരളാ സ്പോർട്ട്സ് കൗൺസിലിന്റെ പ്രസിഡന്റ് പ്രഗത്ഭനായ ദേശീയ നീന്തൽതാരമായിട്ടുള്ള, എന്റെ സുഹൃത്തുകൂടിയായിട്ടുള്ള അഡ്വക്കേറ്റ് ബാലചന്ദ്രനാണ്. അദ്ദേഹം നീന്തൽ വിദഗ്ദ്ധനും ദേശീയ നീന്തൽ താരവും കൂടിയാണ്. ആ രൂപത്തിൽ വിദഗ്ധന്മാർ ഈ രംഗത്ത് വന്നി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുന്നു. ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് വിടാനാണല്ലോ പോകുന്നത്. കാരണം, ഈ സഭയിലുള്ളവർ മാത്രമല്ല, പുറത്തുള്ള പ്രഗൽഭന്മാരെകൂടി ഈ ബിൽ രൂപപ്പെടുത്തുന്ന കാര്യത്തിൽ അവരുടെ പങ്കാളിത്തംകൂടി ഉറപ്പുവരുത്താൻ പോകുകയാണ്. അതാണ് ഇതിന്റെ പ്രധാന്യവും. അങ്ങനെ വരുമ്പോൾ ഇന്ന് നിലവിലുള്ളതിനെക്കുറിച്ച് പരിശോധിക്കുന്നത് നല്ലതാണ്. നമുക്കറിയാം വരുമാനമില്ലാത്ത ജില്ലാ സ്പോർട്ട്സ് കൗൺസിലുകളുണ്ട്. അതുപോലെ സ്റ്റേറ്റായാലും ഓഫീസ് വർക്കുപോലും വേണ്ടതുപോലെ നടത്താൻ കഴിയാത്ത കൗൺസിലുകളുണ്ട്. അപ്പോൾ അതിനുവേണ്ട സാമ്പത്തിക സോഴ്സിനെക്കുറിച്ചൊക്കെ ഇനിയും നമ്മൾ ഗൗരവമായി ചിന്തിക്കേണ്ടതായിട്ടുണ്ട്. പല രാജ്യങ്ങളിലും സ്വകാര്യ കോർപ്പറേറ്റ് സ്പോൺസർഷിപ്പുണ്ട്. നമുക്ക് അത് നടപ്പിലാക്കാൻ കഴിയുമോയെന്നറിയില്ല. അവരുടെ മാർഗ്ഗം അതാണ്. 1990-ലെ ഇന്റർ നാഷണൽ ഫുട്ബാൾ, ഇറ്റാലിയൻ ഫുട്ബാൾ കളി കണ്ടിട്ടുള്ളത് 200 കോടി ആളുകളാണ്. അതിന്റെ വരുമാനം ചെറുതായിരിക്കുകയില്ല. കഴിഞ്ഞ തവണ ഇത് ഫ്രാൻസിൽവച്ചായിരുന്നു. പ്രഗത്ഭ ടീമുകളുടെ കളിയൊക്കെതന്നെ 200,250 കോടിയിലധികം വരുന്നവർ കണ്ടിട്ടുണ്ടാകാം.

<u>ശ്രീ. സി.പി. ബാലൻ വൈദ്യർ</u> : സർ, സ്പോർട്ട്സ് കൗൺസിൽപോലെതന്നെ സ്പോർട്ട്സിന്റെ അഭിവൃദ്ധിക്കുവേണ്ടി ഏറ്റവും പ്രധാനമായി പ്രവർത്തിക്കേണ്ട മറ്റൊരു ഘടകമാണ് അത്ലറ്റിക്സ് അസോസിയേഷൻ. പ്രതിബദ്ധതയോടുകൂടി അത്ലറ്റിക്സ് അസോസിയേഷനും സ്പോർട്ട്സ് കൗൺസിലും സഹകരിച്ച് പ്രവർത്തിച്ചാലേ ഈ മേഖലയിൽ ഇന്നത്തെ പോരായ്മ പരിഹരിക്കാൻ കഴിയുകയുള്ളുവെന്നുള്ള വസ്തുത അങ്ങേക്കറിയാമോ?

<u>ശ്രീ. പി. വിശ്വൻ</u> : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശാസ്ത്രീയമായ വിഷയം തന്നെയാണ്. ഞാൻ അതിലേക്ക് കടക്കാൻ പോകുന്നതേയുള്ളൂ. സ്പോർട്ട്സിലൂടെ എല്ലാവർക്കും ആരോഗ്യം എന്നുള്ള മുദ്രാവാക്യം കേരളത്തിലെ ഓരോ വ്യക്തികളിലും ആണ്ടിറങ്ങാൻ കഴിയത്തക്കരൂപത്തിൽ ഈ ബിൽ രൂപപ്പെട്ട് വരുമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. കോളേജുകളിലാണെങ്കിൽ എൻ.സി.സി., എൻ.എസ്.എസ് ഒക്കെ ഉണ്ടല്ലോ. അതൊക്കെ നിർബന്ധമാണ്. അതുപോലെ സ്പോർട്ട്സും നിർബന്ധമാക്കി മാറ്റാനുള്ള ഒരു ആലോചന നടത്തുന്നത് നല്ലതായിരിക്കുമെന്ന് എനിക്ക് തോന്നുകയാണ്. സ്പോർട്ട്സ് സ്കൂളുകളുടെ പ്രവർത്തനത്തെക്കുറിച്ചും വളരെ വിശദമായി പഠനം അതിന്റെ ഭാഗമായി വരുമെന്ന് ഞാൻ വിചാരിക്കുകയാണ്. മാത്രമല്ല, സ്കൂളിലെ പഠിത്തം കഴിഞ്ഞതിനുശേഷം കോളേജിൽ പഠിക്കാൻ കഴിയാത്ത നിരവധി താരങ്ങൾ 7% നമുക്കുണ്ട്. ജീവിത പ്രയാസവുമായി ബന്ധപ്പെടുമ്പോൾ അവർ മറ്റു ജോലികളിൽ പോകുകയാണ്. അത്തരം സ്പോർട്ട്സ് താരങ്ങളെ കണ്ടുപിടിച്ച് അവരുടെ കായികവളർച്ച ഉറപ്പ് വരുത്തത്തക്കരൂപത്തിൽ അവരെ സഹായിക്കാനുള്ള നടപടികൾ ഇതിന്റെ ഭാഗമായി വിപുലപ്പെട്ടുവരുമെന്ന് ഞാൻ വിശ്വസിക്കുകയാണ്.

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> : സർ, ഇപ്പോൾ ഹൈസ്കൂൾ തലത്തിലും കോളേജ് തലത്തിലും കായിക അദ്ധ്യാപകരുണ്ട്. എന്നാൽ വളരെ ചെറുപ്പത്തിൽ തന്നെ സ്പോർട്ട്സിലേക്ക്, ഗെയിംസിലേക്ക് ആകർഷിക്കത്തക്കരീതിയിലുള്ള കുട്ടികളെ കണ്ടെത്തി പ്രവർത്തനം നടത്തേണ്ടുന്ന എൽ.പി., യു.പി സ്കൂളുകളിൽ ഇപ്പോൾ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർമാരില്ല. അത്തരം മേഖലയിൽകൂടി ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചേഴ്സിനെ നിയമി

LIBRARY ARCHIVES Kerala Legislative Assembly

ക്കണം. അതുപോലെ കോളേജ് പഠിത്തം കഴിഞ്ഞാൽ കേരളത്തിലെ ജനങ്ങൾ കായിക മേഖലയുമായി പുലബന്ധം പുലർത്താൻ തയാറില്ലാത്ത ഒരവസ്ഥയാണ് ഇന്നുള്ളത്. അതാണ് ഞാൻ നേരത്തേ ചോദിച്ച ചോദ്യം, കായിക സംസ്ക്കാരം തന്നെ വളർത്തിയെടുക്കാനുള്ള ബോധപൂർവ്വമായ പ്രവർത്തനം ഈ ബില്ലിന്റെ ഭാഗമായി കൈകാര്യം ചെയ്യുമോയെന്നുള്ളത്.

ശ്രീ. പി. വിശ്വൻ : സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കായിക സംസ്ക്കാരത്തെക്കുറിച്ച് തന്നെയാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. ഇവിടെ പി.റ്റി. അദ്ധ്യാപകന്മാരുടെ വിഷയം നമ്മൾ ഗൗരവമായി ചർച്ച ചെയ്തതാണ്. ബഹുമാനപ്പെട്ട മെമ്പറുടെ വിഷയം ഗൗരവമുള്ളതാണ്. ചെറുപ്പത്തിലെ പരിശീലിപ്പിക്കുക. എന്റെ നാട്ടുകാരിയാണ് പി.ടി. ഉഷ. എന്റെ പ്രദേശത്തിലുള്ളവളാണ്. പി.ടി. ഉഷ ഓടിച്ചാടി പഠിച്ചിട്ടുള്ള സ്കൂളിലെ പി.ടി. അദ്ധ്യാപകൻ റിട്ടയർ ചെയ്തപ്പോൾ ആ സ്ഥാനത്തുവന്ന അദ്ധ്യാപികയ്ക്ക് എട്ടുവർഷമായിട്ട് അംഗീകാരം കിട്ടിയിട്ടില്ല. ബഹുമാനപ്പെട്ട മുഹമ്മദ് ബഷീർ വിദ്യാഭ്യാസവകുപ്പുമന്ത്രിയായിരുന്നപ്പോൾ ഈ വിഷയം ഗൗരവമായെടുത്തു. പക്ഷേ അത് നമുക്ക് ഫുൾഫിൽ ചെയ്യാൻ കഴിയുന്നില്ല. ഞാൻ വീണ്ടും അങ്ങയോട് കടക്കാനാഗ്രഹിക്കുന്നില്ല. കേരളത്തിന്റെ കായികരംഗം നവോന്മേഷം നേടുന്നതിന്റെ കാര്യത്തിൽ യാതൊരു സംശയവും വേണ്ട, അത് നേടിക്കൊണ്ടിരിക്കുന്നുവെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവ് ഇംഫാലിൽ നമ്മൾ കണ്ടിട്ടുള്ളതാണ്. ദേശീയവേദിയിൽ നമ്മുടെ കൊച്ച് കേരളത്തിന്റെ കാലുകൾ വീണ്ടും സുവർണ്ണ മുദ്രകൾ അണിഞ്ഞതാണ്. നമ്മളൊക്കെ അതിൽ രോമാഞ്ചമണിഞ്ഞവരാണ്. കേരളാ ഗവൺമെന്റിനും സ്പോർട്ട്സ് കൗൺസിലിനും അതിൽ അഭിമാനിക്കാം. കൂട്ടായ പ്രവർത്തനം മാത്രമല്ല, അവരുടെ വിവിധ സ്പോർട്ട്സ് സംഘടനകൾ വഹിച്ച നേതൃത്വപരമായ പങ്കൊക്കെതന്നെ ആ കാര്യത്തിൽ ജ്വലിക്കുന്നതാണ്. പക്ഷെ നമ്മൾ അവിടെ കണ്ടിട്ടുള്ള പ്രധാനപ്പെട്ട വിഷയമെന്താണ്? അത്ലറ്റിക്സിൽ നമ്മൾ അവിടെ ആധിപത്യം സ്ഥാപിച്ചിട്ടുണ്ട്. ജമ്പിംഗ് പിറ്റ്സിലൊക്കെ നമ്മൾ വളരെ മുന്നോട്ടുപോയിട്ടുണ്ട്. എന്നാൽ ട്രാക്കിൽ പറക്കുന്ന കാലുകൾ നമുക്ക് ഇളകിക്കൊണ്ടിരിക്കുകയാണ്. ട്രാക്കിൽ പറക്കുന്ന കാലുകൾ നമുക്കില്ല. ഒളിമ്പിക്സിൽ ഉഷയുണ്ടായിരുന്നു. അവരുടെ ഓരോ ചലനങ്ങളും നമുക്ക് ഹൃദയ തുടിപ്പുണ്ടാക്കിയിട്ടുണ്ട്. എന്നാൽ ഇന്ന് ട്രാക്കിൽ പറക്കുന്ന കാലുകൾ നമുക്ക് കുറവാണ്. പി.ടി. ഉഷയും ഷൈനിയും ഇനിയുമുണ്ടാകേണ്ടതായിട്ടുണ്ട്. ഒരു തലമുറ ട്രാക്ക് വിടുമ്പോൾ മറ്റൊരു രണ്ടാം നിരയിലേക്ക് നമ്മൾ എത്തേണ്ടതായിട്ടുണ്ട്. അല്ലാതെ പഴയത് പറഞ്ഞുനിന്നിട്ട് കാര്യമില്ല. പഴയ വീരഗാഥ തുടരാൻ നമുക്ക് കഴിയണമെങ്കിൽ ട്രാക്കിൽ പറക്കുന്ന കാലുകളുണ്ടാകണം. ഇംഫാലിലെ ചിത്രം അതാണ്. ഇംഫാലിൽ നടന്ന ഓരോ ദിവസത്തെ സ്പോർട്ട്സ് കാണുമ്പോഴും അത്ലറ്റിക്സിൽ നമ്മൾ മുന്നോട്ടു പോകുമ്പോഴും ട്രാക്കിൽ പുറകോട്ടായിരുന്നു. നമുക്ക് ഓടിയെത്താൻ കഴിയുന്നില്ല. ആ പോരായ്മ നോക്കി പിടിക്കണം. അതിനുള്ള കരുത്ത് നമുക്കുണ്ട്. അതുപോലെ നീന്തൽ വിദഗ്ധന്മാരെ വിപുലപ്പെടുത്താൻ കഴിയും. തോടും നദികളും നീണ്ട കടലോരങ്ങളുമുള്ള ഒരു സ്റ്റേറ്റാണ് കേരളം. കടലോരത്തെ മത്സ്യത്തൊഴിലാളികളുടെയിടയിൽ ചുണക്കുട്ടികളുണ്ട്. അവരെ തേടിപിടിക്കാൻ കഴിഞ്ഞാൽ ഒളിമ്പിക്സിൽതന്നെ ഒരു വലിയ സ്ഥാനമായി നമുക്ക് മാറ്റിയെടുക്കാൻ കഴിയും. ക്യൂബ ഈ രംഗത്ത് വളരെ മുമ്പന്തിയിലാണല്ലോ. മഹാനായ വിപ്ലവകാരി ചെഗുവേരയുടെ മകൾ കേരളത്തിൽ വന്നപ്പോൾ പറഞ്ഞു, എന്റെ കൊച്ച് ക്യൂബയെപ്പോലെ തോടുകളും പുഴകളുമുള്ള ഒരു സ്റ്റേറ്റാണ് കേരളമെന്ന്. ആ

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ ഇൻഡ്യക്ക് അഭിമാനമുണ്ടാക്കാൻ ഉതകുന്ന രൂപത്തിലുള്ള നല്ല താരങ്ങളെ കൊടുക്കാൻ കഴിയും. അതിനുതകുന്ന രൂപത്തിൽ ഈ ബിൽ വിപുലപ്പെടുത്തിയെടുക്കാൻ കഴിയണം.

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, നീന്തലിൽ കേരളം പുറകിലാണെന്നുള്ളത് മുഴുവൻ ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. കാരണം, നീന്തലിൽ ബാലചന്ദ്രന്റെ തലമുറക്കാർ, ധാരാളമായി പുതിയ കായികതാരങ്ങൾ വളർന്നു വന്നിട്ടുണ്ട്. ഇവിടത്തെ പ്രശ്നം അതന്റെയൊക്കെ സംഘടനകളുടേതാണ്. സംഘടനകൾ കൊണ്ട് നടന്ന് അതിന്റെ തലപ്പത്തിരിക്കുന്നവർക്ക് കായിക താരങ്ങളെ കണ്ടുപിടിക്കാനും പ്രോൽസാഹിപ്പിക്കാനും കഴിയുന്നുണ്ടോയെന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം.

ശ്രീ. പി. വിശ്വൻ : സർ, ഞാൻ നീന്തൽ എന്നുപറയുമ്പോൾ അഖിലേന്ത്യാടിസ്ഥാനത്തിലല്ല എന്റെ മനസ്സ് നീങ്ങിയത്. ഒളിമ്പിക്സുമായിട്ട് ബന്ധപ്പെടുത്തിയേ ഞാൻ അതിനെ കണ്ടുള്ളൂ. ഇന്ത്യയുടെ കാര്യത്തിൽ നമ്മൾ മുമ്പിലാണ്. ആ രൂപത്തിലേ ഞാൻ അത് പറഞ്ഞുള്ളൂ, അതേസമയം ഒളിമ്പിക്സിൽ തന്നെ ക്യൂബ ഈ രംഗത്ത് കൂടുതൽ സ്വർണ്ണമെഡൽ വാരിക്കൂട്ടിയതല്ലേ. വടക്കൻ കൊറിയയും തെക്കൻ കൊറിയയും സ്വർണമെഡൽ വാരികൂട്ടിയിട്ടുണ്ട്. ആ രാജ്യത്തിൽ കണ്ടതിനേക്കാൾ ഈ സമയത്ത് നമ്മുടെ രാജ്യത്താണ് കൂടുതലുള്ളത്. അതാണ് ഞാൻ അത് പറയാനുള്ള കാരണം. അഖിലേന്ത്യാടിസ്ഥാനത്തിൽ നീന്തൽ വിദഗ്ദ്ധരുടെ കേന്ദ്രമാണ് കേരളം. ഉയർന്ന രീതിയിൽ പ്രഗത്ഭരായ നീന്തൽ താരങ്ങളെ കൊടുക്കാനുള്ള ഭാവി ഇന്ത്യയ്ക്കുണ്ട് അതിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കാൻ കേരളത്തിന് കഴിയും. അതാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ 'ഓപ്പറേഷൻ ഒളിമ്പിയയെ'ക്കുറിച്ച് പറഞ്ഞു. അത് ശാസ്ത്രീയമായി കൊണ്ടുപോകാൻ നമുക്ക് കഴിയണം. കായികരംഗത്ത് പ്രതിഭകളെ കണ്ടെത്താനും അതുപയോഗപ്പെടുത്താനും നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. പ്രത്യേകിച്ച് കുട്ടികളെ ചെറുതിലെ അവരുടെ അഭിരുചി കണ്ടെത്തി അതിനനുസരിച്ച് മാറ്റിയെടുക്കാൻ ഈ 'ഓപ്പറേഷൻ ഒളിമ്പിയാ' പദ്ധതി ഉപയോഗപ്പെടുത്തേണ്ടതായിട്ടുണ്ട്. നാം സമൂഹത്തിൽ പിന്തള്ളപ്പെട്ടുപോകരുത്. നേരത്തെ പറഞ്ഞ സോഫ്റ്റ് കോർണർ ഉണ്ടാക്കുക, അല്ലെങ്കിൽ മേലെ നിൽക്കുന്ന ബന്ധപ്പെട്ടവരെ സോഫ്ട് സോപ്പിംഗ് നടത്തി അവിടെ കടന്നുകൂടുക. മറ്റ് സ്റ്റേറ്റുകളിൽ സ്പോർട്ട്സിനു പോകാനുള്ള അവസരം ഉണ്ടാക്കുക പക്ഷെ അതിൽ പലരും പ്രഗത്ഭന്മാരല്ല. സോഫ്റ്റ് സോപ്പിംഗിന്റെ ഭാഗമായിട്ട് വന്നിട്ടുള്ളവരാണ്. അത് മാറ്റിയെടുത്ത് അർഹതപ്പെട്ടവർ പിന്തള്ളപ്പെടാതെ മുന്നോട്ടു കൊണ്ടുപോകാനുള്ള നടപടിയിലേക്കു നമുക്ക് എത്താൻ കഴിയണം. നമ്മുടെ പ്രഗത്ഭനായ ശ്രീ. ഗോപിനാഥ് ഇതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. സ്പോർട്ട്സ് രംഗത്തെ ഒരു സാമൂഹ്യ പ്രസ്ഥാനമാക്കാൻ നമുക്ക് കഴിയണം. മാത്രമല്ല സ്പോർട്ട്സ് രംഗത്ത് പ്രഗത്ഭരായിട്ടുള്ള നമ്മുടെ കായിക താരങ്ങളുടെ സോഷ്യൽ കമ്മിറ്റ്മെന്റിനെക്കുറിച്ച് ഇവിടെ ആരും സംസാരിച്ചില്ല. അത് പ്രധാനമായ ഒരു വിഷയമാണ്. അർപ്പണ മനോഭാവത്തോടുകൂടി ഡെഡിക്കേറ്റഡ് ആയിട്ട് സ്പോർട്ട്സിൽ പങ്കെടുക്കാൻ തയ്യാറാകുന്ന സ്പോർട്ട്സ്മാന്മാരെ വളർത്തിയെടുക്കാൻ കഴിയണമെങ്കിൽ ഒരു വലിയ ബോധവൽക്കരണം ആ രംഗത്തുണ്ടാകണം. നിങ്ങൾ ഒളിമ്പിക്സിൽ പങ്കെടുക്കുന്ന സ്പോർട്ട്സ് താരങ്ങളെ എടുത്തുനോക്കൂ. അവർക്ക് ആ രാജ്യത്തോട് എന്തെന്നില്ലാത്ത ഒരു കൂറുണ്ട്. ആ വിഷയത്തോട് അവർക്കുള്ള കമ്മിറ്റ്മെന്റ്, അത് വിജയത്തിലേക്ക് എത്തി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നത് നമുക്ക് കാണാൻ കഴിയും. അതിന്റെ പ്രാധാന്യം ചെറുതല്ല. അതു കൊണ്ട് സമൂഹത്തോട് പ്രതിബദ്ധതയും ഇതിനോട് അർപ്പണബോധവുമുള്ള കായികതാരങ്ങളെ രൂപപ്പെടുത്തിയെടുക്കാൻ നമുക്ക് കഴിയണം. അതിനു വേണ്ടി ബോധവൽക്കരണം നടത്താൻ നമുക്ക് കഴിയണം. മാത്രമല്ല പഴയതു പോലെ ഗ്രാമങ്ങളിൽ സ്പോർട്ട്സ് ക്ളബ്ബുകളില്ല അത് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ജില്ലാ, ബ്ളോക്ക്, ഗ്രാമപഞ്ചായത്ത്, സ്പോർട്ട്സ് കൗൺസിലുകളൊക്കെ വരുമ്പോൾ അതിന്റെ ഭാഗമായി പഴയത് വീണ്ടും പുനരുജ്ജീവിപ്പിക്കുമെന്ന് ഞാൻ വിചാരിക്കുകയാണ്. ജീവിതഭാരവുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ തുടർന്നു പഠിക്കാൻ കഴിയാത്ത ചെറുപ്പക്കാരെക്കൂടി യോജിപ്പിക്കാൻ ഈ ഗ്രാമങ്ങളിലെ സ്പോർട്ട്സ് ക്ളബ്ബുകൾക്കു കഴിയുന്ന രീതിയിൽ അതിന് നേതൃത്വം കൊടുക്കാനുള്ള ഒരു നടപടി നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകണം.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : അങ്ങ് കമ്മിറ്റി ഉണ്ടാക്കണമെന്നു പറഞ്ഞല്ലോ. സ്പോർട്ട്സ് താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി കൊടുത്ത് നല്ല രീതിയിൽ ആദരിക്കുന്നുണ്ട്, പ്രത്യേകിച്ച് പോലീസിൽ. പോലീസിൽ ഇപ്പോൾ ശ്രീ. ഗോപിനാഥന്റെ കാര്യം പറഞ്ഞു. പല പോലീസ് കായികതാരങ്ങളും ഫുഡ്ബോളിൽ ആയാലും വോളിബാളിൽ ആയാലും, ഡിവൈ.എസ്. പി, കമാണ്ടന്റ്, എസ്.പി. തുടങ്ങിയ ഉയർന്ന റാങ്കുകളിൽ ജോലി ചെയ്യുന്നുണ്ട്. അവരൊക്കെ പറയുന്ന ഒരു പ്രശ്നം സ്പോർട്ട്സ് ക്വാട്ടയിൽ സെലക്ട് ചെയ്തുവന്നാൽ ഇതുപോലുള്ള തസ്തികകളിൽ എത്തിക്കഴിഞ്ഞാൽ ഒരു രണ്ടാംതരം ആളുകളായി ആ ഡിപ്പാർട്ടുമെന്റുകളിൽ തുടരുകയാണ്. അപ്പോൾ സ്വാഭാവികമായും അവർക്ക് പ്രതിബദ്ധത കുറഞ്ഞു പോകുന്നു. ജോലി ചെയ്യാൻ കഴിയുന്നില്ല. അല്ലെങ്കിൽ സ്പോർട്ട്സിനോടുള്ള താല്പര്യം കുറയുന്നു. രണ്ടാംതരം പൗരന്മാരായി കാണുന്ന ഒരു സമീപനം തുടരുന്നുണ്ട്. അതുകൂടി മാറ്റിയെടുക്കാനായി നമ്മൾ ഉദ്ദേശിക്കുന്നതുപോലെ ഈ കമ്മിറ്റി ഉണ്ടാക്കിയെടുത്താൽ കഴിയും.

<u>ശ്രീ. പി. വിശ്വൻ</u> : ശരിയാണ് സർ ശ്രീ. രാജേന്ദ്രൻ ഈ രംഗത്തുള്ള ഒരു നിയമസഭാംഗം കൂടിയാണ്. കുറെക്കൂടി വ്യക്തത അക്കാര്യത്തിൽ അദ്ദേഹത്തിനുണ്ട്. അതുപോലെ എനിക്കിവിടെ പറയാനുള്ളത് നമ്മുടെ പ്രശസ്തരായിട്ടുള്ള താരങ്ങൾ സംസ്ഥാനത്തിനു പുറത്തുപോകുന്നുണ്ട്. അവർക്ക് മെച്ചപ്പെട്ട ജീവിതം ലഭിക്കാൻ വേണ്ടിയാണ്. അതും നമ്മൾ പരിശോധിച്ച് അവർക്കനുകൂലമായ നിലപാടിൽ എത്തിക്കാൻ നമുക്ക് കഴിയണം. പിന്നെ ഇവിടെ കായികതാരങ്ങൾ ഉണ്ടാകണമെങ്കിൽ അതിന്റെ പ്രധാനപ്പെട്ട കണ്ണി എന്താണ്. അവർക്ക് അതിനുള്ള സൗകര്യങ്ങൾ ഉണ്ടാകണം, മൈതാനം ഉണ്ടാകണം, കളിസ്ഥലങ്ങൾ ഉണ്ടാകണം. ഇത് നമ്മുടെ രാജ്യത്തുണ്ടായാൽ മാത്രമേ, നമ്മുടെ സ്റ്റേറ്റിലെ ഓരോ ഗ്രാമങ്ങളിലും ഉണ്ടായാൽ മാത്രമേ, നല്ല കായികതാരങ്ങളെ നമുക്ക് രൂപപ്പെടുത്തിയെടുക്കാൻ കഴിയുകയുള്ളൂ. ആ നടപടിയിലേക്ക് നമ്മൾ എത്തേണ്ടതായിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ നമുക്കുണ്ടാക്കിയെടുക്കാൻ കഴിയണം. അത്‌ലറ്റുകൾക്ക് അർഹമായ പ്രതിഫലമോ സഹായമോ ലഭിക്കാത്ത സാഹചര്യമുണ്ടെങ്കിൽ അതൊഴിവാക്കിയെടുക്കാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. നല്ല കളി കഴിഞ്ഞ് വരുന്ന താരങ്ങൾക്ക് ഒരു ഗ്ളാസ് പാലോ, ഒരു നേരം ചോറോ ഒരു മുട്ടയോ മാത്രം പോര, സ്പോർട്ട്സ് താരങ്ങൾക്ക് മുന്നോട്ടുപോകാനും അവരുടെ ഫിസിക്കൽ പവർ നിലനിറുത്താനുമുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കാൻ കഴിയണം. ഈ

LIBRARY ARCHIVES Kerala Legislative Assembly

ബിൽ വരുന്നതോടുകൂടി അതിൽ നമുക്ക് കൂറേയേറെ വിജയിക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. കായിക വിദ്യാഭ്യാസത്തിന് അർഹമായ പ്രാധാന്യം ലഭിക്കുന്നില്ല. നേരത്തെ ഇവിടെ ശ്രീമതി. പി.ടി. ഉഷയുടെ കാര്യം വന്നല്ലോ. അതിന് മുൻതൂക്കം കൊടുത്തേ പറ്റുകയുള്ളൂ. പ്രൈമറിതലം മുതൽ സർവകലാശാല വരെയുള്ള പാഠ്യപദ്ധതിയിൽ കായിക വിദ്യാഭ്യാസത്തിന് അർഹമായ പ്രാധാന്യം ലഭിക്കേണ്ടതായിട്ടുണ്ട്. അത് ഇന്ന് വേണ്ടതുപോലെ ലഭിക്കുന്നില്ല. അനുഭവത്തിൽ നിന്നും ശാസ്ത്രീയമായ പഠനത്തിൽനിന്നും ഇക്കാര്യത്തിൽ ഒട്ടേറെ പുത്തൻ അറിവുകൾ ഈ രംഗത്ത് പുതുതായി കടന്നു വന്നിരിക്കുകയാണ്. ഇതുപയോഗപ്പെടുത്തികൊണ്ട് പുതിയ ചലനങ്ങൾ ഈ രംഗത്ത് ഉണ്ടാക്കിയെടുക്കേണ്ടതായിട്ടുണ്ട്. അതുപോലെ സ്പോർട്ട്സ് താരങ്ങൾക്കുള്ള ചികിൽസ ഇന്ന് വേണ്ടപോലെ ഇല്ല. ആരോഗ്യരംഗത്ത് അവരെ സംരക്ഷിക്കാനുള്ള വിപുലമായ നടപടികൾ ഈ ബിൽ വരുന്നതോടുകൂടി ഉണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. അവരെ സഹായിക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. അതുപോലെ അർഹതപ്പെട്ട സ്പോർട്ട്സ് താരങ്ങളെ ഈ രംഗത്ത് കൊണ്ടുവരുന്നതിനും അതോടൊപ്പംതന്നെ അവർക്ക് നിലനിൽപ്പിന്റെ അടിത്തറ ഉണ്ടാക്കാനും നമുക്ക് കഴിയേണ്ടതായിട്ടുണ്ട്., ഇവിടെ നമുക്കറിയാം, പലപ്പോഴായി ശ്രീ. ബാലൻ വൈദ്യർ സൂചിപ്പിച്ചു, അത്ലറ്റിക് അസോസിയേഷന്റെ തെരഞ്ഞെടുപ്പു തന്നെ പലപ്പോഴും നീതിപൂർവമാകാറില്ല. അത് പരിഷ്ക്കരിക്കണം. ദേശീയ താരങ്ങൾക്ക് കൊടുക്കാൻ ഉദ്ദേശിക്കുന്ന സാമ്പത്തികസഹായം അല്ലെങ്കിൽ ഫണ്ട് അതുപോലെ മറ്റ് കാര്യങ്ങളൊക്കെ തെരഞ്ഞെടുക്കപ്പെട്ടു വരേണ്ടതാണ്. അവരുടെ പേര് നിർദ്ദേശിക്കേണ്ടത് അത്ലറ്റിക്സ് അസോസിയേഷനാണ്. ശാസ്ത്രീയമായ കാര്യങ്ങൾ നടക്കാത്തതുകൊണ്ട് നമ്മുടെ രാജ്യത്തിന്റെ അഭിമാനമായിട്ടുള്ള ശ്രീമതി പി.ടി. ഉഷയുടെ പേരുപോലും സ്പോർട്ട്സ് കൗൺസിലിന്റെ മുന്നിലേക്കുവരാൻ തുടക്കത്തിൽ കഴിഞ്ഞില്ലല്ലോ പിന്നെ ഇടപെടേണ്ടിവരികയാണ്. ശ്രീ. ബാലൻ വൈദ്യരെ പോലുള്ളവർ ഇടപെട്ടുവെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഞാൻ ഇത് വെറുതെ പറയുന്നതല്ല. ഉള്ള വസ്തുത എനിക്ക് അറിയാവുന്നതുകൊണ്ട് പറയുകയാണ്. ഞങ്ങൾക്ക് താല്പര്യമുണ്ട്. ഇവിടെ സബ്മിഷൻ അവതരിപ്പിച്ചിട്ടുണ്ട്.

ശ്രീ. കെ.പി. രാജേന്ദ്രൻ : ശ്രീ. സി.പി. ബാലൻവൈദ്യർ ഇവിടെ സബ്മിഷൻ അവതരിപ്പിച്ചതാണ്. ശ്രീമതി പി.ടി. ഉഷയുടെ പ്രശ്നം ഇവിടെ അവതരിപ്പിച്ചതാണ്. ഈ സംഘടനയെന്നു പറയുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഇതാണ്. അദ്ദേഹം പറയേണ്ടതാണ്, ഈ കടലാസ് സംഘടനകൾ ഓരോരുത്തരുടേയും കൈയിലാണ്. സ്പോർട്ട്സ് കൗൺസിൽ പ്രസിഡന്റ് യഥാർത്ഥത്തിൽ സംഘടനയുടെ ആളാണ്. സ്പോർട്ട്സ്മാൻ ആണ്. ഇതുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട ആളാണ്. പക്ഷെ ഏഴെട്ടു സംഘടനകൾ പലരും കൈയ്ക്കലാക്കി വച്ചുകൊണ്ട് അവരുടെ കൈയിലാണ് ജില്ലാ സ്പോർട്ട്സ് കൗൺസിൽ അതുപോലെ അതിന്റെ വോട്ടുകളും. ഞാൻ സീരിയസായിട്ട് പറയുകയാണ് ഒരു പോലീസ് ഉദ്യോഗസ്ഥന്റെ കൈയിൽ ഇന്ന് ഒരുപാട് സംഘടനകളുണ്ട്. പല ജില്ലാ കൗൺസിലുകളും കൈകാര്യം ചെയ്യുന്നത് അവരാണ്. അതൊഴിവാക്കാൻ ഈ ബില്ലിലെ വ്യവസ്ഥ കൊണ്ട് കഴിയുമെന്ന് അങ്ങ് ശ്രദ്ധിച്ചില്ലേ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിശ്വൻ : ഞാൻ ഉന്നയിക്കാനിരുന്നത് അങ്ങ് സൂചിപ്പിച്ചുവെന്നേയുള്ളൂ. നമ്മൾ മറ്റ് രൂപത്തിൽ പ്രതികരിക്കണ്ട. അംഗീകൃത സ്പോർട്ട്സ് സംഘടനകളെ ശാസ്ത്രീയമായി ഉയർത്തികൊണ്ടുവരാൻ കഴിയണം. അതിൽ എനിക്ക് സൂചിപ്പിക്കാനുള്ളത് വാൾപയറ്റ്, പയറ്റ് ഒക്കെതന്നെ നമ്മൾ അംഗീകരിക്കുന്നുണ്ട്. എന്തുകൊണ്ട് നമുക്ക് കരാട്ടേ അംഗീകരിച്ചുകൂടാ. ജൂഡോ അതൊക്കെതന്നെ വ്യാപകമായികൊണ്ടിരിക്കുകയല്ലേ. എല്ലാ ഗ്രാമങ്ങളിലും അത് വരുന്നില്ലേ. അത് അംഗീകരിക്കണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. അതുപോലെ ജനപങ്കാളിത്തമുള്ള പലതുമുണ്ടാകാം. ആ രൂപത്തിൽ കാര്യങ്ങൾ കൊണ്ടുപോയാൽ മാത്രമേ വിചാരിച്ച രൂപത്തിൽ നമുക്കിതിനെ മാറ്റിയെടുക്കാൻ കഴിയുകയുള്ളൂ. അതുപോലെ മൂന്നുനാല് നിർദ്ദേശങ്ങൾ കൂടി ഞാൻ ഇവിടെ വയ്ക്കുകയാണ്. സംസ്ഥാനത്തെ സ്പോർട്ട്സ് കൗൺസിലിലേക്കു നോമിനേറ്റ് ചെയ്യുന്ന അംഗങ്ങളെക്കുറിച്ച് നമ്മുടെ ബില്ലിൽ അധ്യായം ഒന്നിൽ പറയുന്നുണ്ട്. അതിൽ ഒളിമ്പിക്സ് ജേതാക്കളെയും അർജുന അവാർഡ് ജേതാക്കളെയുംകൂടി കൊണ്ടുവരണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. ഇന്റർനാഷണൽ താരങ്ങളെക്കൂടി നമുക്ക് അതിൽ കൊണ്ടുവരാൻ കഴിയണം. അതുപോലെ 12-ാം വകുപ്പിൽ പറയുന്ന ജില്ലാ സ്പോർട്ട്സ് കൗൺസിലുകളുടെ യോഗം, ഞാൻ ജില്ലാ സ്പോർട്ട്സ് കൗൺസിലിൽ അംഗമാണ് അതുകൊണ്ടാണ് പറയുന്നത്, ഏറ്റവും ചുരുങ്ങിയത് രണ്ട് പ്രാവശ്യം കൂടണം. അതു വേണ്ടതുപോലെ കൂടുന്നില്ല.

ശ്രീ. എ.കെ. മണി : സ്പോർട്സിനെക്കുറിച്ച് എന്നോടു പറയേണ്ട. എനിക്കൊരു നിർദ്ദേശമുള്ളത്-ജില്ലാ കൗൺസിലൊക്കെ നല്ല കാര്യമാണ്. അതിന്റെ കൂട്ടത്തിൽതന്നെ ഹൈ ആൾട്ടിറ്റ്യൂഡ് സ്പോർട്സ് സെന്റർ കൂടി രൂപീകരിക്കാൻ ഗവൺമെന്റാലോചിക്കുമോ?

ശ്രീ. പി. വിശ്വൻ : അത് പരിഗണിക്കേണ്ടതാണ്. വേണ്ടെന്നു പറയുന്നില്ല. അതും ഇന്ത്യയിൽ മുന്നോട്ടുവരാൻ പോവുകയാണ്. പർവ്വതാരോഹണക്കാരുടെ എണ്ണം കേരളത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ യോഗം രണ്ടു പ്രാവശ്യമെന്നുള്ളത് വർദ്ധിപ്പിക്കണം. അത് ബില്ലിൽ തന്നെ വരണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. ഡേ ടുഡേ ലൈഫായി കാര്യങ്ങൾ പോകേണ്ടതാണ്. അതിനൊരു ലൈവ് സ്ഥിതി ഉണ്ടാകേണ്ടതായിട്ടുണ്ട്. അതുകൊണ്ട് രണ്ടെന്നുള്ളത് മാറ്റിയെടുക്കണം. അതുപോലെതന്നെ 18-ാമത്തെ വകുപ്പിൽ പറയുന്നത് മുനിസിപ്പൽ സ്പോർട്സ് കൗൺസിൽ വരാൻ പോകുന്നുവെന്നാണ്. നഗരസഭാ സ്പോർട്സ് കൗൺസിലിൽ ഒരു പി.ടി. അദ്ധ്യാപകനെ കൂടി നോമിനേറ്റ് ചെയ്യാൻ ചെയർമാന് കഴിയണം. ഇത്തരമൊരു ബിൽ കൊണ്ടുവരാൻ തയ്യാറായ മന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : സർ, നമ്മുടെ കൊച്ചു കേരളം മറ്റെല്ലാ കാര്യങ്ങളിലുമെന്നതുപോലെ ഇന്ത്യയ്ക്കാകെ മാതൃകയാകാൻ പോകുന്നു എന്ന് സന്തോഷത്തോടെ ഈ ബില്ലിനെക്കുറിച്ച് പറയുമ്പോൾ നമുക്ക് പറയുവാൻ കഴിയും. അതുകൊണ്ടു തന്നെ ഇങ്ങനെയൊരു ബിൽ കൊണ്ടുവന്ന മന്ത്രിയേയും ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിനേയും ഇക്കാര്യത്തിൽ അങ്ങേയറ്റം അഭിനന്ദിക്കുകയാണ്. ഇന്ത്യയിലാദ്യമായിട്ടാണ് ഇത്തരത്തിലൊരു സമഗ്രമായ സ്പോർട്സ് ബില്ലിന് രൂപം നൽകുന്നത്. നമ്മുടെ രാജ്യത്തിന് കായികരംഗത്ത് പൗരാണികമായ അടിത്തറ

തന്നെയുണ്ട്. എന്നാൽ 100 കോടി ജനങ്ങളുള്ള നമ്മുടെ രാജ്യത്തിന് അന്താ രാഷ്ട്ര തലത്തിലുള്ള മൽസര രംഗത്ത് എല്ലാംതന്നെ തലകുനിച്ചു നിൽക്കാ നാണ് ഇതുവരെ വിധിയുണ്ടായിരുന്നത്. ഇത്രയും കരുത്തുറ്റ ഒരു ജനവിഭാഗം അധിവസിക്കുന്ന ഒരു രാജ്യത്തിന് സ്പോർട്സ് രംഗത്ത് എന്തുകൊണ്ട് വളർന്നുവരാൻ കഴിഞ്ഞില്ല എന്നത് ഗൗരവമായി നാം വിലയിരുത്തേണ്ട വസ്തുതയാണ്. ഇവിടെ സംസാരിച്ചപ്പോൾ ആരൊക്കെയോ സൂചിപ്പിച്ചതു പോലെ മറ്റു മേഖലകളെപ്പോലെ നമ്മുടെ കായികരംഗം ഒരു വലിയ വ്യാപാര മായി മാറിപ്പോയി എന്നതാണ് ഇന്ത്യ അനുഭവിച്ച ഏറ്റവും വലിയ പ്രശ്നം. അതിന് മാറ്റമുണ്ടാക്കാൻ കഴിയുന്ന ഒരു ബില്ലാണ് ഇവിടെയിപ്പോൾ അവതരി പ്പിച്ചിട്ടുള്ളത്. സംസ്ഥാന-ജില്ലാ തലങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന സ്പോർട്സ് *(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)* കൗൺസിൽ അതിന്റെ പ്രവർത്തനം ഇപ്പോൾ പഞ്ചായത്തു തലങ്ങളിലേക്ക് കൂടി വ്യാപിപ്പിച്ചുകൊണ്ട് ഗ്രാമങ്ങളിൽ ഒളിഞ്ഞു കിടക്കുന്ന ഏകലവ്യൻമാരെ അവർ ആഗ്രഹിക്കുന്ന ബഹുമാനത്തോടുകൂടി പുറത്തുകൊണ്ടുവരാൻ നമുക്ക് കഴിയും എന്നതാണ് സൂചന. നമ്മുടെ ഗ്രാമപ്രദേശങ്ങളിലെല്ലാം തന്നെ ഒരുപാട് കായിക പ്രതിഭക ളുണ്ട്. എന്നാൽ ആ കായിക പ്രതിഭകൾക്ക് പുറത്തുവരാൻ കഴിയാത്തത് പണത്തിന്റെ പിറകെ മാത്രം കാര്യങ്ങൾ ചെയ്യുന്ന ഇന്നത്തെ സാമൂഹ്യവ്യവ സ്ഥിതിയുടെ ഭാഗമായിട്ട് തന്നെയാണ്. കേരളത്തിൽ അധികാരവികേന്ദ്രീകര ണത്തോടൊപ്പം സ്പോർട്സ് രംഗത്തും ഒരു വലിയ വികേന്ദ്രീകരണം സാധി ക്കുന്നുവെന്നത് ഗ്രാമ തലത്തിലുള്ള കായിക പ്രതിഭകളെ മുന്നോട്ടുകൊണ്ടു വരുന്നതിന് സഹായിക്കുമെന്നുള്ളതാണ് വസ്തുത. വളരെ സൂക്ഷ്മത ആവ ശ്യമായിട്ടുള്ള ഈ രംഗത്ത് ഈ ബിൽ പരിശോധിച്ചു നോക്കിയാൽ വളരെ സൂക്ഷ്മതയോടുകൂടിതന്നെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു എന്നു പറ യാൻ നമുക്ക് കഴിയും. മഹാഭാരതത്തിൽ പരിശീലന രംഗത്ത് ദ്രോണാചാര്യർ ശിഷ്യൻമാരെ പരിശീലിപ്പിക്കുന്ന രംഗമുണ്ട്. കറങ്ങുന്ന ഒരു പമ്പരത്തിലെ കിളിയെ അമ്പെയ്യുന്നതിന് ആരാണ് സമർത്ഥനെന്നു പരിശോധിക്കാൻ വേണ്ടി തന്റെ ഓരോ ശിഷ്യൻമാരെയായി വിളിച്ചു. ദുര്യോധനനെ വിളിച്ച് ഈ പമ്പരം കാണാമോ, കിളിയെ കാണാമോ എന്ന് ചോദിച്ചപ്പോൾ ദുര്യോധനൻ പറ ഞ്ഞത് എനിക്കെല്ലാം കാണാം. എന്റെ വശങ്ങളിൽ നിൽക്കുന്ന അങ്ങയേയും കാണാം അതിനപ്പുറത്തു നിൽക്കുന്ന ആളുകളേയും കാണാമെന്നാണ്. അങ്ങനെ ഓരോരുത്തരോടും ചോദിച്ചു. അവസാനം അർജ്ജുനന്റെ ഊഴം വന്നപ്പോൾ അർജ്ജുനൻ പറഞ്ഞത് ഗുരോ എനിക്ക് ഈ പക്ഷിയുടെ കഴുത്ത് മാത്രമേ കാണാൻ കഴിയുന്നുള്ളൂ. ഞാൻ അങ്ങയെ കാണുന്നില്ല. പരിസരത്തു നിൽക്കുന്ന ആളുകളേയും കാണുന്നില്ല. പക്ഷേ ഈ പക്ഷിയുടെ കഴുത്ത് മാത്രമേ ഞാൻ കാണുന്നുള്ളൂ എന്നാണ്. അത്രത്തോളം സമർത്ഥമായിട്ട് കാര്യങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുന്ന പ്രതിഭകളെ നമ്മുടെ ഗ്രാമത്തിൽ നിന്നു കണ്ടെത്തുകയാണ് ഈ വികേന്ദ്രീകരണത്തിന്റെ ഉദ്ദേശമെന്ന് മനസ്സി ലാക്കണം. വളരെ ഏകാഗ്രതയോടുകൂടി, അർപ്പണ മനോഭാവത്തോടുകൂടി സ്പോർട്സ് രംഗത്തേയ്ക്ക് കടന്നുവരാൻ കഴിയുന്ന പ്രതിഭകളെ നാം കണ്ടെ ത്തേണ്ടിയിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് ദ്രോണാചാര്യരുടെ കഥ പറഞ്ഞല്ലോ. ആ കഥയ്ക്കകത്ത് അർജ്ജുനൻ കഴുത്ത് മാത്രമാണ് കാണു ന്നത്. നമ്മുടെ സ്പോർട്സ് വകുപ്പുമന്ത്രി കഴുത്തല്ല കബീറിനെ മാത്രമാണ് കാണുന്നതെന്ന് അങ്ങേയ്ക്കറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> : ഒരു തമാശയ്ക്ക് വേണ്ടിയായിരിക്കാം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇത് പറഞ്ഞത്. ഇതുമായിട്ട് ഒരു ബന്ധവുമില്ല. ഈ ബില്ലിനകത്ത് മാത്രമല്ല, ഇടതുപക്ഷജനാധിപത്യമുന്നണി വന്നപ്പോൾ ഒരുപാട് മാറ്റങ്ങൾ സ്പോർട്സിനകത്ത് ഉണ്ടാക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട് എന്നുള്ളതാണ്. ഒരുപാട് പരിഷ്ക്കാരങ്ങൾ സ്പോർട്സ് രംഗത്ത് വരുത്തുന്നതിനുവേണ്ടി തയ്യാറായിട്ടുണ്ട്. കായിക രംഗത്ത് കേരളം കുറച്ചു മുന്നോട്ടുവരുന്നു എന്നുള്ളതിന്റെ സൂചന ഉണ്ടായിരുന്നു. ഇംഫാൽ ദേശീയ മൽസരത്തിന്റെ സമയത്ത് നമുക്ക് ഒന്നാം സ്ഥാനത്തേയ്ക്ക് വരാൻ കഴിഞ്ഞു. എന്നാൽ വളരെ ദൗർഭാഗ്യകരമായിപ്പോയി. നമ്മുടെ സഭ ഒരു പ്രമേയം പാസ്സാക്കിയതാണ്. സ്പോർട്സ് രംഗത്തുള്ള വ്യാപാരത്തിന്റേയും അതുപോലെതന്നെ മാഫിയ വൽക്കരണത്തിന്റേയും ഉദാഹരണമാണ് മണിപ്പൂരിൽ കണ്ടിരുന്നത്. അവിടെ ഏറ്റവും കൂടുതൽ പോയിന്റ് നേടിയ നമുക്ക് ഒന്നാംസ്ഥാനത്തേയ്ക്ക് ചാമ്പ്യൻമാരായിട്ട് വരാൻ കഴിയാതിരുന്നത് അവിടെയുള്ള മാഫിയ സംസ്കാരത്തിന്റെ ഭാഗമാണ്. ഇന്ത്യാ ഗവൺമെന്റ് വളരെയേറെ ശ്രദ്ധിക്കേണ്ട ഒരു വസ്തുതയാണത്. എല്ലാ രംഗത്തും മാഫിയാവൽക്കരണം നടക്കുന്നു. ഞാനിത് പറയുമ്പോൾ ചിലപ്പോൾ തമാശയായിട്ട് നിങ്ങൾ എടുക്കരുത്. മുതലാളിത്ത വ്യവസ്ഥിതിയുടെ ഭാഗമായിട്ടുള്ള പണാധിപത്യത്തിന്റെ ഭാഗമായിട്ടാണ് സ്പോർട്സ് രംഗത്ത് അടക്കം ഈ മാഫിയ വൽക്കരണം വരുന്നതെന്ന് കാണാൻ കഴിയണം. ആ രംഗത്തടക്കം ഒരു സോഷ്യലിസ്റ്റ് കാഴ്ചപ്പാട് ഉണ്ടാക്കിയെടുക്കാൻ നമുക്ക് കഴിഞ്ഞാൽ മാത്രമേ കായിക രംഗത്ത് വളരാൻ കഴിയൂ. ഒളിമ്പിക് ഗെയിംസൊക്കെ നടക്കുമ്പോൾ നിങ്ങളെല്ലാം കാണുന്നതാണ്. കൊച്ചു ക്യൂബ അടക്കം കായികരംഗത്ത് വളർന്നു വരുന്നു. ചൈനയുടെ ചിട്ടയോടെയുള്ള പ്രവർത്തനത്തിന്റെ ഭാഗമായി ചൈനീസ് കായിക താരങ്ങൾ മുന്നിൽ വരുന്നു. അവിഭക്ത സോവിയറ്റ് യൂണിയൻ ഏറ്റവും മികച്ച രീതിയിൽ കായിക രംഗത്ത് പ്രകടനം നടത്തുമ്പോൾ നമുക്ക് ആ രംഗത്ത് നാല് അയലത്തെത്തുന്നതിനുവേണ്ടി കഴിയുന്നില്ല. ഈ മാഫിയ വൽക്കരണത്തിനെതിരായിട്ട് നമുക്കൊരു മാതൃക കാണിച്ചു കൊടുക്കാൻ കഴിയുകയാണ് ഈ പുതിയ സ്പോർട്സ് ബില്ലിലൂടെ. ഈ ബിൽ അവതരിപ്പിക്കുന്നതിനു മുമ്പുതന്നെ ഒട്ടേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായിട്ട് തന്നെ ഒളിമ്പിക്സ് മുതൽ സബ് ജൂനിയർ തലം വരെയുള്ള നാഷണൽ മൽസരങ്ങളിൽ ജയിക്കുന്നവർക്ക് ക്യാഷ് അവാർഡ് ഏർപ്പെടുത്താനുള്ള ഒരു തീരുമാനമെടുത്തത് ഈ ഗവൺമെന്റാണ്. അത് അംഗീകരിക്കാൻ കഴിയുന്ന ഒരു വസ്തുതയാണ്. നമ്മൾ മാറ്റത്തിന്റെ തുടക്കമെന്നുള്ള നിലയിൽ അങ്ങനെ ചെയ്തിട്ടുണ്ട്. അതുപോലെതന്നെ കുട്ടികളെ ഇൻഷ്വറൻസ് സ്കീമിൽ കൊണ്ടുവരികയെന്നുള്ളതും ഇതിന്റെയെല്ലാം മുന്നോടിയായിട്ട് ചെയ്തിട്ടുള്ള ഒരു കാര്യമാണ്. ഈ ഗവൺമെന്റ് വന്നതിനു ശേഷം ഒരു ഔദ്യോഗിക പ്രസിദ്ധീകരണം സ്പോർട്സ് രംഗത്ത് ആരംഭിക്കാൻ കഴിഞ്ഞു. സ്പോർട്സ് ഹോസ്റ്റലുകൾക്കും തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതെല്ലാം പറയുന്നത് ഇതിന്റെയെല്ലാം പിന്തുടർച്ചയെന്നോണമാണ്. വിദഗ്ദ്ധൻമാർ അടങ്ങിയിട്ടുള്ള കമ്മിറ്റികളുടെ നിർദ്ദേശങ്ങളെല്ലാം ചേർത്തുകൊണ്ട് ഇങ്ങനെയൊരു ബില്ലിന് രൂപം കൊടുക്കാൻ കഴിഞ്ഞത് ഏറ്റവും നല്ലൊരു കാര്യമാണ്. ഈ ബില്ലിനെ ഞാൻ അങ്ങേയറ്റം സ്വാഗതം ചെയ്യുകയാണ്. ഈ ബില്ലിനകത്ത് ചില നിർദ്ദേശങ്ങൾ പറയാനുണ്ട്. സ്പോർട്സ് അസോസിയേഷനുകൾ തമ്മിലുള്ള മൽസരങ്ങളും അതുപോലെ സ്പോർട്സ് കൗൺസിലുകൾ തമ്മിലുള്ള തർക്കങ്ങളും പരിഹരി

ക്കാൻ ഒരു അപ്പലേറ്റ് ട്രിബ്യൂണൽ രൂപീകരിക്കാനുള്ള വ്യവസ്ഥ ഈ ബില്ലിനകത്തുണ്ട്. അത് അങ്ങേയറ്റം സ്വാഗതാർഹമാണ്. അതുപോലെതന്നെ നല്ല പ്രതിഭകളെ കൊണ്ടുവരാൻ. തർക്കങ്ങളെല്ലാം ഒഴിവാക്കിക്കൊണ്ട് ഏറ്റവും നല്ലവരെ തന്നെ, അതാണ് ഞാൻ പറഞ്ഞത് ഏകലവ്യൻമാരെ അംഗീകരിച്ചു പുറത്തുകൊണ്ടുവരാൻ ഈ അപ്പലേറ്റ് ട്രിബ്യൂണൽ സഹായിക്കുമെന്നുള്ളതാണ് എനിക്ക് അതിനെക്കുറിച്ച് പറയുവാനുള്ളത്. എനിക്ക് ഒന്നുരണ്ട് നിർദ്ദേശങ്ങൾ കൂടി വയ്ക്കാനുണ്ട്.

മി. സ്പീക്കർ : സ്പോർട്സ് താരങ്ങൾക്ക് സംസാരിക്കാൻ സെലക്ട് കമ്മിറ്റിക്ക് പോവുകയല്ലേ?

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : എനിക്ക് മറ്റൊരു കാര്യം പറയുവാനുള്ളത് ഞാൻ വളരെ വിശദമായി പറയുന്നില്ല, ഈ ബില്ലിനകത്ത് സ്പോർട്സ് കൗൺസിൽ സെക്രട്ടറി ഇതിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ വരുന്നില്ല എന്നുള്ളതാണ് കാണുന്നത്. അതുകൊണ്ട് സ്പോർട്ട്സ് കൗൺസിൽ സെക്രട്ടറിയെ ഇതിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ കൂടി ഉൾപ്പെടുത്തിക്കൊണ്ട് സെലക്ട് കമ്മിറ്റി ചർച്ച ചെയ്യുന്ന സമയത്ത് ഈ കാര്യം പരിഗണിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഇതുപോലുള്ള നിർദ്ദേശങ്ങൾ ഇനിയും നിരത്താനുണ്ട്. അത് സെലക്ട് കമ്മിറ്റിയിൽ പരിഗണിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഏതായാലും കായിക രംഗത്ത് വളരെ ശാസ്ത്രീയമായിട്ടുള്ള മാറ്റങ്ങൾ വരുത്തുന്ന, പഞ്ചായത്തു തലം വരെ സ്പോർട്സ് വികസിപ്പിക്കുന്നതിനാവശ്യമായിട്ടുള്ള സമീപനം സ്വീകരിച്ചിട്ടുള്ള ഈ ബില്ലിനെ ഞാൻ അങ്ങേയറ്റം അഭിനന്ദിച്ചുകൊണ്ട്, ഈ ഗവൺമെന്റിനെ അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : നമ്മുടെ നിയമസഭാ ദിനത്തിൽ കുറെ സമ്മാനങ്ങൾ കിട്ടിയില്ലേ? വെരി ഗുഡ്. ചർച്ചയിൽ അതിന്റെ സ്പിരിറ്റുണ്ട്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന മെമ്പർമാർ ഈ ബില്ലിനെക്കുറിച്ച് പറഞ്ഞ അഭിപ്രായങ്ങൾ പൊതുകാര്യങ്ങളാണ്. അതിൽ ചില കാര്യങ്ങൾ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കു വച്ചു. ചില നിർദ്ദേശങ്ങളും വച്ചു. ഞാനിവിടെ ചൂണ്ടിക്കാണിച്ചതുപോലെ, കേരളത്തിൽ ഇതുമായി ബന്ധപ്പെട്ട് ആധികാരികമായി അഭിപ്രായം പറയാൻ കഴിയുന്ന പ്രഗൽഭരായ..... അതിൽ രാഷ്ട്രീയമില്ല. രാഷ്ട്രീയം നോക്കിയല്ല. പ്രതിപക്ഷ നേതാവിനേയും മുൻമന്ത്രിമാരേയും വിളിച്ച് ഞങ്ങൾ ഒരു ദിവസം രാവിലെ മുതൽ ചർച്ച ചെയ്തു. അങ്ങനെയുണ്ടാക്കിയ ഒരു ബില്ലാണ്. ഒരു പക്ഷെ നിയമസഭയുടെ ചരിത്രത്തിൽ ഈ ബില്ലിന്റെ കരടു രൂപീകരണവേളയിൽ ഇത്തരത്തിലുള്ള ഒരു സംവിധാനം ഇതാദ്യമായിരിക്കും എന്നാണ് എനിക്കു തോന്നുന്നത്. അതുകൊണ്ട് ഇതിൽ തർക്കത്തിന്റെ പ്രശ്നങ്ങളൊന്നുമില്ല. പിന്നെ നിയമപരമായി കിട്ടിയിട്ടുള്ള ചില നിർദ്ദേശങ്ങളുണ്ട്. അത് ചില ഘടകങ്ങളാണ്. നിയമസഭാംഗങ്ങൾക്ക് സ്വാഭാവികമായും ഈ കാര്യത്തിൽ വ്യത്യസ്ത അഭിപ്രായം ഉണ്ടാകും. അത് നമുക്ക് സെലക്ട് കമ്മിറ്റിയ്ക്കു മുൻപാകെ തീർക്കാവുന്ന കാര്യമാണ്. ഇവിടെ ചർച്ചയിൽ ഒന്നുരണ്ടു ചെറിയ കാര്യങ്ങൾ പറഞ്ഞു. ഒന്ന്, സെലക്ഷനേതാണ്. അതിന് ഗൈഡ് ലൈൻസ് ഉണ്ട്. ഒളിമ്പിക്, ഏഷ്യാഡ്, നാഷണൽ ആ രീതിയിലാണ് മാർക്ക് കൊടുക്കുന്നത്. പ്രൊഫഷണൽ കോളേജിന്റേത് ആണെങ്കിൽ ഡ്രാഫ്റ്റ് വന്നിട്ട് ചിലപ്പോൾ ആക്ഷേപവും പറയാം. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാ

LIBRARY ARCHIVES Kerala Legislative Assembly

കൃഷ്ണൻ ഒരു ചോദ്യം ചോദിച്ചു. ഗെയിംസിന്റെ കാര്യത്തിലും അവാർഡിന്റെ കാര്യത്തിലും ഒക്കെ അതു സംബന്ധിച്ച വ്യവസ്ഥകളുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഞാൻ ആരേയും കുറ്റപ്പെടുത്തുന്നതിനുവേണ്ടിയോ സ്വജനപക്ഷപാതം ആരോപിക്കുന്നതിനു വേണ്ടിയോ അല്ല ചോദിക്കുന്നത്. ഒരു ഫാക്ട് പുറത്തു പറഞ്ഞു എന്നുള്ളതുകൊണ്ടാണ്. സ്പോർട്സ് കൗൺസിലിന്റെ സർട്ടിഫിക്കറ്റ് ഇവിടെ മാനിപ്പുലേറ്റ് ചെയ്യുന്നുവെന്ന് ഒരു വാർത്ത പുറത്തു വന്നിട്ടുണ്ട്. അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ അത് ശ്രദ്ധിക്കണം. സ്പോർട്സ് സ്കൂളുകളിലെ അഡ്മിഷൻ സംബന്ധിച്ച്, എന്തെങ്കിലും മാനിപ്പുലേഷൻ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ കുറവ് പരിഹരിക്കുന്നതിനുള്ള മാർഗ്ഗവും കൂടി എടുക്കണം.

<u>ശ്രീ. എ.സി. ഷൺമുഖദാസ്</u> : കള്ളനോട്ട് കണ്ടുപിടിക്കാറുണ്ട്. കള്ളനോട്ട് കണ്ടുപിടിച്ചാൽ കേസും എടുക്കും. അതുകൊണ്ട് എല്ലാ നോട്ടും കള്ളനോട്ടാണെന്നു പറഞ്ഞ് പ്രചരിപ്പിച്ചാൽ ആരും നോട്ട് കൊടുക്കാൻ തയ്യാറാകാതെ വരും. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇപ്പോൾ എല്ലാ കാര്യങ്ങളും ഒരു സ്വന്തം കാഴ്ചപ്പാടിലാണ് കാണുന്നത്. ഈ നാട്ടിൽ നടക്കുന്നതൊക്കെ എന്താവണമെന്ന ഊഹമൊന്നും എനിക്കറിഞ്ഞുകൂടാ. എല്ലാത്തിലും സ്വാധീനവും എല്ലാത്തിലും അഴിമതിയും കാണരുത്. മഞ്ഞപ്പിത്തം വന്നാൽ എല്ലാം മഞ്ഞയായി തോന്നും. ഇവിടെ കളി വന്നാലും കാര്യം വന്നാലും രാഷ്ട്രീയം വന്നാലും എല്ലാം വ്യക്തിയിലാണ് ഒതുക്കം. കാരണം വ്യക്തി എന്ന രാഷ്ട്രീയത്തിലാണ് ഇപ്പോൾ ജീവിതം. ഞാൻ വിശദീകരിക്കേണ്ട ആവശ്യമില്ലല്ലോ. ഇവിടെയുള്ള തർക്കം അതാണ്. ആ തർക്കത്തിൽ നിൽക്കട്ടെ. വ്യക്തി എന്ന രാഷ്ട്രീയത്തിൽ എത്തിയ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് എന്തു പറയുമ്പോഴും തന്റെ കണ്ണുകൊണ്ട് കാണാൻ കഴിയുന്നതൊക്കെ രാഷ്ട്രീയമായ ഒരു അപ്രോച്ച് ആയിരിക്കാം. ഞാൻ വിശദീകരിക്കുന്നില്ല. ഞാൻ ചൂണ്ടിക്കാണിച്ചത്, ഈ വക കാര്യങ്ങളിൽ പരാതി കിട്ടിയാൽ തീർച്ചയായും അന്വേഷിക്കാം. ഇതിൽ ചില നടപടിക്രമങ്ങളുണ്ട്. നാഷണൽ ഗെയിംസ് വന്നു, അതിനും നടപടിക്രമങ്ങളുണ്ട്. നാഷണൽ ഗെയിംസിൽ ചെറിയ തർക്കമുണ്ടായിരുന്നു. സ്പോർട്സ് അസോസിയേഷനുകൾ അവരുടെ സർട്ടിഫിക്കറ്റ് തരണം, ആ രീതിയിലുള്ള അപേക്ഷ വേണം അങ്ങനെ ചെറിയ തർക്കമുണ്ടായി. ഞങ്ങൾതന്നെ അസോസിയേഷനുമായി ബന്ധപ്പെട്ട് അത് തീർക്കാനുള്ള ശ്രമത്തിലാണ്. സ്പോർട്സ് സംഘടനാ രംഗത്ത് ചില പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. കോടതിവിധിയും മറ്റുമൊക്കെയായിട്ട് രണ്ടു തരത്തിൽ തർക്കങ്ങളുള്ള രണ്ട് സംഘടനകൾ ചില സ്ഥലത്തുണ്ട്. ദേശീയാടിസ്ഥാനത്തിലും സ്റ്റേറ്റ് അടിസ്ഥാനത്തിലുമുണ്ട്. കായികരംഗത്തെ ഈ തർക്കങ്ങൾ തീർക്കാൻ കേന്ദ്ര ഗവൺമെന്റ് ഇത് കൺകറന്റ് ലിസ്റ്റിൽ വേണമെന്ന തർക്കമൊക്കെ ഉന്നയിച്ചു വന്നതുതന്നെ ഈ തരത്തിലുള്ള കാര്യങ്ങൾ പറഞ്ഞാണ്. നമ്മളെടുത്ത ഒരു നിലപാടുണ്ട്. കേരളത്തിലെ സ്പോർട്സിന് ദേശീയാടിസ്ഥാനത്തിലെ ഇന്നത്തെ അടിത്തറ ഒരു കാരണവശാലും നഷ്ടപ്പെട്ടുകൂടാ. അതുകൊണ്ട് സ്റ്റേറ്റിന്റെ അധികാരപരിധിയെ സംബന്ധിച്ചിടത്തോളം കാർന്നെടുക്കാൻ പറ്റില്ല എന്ന നിലപാട് എടുത്തവരാണ് നമ്മൾ. സൗത്ത് ഇന്ത്യയിലെ സ്റ്റേറ്റുകൾ ആന്ധ്രയും, കർണ്ണാടകയും, തമിഴ്നാടുമൊക്കെ എടുത്ത നിലപാട് അതുതന്നെയായിരുന്നു. വടക്കേ ഇന്ത്യയിൽ വ്യത്യസ്തമായ നിലപാട് എടുത്തിട്ടുണ്ട്. വടക്കേ ഇന്ത്യയിൽ രാഷ്ട്രീയമൊന്നും ഉണ്ടായിരുന്നില്ല. രണ്ടു കക്ഷികളുടെ ഗവൺമെന്റും ഓരേ സ്റ്റാന്റ് എടുത്തു. തെക്കേ ഇൻഡ്യയിലും കക്ഷിവ്യത്യാസം വച്ച് ഒരേ സ്റ്റാന്റ് എടുത്തു. കാരണം കേരളത്തിലെ കായികരംഗത്തിൽ വടക്കേ ഇന്ത്യയിലെയൊക്കെ അനുഭവം വച്ചുകൊണ്ടാണ് ആ സ്റ്റാന്റ് എടുത്തത്. അതുകൊണ്ട് ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം കക്ഷി രാഷ്ട്രീയമേ നോക്കിയിട്ടില്ല. പൂർണ്ണമായി കായികരംഗത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഉയർച്ചയ്ക്കും വളർച്ചയ്ക്കും യാതൊരു സ്വാധീനവും മറ്റ് രീതിയിൽ ഉണ്ടാകാതെയും നിഷ്പക്ഷമായി കാര്യങ്ങൾ നടക്കണം എന്ന് ഉദ്ദേശിച്ചുമാണ് ഇത് രൂപപ്പെടുത്തിയിരിക്കുന്നത്. സ്പോർട്ട്സ് സ്കൂളിലെ സെലക്ഷനെ സംബന്ധിച്ച് ചിലർ പറഞ്ഞു. അതിനൊക്കെ സിസ്റ്റമുണ്ട്. ആ സിസ്റ്റത്തിൽ തന്നെയാണ് ചെയ്യുന്നത്.

ഡോ. എം.എ. കുട്ടപ്പൻ : സർ, നിലവിലുള്ള സ്പോർട്ട്സ് കൗൺസിലിന്റെ സംസ്ഥാന പ്രസിഡന്റ്, അദ്ദേഹത്തിന്റെ വാഹനത്തിനു മുമ്പിൽ സ്വന്തം സ്ഥാനം എഴുതിവച്ചു എന്നുമാത്രമല്ല കാറിനു മുകളിൽ ഒരു ചുവന്ന ബൾബും വച്ചാണ് നടക്കുന്നത്. എന്താണ് അതിന്റെ ആവശ്യകത എന്നറിയിച്ചാൽ കൊള്ളാം.

ശ്രീ. എ.സി. ഷൺമുഖദാസ് : ഇതൊക്കെയാണ് ഞാൻ നേരത്തെ പറഞ്ഞത്. കുട്ടപ്പാ ഈ സമയത്ത് ഇതു വേണോ? ഈ നിയമസഭയിൽ ഇത്തരത്തിലുള്ള കാര്യങ്ങൾ വേണോ? നമുക്ക് ഒരു നിലവാരമൊക്കെയില്ലേ? ആ നിലവാരത്തിൽനിന്നും താഴാമോ? മനുഷ്യനു താഴാം. ഈ സ്ഥാനത്തെ താഴ്ത്താമോ? നമുക്ക് ഒരു നിലവാരം വേണ്ടേ? അതിനെക്കുറിച്ച് ഞാൻ മറുപടി പറയുന്നില്ല. 12 കുട്ടികളെക്കൂടി 'ഓപ്പറേഷൻ ഒളിമ്പിയയിൽ' ഉൾപ്പെടുത്തുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഇ.ടി. മുഹമ്മദ് ബഷീർ പറഞ്ഞു. പഞ്ചായത്തുകളേയും കൂടി ഉൾപ്പെടുത്തി 'ഓപ്പറേഷൻ ഒളിമ്പിയ' വ്യാപകമാക്കി എല്ലാ തലങ്ങളിലും ഉയർത്തിക്കൊണ്ടുവന്ന് പരിശീലനം നടത്താനുള്ള ശ്രമത്തിലാണ്. പഞ്ചായത്തുകളിൽ നിന്നും നല്ല താൽപ്പര്യം വന്നുതുടങ്ങിയിട്ടുണ്ട്. ഗ്രാമതലങ്ങളിൽ നിന്നുമൊക്കെ പഞ്ചായത്ത് അടിസ്ഥാനത്തിൽ മുമ്പില്ലാത്ത താൽപ്പര്യങ്ങൾ വന്നുതുടങ്ങിയിട്ടുണ്ട്. ക്ലബ്ബുകളിലെ കടലാസ് അസോസിയേഷനുകളെ സംബന്ധിച്ച് ശ്രീ. കെ.പി. വിശ്വനാഥൻ പറഞ്ഞതു ശരിയാണ്. കടലാസ് അസോസിയേഷനുകൾ ഉണ്ട്. അത് തീർച്ചയായിട്ടും സെലക്ട് കമ്മിറ്റി പരിഗണിക്കേണ്ടതാണ്. കാരണം ഈ പേര് ഉപയോഗിച്ച് മറ്റു പലതിനുവേണ്ടി പരസ്യം വച്ചാണ് പലരും പ്രവർത്തിക്കുന്നത്. പരസ്യം വ്യാപകമായ ഒരു മേഖലയായി കായികരംഗം മാറുകയാണ്. വാണിജ്യ മേഖലയിലെ പുതിയ മാധ്യമങ്ങളെക്കുറിച്ചും സ്വാധീനങ്ങളെക്കുറിച്ചുമൊക്കെ നമുക്കറിയാമല്ലോ. അതൊരു പ്രധാന ഘടകമാണ്.

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, സ്പോർട്ട്സ് താരങ്ങൾക്ക് ചികിൽസാ സംവിധാനം ഇല്ല എന്നുള്ളത് പ്രധാനപ്പെട്ട ഒരു ബുദ്ധിമുട്ടായി ഗവൺമെന്റ് കണക്കിലെടുത്ത് അതിനാവശ്യമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : ഇവിടെ സ്പോർട്ട്സ് മെഡിസിനുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞു. അത്തരത്തിലുള്ള പ്രശ്നങ്ങൾ പരിശോധിക്കാം. അതു വേറെ കാര്യം. ഇവിടെ കായികക്ഷമതാ പരിപാടിയെക്കുറിച്ച് ചൂണ്ടിക്കാണിച്ചു. ശരിയാണ്. സ്കൂളുകളിൽ നേരത്തെ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചേഴ്സ് ഉണ്ടായിരുന്നു. പിന്നീട് ചില കാരണങ്ങളാൽ സാമ്പത്തികം തന്നെയായിരുന്നു പ്രധാന ഘടകം. ധനലഭ്യതയുടെ പോരായ്മകൊണ്ട് ന്യായമാണെന്നു തോന്നിയിട്ടും ഒരു വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്കും അത് തിരുത്താൻ കഴിഞ്ഞില്ല. ഇപ്പോഴും പ്രശ്നമുണ്ട്. പലയിടത്തും റിട്ടയർമെന്റ് ചെയ്ത പോസ്റ്റുകൾ നികത്തപ്പെടുന്നില്ല. ഈ സഭയിൽ തന്നെ പലതവണ ഉന്നയിക്കപ്പെട്ടതാണ്. ഇത്രയും കാലത്തിനുള്ളിൽ ഒരു 50 തവണയെങ്കിലും അതിനെ സംബന്ധിച്ച് സബ്മിഷൻ വന്നിട്ടുണ്ട്. ഇതുവരെ പരിഹാരം ഉണ്ടായിട്ടില്ല. ഞങ്ങൾ ഉദ്ദേശിക്കുന്നത്, ആ പോരായ്മ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഉണ്ടാക്കണമെന്നാണ്. കായിക വിദ്യാഭ്യാസം സ്കൂളുകളിൽ ആരംഭിക്കാൻ പോകുകയാണ്. ഈ കൊല്ലം 16 ലക്ഷം രൂപ ബഡ്ജറ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

വച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ ആരംഭിക്കാൻ പോകുകയാണ്. മറ്റ് ജില്ലകളിലും ഘട്ടംഘട്ടമായി നടപ്പാക്കുന്നതിനുള്ള ശ്രമത്തിലാണ്. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റും സ്പോർട്ട്സ് കൗൺസിലുകളും ശ്രമിച്ചാൽ സ്വാഭാവികമായും ഇന്നത്തെക്കാൾ മെച്ചപ്പെട്ട രീതിയിൽ വരും. ഇതിനുവേണ്ടി കുറച്ചുകൂടി ചർച്ചകൾ വേണ്ടി വരും. ആ ചർച്ച കൊണ്ട് ഈ രംഗത്ത് വലിയ മാറ്റമുണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, കായിക വിദ്യാഭ്യാസം സ്കൂളുകളിൽ ഒരു നിർബന്ധ വിഷയമാക്കി മാറ്റാൻ അങ്ങ് മുൻകൈയെടുക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : വിദ്യാഭ്യാസ മേഖലയിൽ ഒരു ചർച്ച വരുമ്പോൾ ഈ അഭിപ്രായം വയ്ക്കാം. ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നത് പാഠ്യേതര പ്രവർത്തനങ്ങൾ പോരാ എന്നാണ്. കരിക്കുലത്തിന്റെ ഭാഗമായി അത് മാറ്റാൻ കഴിയണം. ഇന്നത്തെക്കാൾ കുറച്ചുകൂടി മെച്ചപ്പെട്ട രീതിയിൽ വേണം. തീർച്ചയായും പരിശോധിക്കേണ്ട കാര്യമാണ്. മറ്റ് കാര്യങ്ങളെക്കുറിച്ച് ഒന്നും ഇവിടെ പറയേണ്ട കാര്യമില്ല. ഈ ചർച്ചയിൽ പങ്കെടുത്ത എല്ലാ അംഗങ്ങളോടും ഞാൻ നന്ദി രേഖപ്പെടുത്തുന്നു. സാമ്പത്തിക കാര്യങ്ങളെക്കുറിച്ച് ചൂണ്ടിക്കാണിച്ചു. സ്പോർട്ട്സ് രംഗത്തെ അത്യാവശ്യമായ ഒരു ഘടകമാണ് കളിക്കളം. അതുകഴിഞ്ഞാൽ പരിശീലകരാണ്. അവർക്ക് ആഹാരം വേണം. സാങ്കേതിക ശാസ്ത്ര രംഗത്തെ നേട്ടങ്ങളുണ്ട്. അത് നമുക്ക് ഉപകരിക്കുന്നില്ല. പി.ടി. ഉഷയെപ്പോലുള്ള ആളുകൾക്ക് വിദേശത്തുകൂടി പരിശീലനം കിട്ടിയിരുന്നുവെങ്കിൽ ചിലപ്പോൾ ഇതിനെക്കാൾ മെച്ചപ്പെടുമായിരുന്നു. സംസ്ഥാന ഗവൺമെന്റ് ബോബി അലോഷ്യസിനെ 3 ലക്ഷം രൂപ കൊടുത്ത് ഫിൻലണ്ടിൽ പരിശീലനത്തിനയച്ചു. ഇപ്പോൾ ഫിൻലണ്ടിൽ പരിശീലനം നടത്തുകയാണ്. അത്തരത്തിലുള്ള നിർദ്ദേശങ്ങൾ വന്നാൽ പണം അതിനൊരു പ്രശ്നമല്ല. കിട്ടാവുന്ന പരമാവധി സൗകര്യങ്ങൾ നമ്മൾ ഉപയോഗപ്പെടുത്തുകയാണ്. അതുകൊണ്ട് ഈ സ്പോർട്ട്സ് ബിൽ ഈ കേരളത്തിലെ സ്പോർട്ട്സ് മേഖലയ്ക്ക് ഒരു പുതിയ ചർച്ചയ്ക്ക് വഴി തുറന്നുകൊടുക്കുന്ന ഒന്നാകും. ജനങ്ങളുടേയും കൂടി സഹകരണത്തോടുകൂടി ഇത് പാസ്സാക്കിയെടുത്താൽ ഇത് ഒരു വലിയ ഘടകമായി മാറുമെന്ന് വിശ്വസിക്കുന്നു. ഈ ബില്ലിന്റെ ചർച്ചാ വേളയിൽ പങ്കെടുത്ത എല്ലാവരോടും ഞാൻ നന്ദി രേഖപ്പെടുത്തിക്കൊണ്ട്, ബിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു സെലക്ട് കമ്മിറ്റിക്ക് വിടാൻ ഞാൻ ബഹുമാനപ്പെട്ട സഭയോട് അഭ്യർത്ഥിക്കുന്നു. ശ്രീ. എം. ദാസൻ, ശ്രീ. എം. നാരായണൻ(കുഴൽമന്ദം), ശ്രീ. ജോൺ ഫെർണാണ്ടസ്, ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ, ശ്രീ. ജോസ് ബേബി, ശ്രീ. കെ.പി. രാജേന്ദ്രൻ, ശ്രീ. പി.സി. ജോർജ്, ശ്രീ. സി.കെ. നാണു, ശ്രീ. വി.സി. കബീർ, ശ്രീ. ടി. നാണു മാസ്റ്റർ, ശ്രീ. സി.എഫ്. തോമസ്, ശ്രീ. കെ.പി. വിശ്വനാഥൻ, ശ്രീ. കെ.സി. വേണുഗോപാൽ, ശ്രീ. വി. ബാലറാം, ശ്രീ. പി.ജെ. ജോയി, ശ്രീ. പി.കെ.കെ. ബാവ, ശ്രീ. ചെർക്കളം അബ്ദുള്ള.

മി. സ്പീക്കർ : ഏതായാലും ദീർഘനാളത്തെ കാത്തിരിപ്പിനു ശേഷം ആണെങ്കിലും ഇത്തരത്തിൽ സമഗ്രമായ ഒരു സ്പോർട്ട്സ് നിയമം ഈ നിയമസഭയിൽ അവതരിപ്പിക്കാൻ കഴിഞ്ഞത് ഒരു വലിയ വിജയമാണ്. അതിന് അസാധാരണമായ ഒരു താൽപ്പര്യം കാണിച്ച ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്.

ശ്രീ. ടി.എം. ജേക്കബ് : സാധാരണ സെലക്ട് കമ്മിറ്റി രൂപീകരണത്തിന് ഒരു മാനദണ്ഡമൊക്കെയുണ്ട്. സഭയിൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന കക്ഷികൾക്ക്..... ഇവിടെനിന്നും പ്രൊപ്പോസ് ചെയ്ത് കൊടുത്ത കൂട്ടത്തിൽ ശ്രീ. ജോണി നെല്ലൂരിന്റെ പേരുണ്ടായിരുന്നു. വായിച്ച കൂട്ടത്തിൽ അതില്ല. അത് എങ്ങനെ സംഭവിക്കുന്നു. ഇവിടെയിപ്പോൾ സഭയിൽ അംഗീക

LIBRARY ARCHIVES Kerala Legislative Assembly

രിക്കപ്പെട്ട കക്ഷിയുണ്ട്. ആ കക്ഷികളുടെ എല്ലാവരുടെയും പ്രതിനിധികൾ ഇതിൽ വന്നിട്ടുണ്ട്. ശ്രീ. ജോണി നെല്ലൂരിന്റെ പേര് പ്രൊപ്പോസ് ചെയ്ത താണ്. സെലക്ട് കമ്മിറ്റിയിൽ അത് കാണുന്നില്ല.

മി. സ്പീക്കർ : അതിൽ എന്തു സംഭവിച്ചു? എന്താണ്?

ശ്രീ. ടി.കെ. ഹംസ : സെലക്ട് കമ്മിറ്റി രൂപീകരണത്തെക്കുറിച്ച് രണ്ടു ഭാഗത്തെയും സമന്വയിപ്പിച്ച് ചർച്ച ചെയ്യുകയുണ്ടായി. അപ്പോൾ 10 അംഗ ങ്ങൾ ഭരണപക്ഷത്തുനിന്നും 7 അംഗങ്ങൾ പ്രതിപക്ഷത്തുനിന്നും എന്നുമാണ് മാനസികമായ ഐക്യത്തിൽ എത്തിയത്. പിന്നെ കൂട്ടണമെന്നുള്ള അഭിപ്രായ മുണ്ടായിരുന്നു. കൂട്ടാൻ സാധ്യമല്ല എന്നു പറഞ്ഞിട്ടുമുണ്ട്. അതുകൊണ്ട് ആ നിലയിൽ പ്രതിപക്ഷത്തിന് 7 അംഗങ്ങളാണ് ഉണ്ടാവുക. 8 ആളുകളുടെ പേര് എഴുതിത്തന്നു. അപ്പോൾ സ്വാഭാവികമായും അവസാനത്തെ ആൾ പോയി. അത്രേയുള്ളൂ. ഇന്നയാൾ എന്ന് നോക്കിയില്ല. സീനിയോറിറ്റിയായി 8 ആളുക ളുടെ പേര് എഴുതിതന്നിട്ടുണ്ട്. 7 ആളുകളുടെ പേരെടുത്തു. ഒരാളെ വിട്ടുകള ഞ്ഞു. വേറെ വഴിയില്ല.

ശ്രീ. ടി.എം. ജേക്കബ് : ഈ സഭയിൽ സെലക്ട് കമ്മിറ്റി രൂപീകരണ ത്തിന് ഒരു സിസ്റ്റമുണ്ടല്ലോ. സെലക്ട് കമ്മിറ്റികൊണ്ട് ഉദ്ദേശിക്കുന്നത് സഭയി ലുള്ള ആളുകളുടെ അഭിപ്രായം അവരുടെ കക്ഷികൾ പോയി തെളിവെടുത്ത് അതുസംബന്ധിച്ച് ബിൽ പൈലറ്റു ചെയ്യുന്ന മന്ത്രി ചെയർമാനായി ഈ സഭ യിൽ റിപ്പോർട്ടു കൊണ്ടുവരികയാണ്. എത്രയോ വർഷങ്ങളായി ഇവിടെ തുട രുന്ന കീഴ്വഴക്കമുണ്ട്. ആ കീഴ്വഴക്കത്തിന് വ്യത്യസ്തമായ ഒരു സമീപനം ഉണ്ടായത് ശരിയല്ല. എനിക്ക് അതിൽ സ്ട്രോംഗായിട്ടുള്ള ഒബ്ജക്ഷനുണ്ട്. അത് ഞാനിവിടെ രേഖപ്പെടുത്തുകയാണ്.

മി. സ്പീക്കർ : സാധാരണ.....

പ്രൊഫ. എ.വി. താമരാക്ഷൻ : സെലക്ട് കമ്മിറ്റി ലിസ്റ്റ് വായിച്ചതിൽ ആർ.എസ്.പി. ക്ക് ശക്തമായ പ്രതിഷേധമുണ്ട്. ശ്രീ. ബേബി ജോൺ ലീഡറും ശ്രീ. ബാബു ദിവാകരൻ സെക്രട്ടറിയുമായിട്ടുള്ള പാർലമെന്ററി പാർട്ടിയെ യാണ് നിയമസഭയിൽ അംഗീകരിച്ചിട്ടുള്ളത്.

മി. സ്പീക്കർ : ആ വിഷയങ്ങളൊന്നും ചർച്ചാ വിഷയങ്ങളല്ല..... ഇവിടെ ഭരണപക്ഷവും പ്രതിപക്ഷവും എന്നുള്ള നിലയിൽ രണ്ടായി ഡിവൈഡ് ചെയ്ത് കാര്യങ്ങൾ ചർച്ചചെയ്തതാണ്.

പ്രൊഫ. എ.വി. താമരാക്ഷൻ : അതിനുശേഷം.....മൂന്ന് എം.എൽ.എ. മാരുള്ള.....

സ്പോർട്ട്സ് പോലെയുള്ള ഒരു സെലക്ട് കമ്മിറ്റി വരുന്ന അവസര ത്തിൽ ആ കമ്മിറ്റിയിൽ ഞങ്ങൾക്ക് അംഗത്വം വേണം. കാരണം വാസ്തവ ത്തിൽ സ്പോർട്സുമായി ബന്ധമുള്ളവരാണല്ലോ ഈ സമയത്ത് വരേണ്ടത്. ആ തരത്തിൽ ഈ കമ്മിറ്റിയിൽ അംഗത്വം വേണമെന്ന് ചീഫ് വിപ്പിനോട് ഞങ്ങൾ ആവശ്യപ്പെട്ടിരുന്നു. ഇപ്പോൾ ശ്രീ. ബാബുദിവാകരനും ഞാനും അതിന് യോഗ്യനാണ്.

മി. സ്പീക്കർ : പോയിന്റ് ക്ലിയറായി.

പ്രൊഫ. എ.വി. താമരാക്ഷൻ : ഇക്കാര്യത്തിൽ ഞങ്ങൾക്ക് ശക്തമായ പ്രതിഷേധമുണ്ട്. അത് കവർചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ടി.കെ. ഹംസ : സർ, ബഹുമാനപ്പെട്ട ജേക്കബ്.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അതിവിടെ ചർച്ച ചെയ്യേണ്ട ആവശ്യമില്ല. ഞാൻ ആ ചർച്ച അനുവദിച്ചത് ശരിയാണെന്നുള്ള അഭിപ്രായം എനിക്കില്ല. ചർച്ചയില്ലാതെ പരിഹരിക്കാവുന്ന പ്രശ്നമാണത്. ഇങ്ങനെ പരിഹരിക്കാൻ കഴിയുന്നതല്ല. അങ്ങനെ തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കുന്നത് ശരിയല്ല. ഞാൻ അനുവദിച്ചുപോയി. അല്ലെങ്കിൽ അനുവദിക്കുന്നതുതന്നെ ശരിയല്ല. അങ്ങനെ ചർച്ച ചെയ്ത് പരിഹരിക്കാവുന്നതല്ല. നാളെയും വേണ്ടിവരും. ഇത് നിങ്ങൾക്ക് പരിഹരിക്കാമല്ലോ. നിങ്ങൾക്ക് വിട്ടുതന്നതല്ലേ. ചെയറിന്റെ കാര്യമല്ലായിത്. അങ്ങ് പറയാൻ പോകുന്ന കാര്യമറിയാം. ഇവരെ ഉൾപ്പെടുത്തണമെന്നാണ് അങ്ങ് പറയാൻ പോകുന്നത്. മനസ്സിലായി..... രണ്ടുപേരെയും ഉൾപ്പെടുത്തണമെന്നായിരിക്കും പറയുക.

ശ്രീ. ജി. കാർത്തികേയൻ : സർ, ഞാൻ ശ്രീ. ടി.കെ. ഹംസയെ സഹായിക്കാൻ പറയുന്നതാണ്. ഇതിവിടെ വന്നുപോയി. നിർഭാഗ്യകരമാണ്. ഇനിയിപ്പോൾ അതിന്റെ പോസ്റ്റുമോർട്ടത്തിലേയ്ക്ക് പോകുന്നത് ശരിയല്ല. ഇവിടെയിപ്പോൾ രണ്ടുപേരുടെ പ്രശ്നമാണല്ലോ. രണ്ടുപേർകൂടി വരുന്നതുകൊണ്ട് പ്രശ്നമൊന്നുമില്ലല്ലോ. അതുകൊണ്ട് അത് പരിഹരിക്കാവുന്നതേയുള്ളൂ. എന്റെ സജഷൻ എന്നുപറയുന്നത് ഇവിടെ ശ്രീ. ജോണി നെല്ലൂരിന്റെയും ശ്രീ. ബാബുദിവാകരന്റേയും പേരു പറഞ്ഞു. രണ്ടുപേരെയും ഉൾപ്പെടുത്തി ഈ അനാരോഗ്യകരമായ ചർച്ച പര്യവസാനിപ്പിക്കാം.

ശ്രീ. ടി.കെ. ഹംസ : ബഹുമാനപ്പെട്ട ജേക്കബ് പറഞ്ഞത്, പാർട്ടികളുടെ ഭാഗത്തുനിന്നുള്ള കാര്യങ്ങളെയൊക്കെ പറ്റിയാണ്. ഞങ്ങളിവിടെ രണ്ടു മുന്നണിയായിട്ട് പ്രവർത്തിക്കുന്നു. ഗവൺമെന്റ് ചീഫ് വിപ്പ് ഈ ഭാഗത്തുള്ളതും ആ ഭാഗത്തുള്ളതും കേൾക്കുന്നുണ്ട്. ഇവിടുത്തെ മറ്റു വിപ്പുമാരോടുമൊക്കെ ഞങ്ങൾ ആലോചിച്ചതാണ്. ഇവിടെ പ്രതിപക്ഷ വിപ്പുണ്ട്. പാർലമെന്ററി പാർട്ടിയുടെ സെക്രട്ടറിയുണ്ട്. അവരോടൊക്കെ ആലോചിച്ച് ലിസ്റ്റ് തയ്യാറാക്കി. 7 ആളുടെ ലിസ്റ്റു തരേണ്ടതിന് 8 ആളുടെ പേരുതന്നാൽ സീനിയോറിറ്റിവച്ച് അവസാനത്തെയാൾ പോവുകയേ നിവൃത്തിയുള്ളൂ. അതിപ്പോൾ ഇവിടെനിന്നും ഒന്നു എടുക്കുക, അവിടെനിന്നും ഒന്നെടുക്കുക എന്നുള്ള മധ്യസ്ഥത ഇവിടെ പറയേണ്ട കാര്യമല്ല. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിനും ബഹുമാനപ്പെട്ട കാർത്തികേയനും എന്തെങ്കിലും പറയാനുണ്ടെങ്കിൽ ഇവിടുത്തെ ഏറ്റവും വലിയ പാർട്ടി മാർക്സിസ്റ്റു പാർട്ടിയാണ്. ഞങ്ങൾ നാല് ആളേ എടുത്തുള്ളൂ. നിങ്ങൾ മൂന്നാളെ എടുത്താൽ മതി. കോൺഗ്രസിൽ നിന്നും ഒന്ന് പിൻവലിക്ക് എന്നിട്ട് ശ്രീ. ജേക്കബിന് കൊടുക്ക്. ആ മധ്യസ്ഥത എന്താണ് തീരുമാനിക്കാത്തത്. വേറെ ഏതൊരു മാർഗ്ഗത്തിനും ഞങ്ങൾ തയ്യാറല്ല.

മി. സ്പീക്കർ : ഈ ഡിസ്ക്കഷൻ ചെയർ ക്ലോസ് ചെയ്യുന്നു. ഇത് അനുവദിച്ചുവെന്നുള്ളത് ഇരിക്കട്ടെ. അനുവദിച്ചുവെങ്കിലും ചെയർ ക്ലോസു ചെയ്യുന്നു. കാരണം ഫ്ളോറിൽവച്ച് ഇങ്ങനെ ചർച്ച ചെയ്ത് പരിഹരിക്കേണ്ട പ്രശ്നമല്ലായിത്. നാളെയും ഇത്തരത്തിൽ വരുന്ന പ്രശ്നങ്ങൾ ആ രൂപത്തിൽത്തന്നെ പരിഹരിക്കണം എന്നാണ് ചെയറിന് പറയാനുള്ളത്. നാളെയും വരും.

ശ്രീ. കെ.പി. വിശ്വനാഥൻ, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ.പി. വിശ്വനാഥൻ : ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. കെ.പി. വിശ്വനാഥൻ അവതരിപ്പിച്ച ഭേദഗതിയെ അനുകൂലിക്കുന്നവർ.....

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ.....

നിഷ്പക്ഷത പാലിക്കുന്നവർ

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. വിശ്വൻ അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. വിശ്വൻ : ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. പി. വിശ്വൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു. 1999-ലെ കേരള സ്പോർട്സ് ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ.....

നിഷ്പക്ഷതപാലിക്കുന്നവർ.....

ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ജൂലൈ മാസം 20-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.47-ന് പിരിഞ്ഞു.)

അനുബന്ധം - I

(19.7.99-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 8 (*496) ദയവായി കാണുക)

1. സിവിൽ സപ്ലൈസ് കോർപ്പറേഷൻ എല്ലാമാസവും 12375 ടൺ പഞ്ചസാര പൊതുവിതരണത്തിനുവേണ്ടി 14279 റേഷൻ കടകൾവഴി വിതരണം നടത്താൻ 61 താലൂക്ക് ഡിപ്പോകൾ വഴി എത്തിച്ചുകൊടുക്കുന്നു.

2. സംസ്ഥാനത്തെ പൊതുവിതരണ കേന്ദ്രങ്ങൾക്ക്, പൊതുവിതരണ പദ്ധതി പ്രകാരമുള്ള അരിയും ഗോതമ്പും വിതരണം ചെയ്യുന്ന 9 ഹോൾസെയിൽ സബ്ഡിപ്പോകൾ പലയിടങ്ങളിലായി കോർപ്പറേഷൻ ഏറ്റെടുത്ത് നടത്തിവരുന്നു.

3. ഗോതമ്പു പൊടിച്ച് ആട്ടയാക്കി റേഷൻ കടകളിലൂടെയും സ്വന്തം വില്പന ശാലകളിലൂടെയും കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കുന്നു.

4. സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്കുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള ഉച്ചഭക്ഷണ പദ്ധതിക്ക് ആവശ്യമായ ധാന്യങ്ങൾ സ്കൂളുകൾക്ക് നൽകുന്നു.

5. ഉത്സവകാലങ്ങളിൽ ഉണ്ടാകാവുന്ന വിലക്കയറ്റം പിടിച്ചു നിർത്തുക എന്ന ലക്ഷ്യം മുൻനിർത്തി ഓണം, ക്രിസ്തുമസ്, റംസാൻ തുടങ്ങിയ ഉത്സവകാലങ്ങളിൽ ഉത്സവ ചന്തകൾ നടത്തുന്നു.

6. ഉപഭോക്തൃ വസ്തുക്കൾ ഒരു കുരയ്ക്കു കീഴിൽ ലഭ്യമാക്കുന്നതിനായി 18 സൂപ്പർ മാർക്കറ്റുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിപ്പിക്കുന്നു.

7. ജീവൻരക്ഷാ ഔഷധങ്ങൾ ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി 9 മാവേലി മെഡിക്കൽ ഷോപ്പുകൾ നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - XXII

പത്താം കേരള നിയമസഭ

ബിൽ നമ്പർ 208

1999-ലെ കേരള സ്പോർട്ട്സ് ബിൽ

LIBRARY ARCHIVES Kerala Legislative Assembly

742/2010.

പത്താം കേരള നിയമസഭ

ബിൽ നമ്പർ 203

1999-ലെ കേരള സ്പോർട്ട്സ് ബിൽ

കേരള സംസ്ഥാനത്ത് സ്പോർട്ട്സും ഗെയിംസും പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും അതിനായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും, പ്രാദേശിക തലത്തിലും സ്പോർട്ട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിനും അതിന് അനുബന്ധമോ ആനുഷംഗികമോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക : സംസ്ഥാനത്ത് സ്പോർട്ട്സും ഗെയിംസും പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും 'എല്ലാവർക്കും കായികവിനോദം' എന്ന ആശയം വ്യാപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നത് അനിവാര്യവും യുക്തവുമായിരിക്കയാലും;

സ്പോർട്ട്സിലും ഗെയിംസിലും കൂടുതൽ വിപുലമായ തോതിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും പ്രാദേശിക തലത്തിലും സ്പോർട്ട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതും മേൽപ്പറഞ്ഞ കാര്യങ്ങൾ നടപ്പാക്കുന്നതിനായി അപ്രകാരമുള്ള സ്പോർട്ട്സ് കൗൺസിലുകൾക്ക് പ്രത്യേക അധികാരങ്ങൾ നൽകുന്നതും യുക്തമായിരിക്കയാലും;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അമ്പതാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

അദ്ധ്യായം I

പ്രാരംഭം

1. ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും :- (1) ഈ ആക്റ്റിന് 1999-ലെ കേരള സ്പോർട്ട്സ് ആക്റ്റ് എന്ന് പേർ പറയാം.

2. ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

3. ഇത് സർക്കാർ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതും വ്യത്യസ്ത പ്രദേശങ്ങൾക്കു വേണ്ടിയും വ്യത്യസ്ത വ്യവസ്ഥകൾക്കു വേണ്ടിയും വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതും, ഏതെങ്കിലും പ്രദേശവുമായി ബന്ധപ്പെട്ട് ഈ ആക്റ്റിന്റെ പ്രാരംഭത്തെക്കുറിച്ച് ഉണ്ടാകാവുന്ന ഏതെങ്കിലും പരാമർശം ആ പ്രദേശത്ത് പ്രസ്തുത വ്യവസ്ഥയുടെ പ്രാരംഭത്തെക്കുറിച്ചുള്ള ഒരു പരാമർശമായി വ്യാഖ്യാനിക്കേണ്ടതുമാണ്.

2. നിർവചനങ്ങൾ : - ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം -

(i) "അപ്പലേറ്റ് ട്രൈബ്യൂണൽ" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ച അപ്പലേറ്റ് ട്രൈബ്യൂണൽ എന്നർത്ഥമാകുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ii) "ബ്ലോക്ക് സ്പോർട്ട്സ് കൗൺസിൽ" എന്നാൽ ഒരു ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനുവേണ്ടി 15-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ബ്ലോക്ക് സ്പോർട്ട്സ് കൗൺസിൽ എന്നർത്ഥമാകുന്നു;

(iii) "കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിൽ" എന്നാൽ ഒരു മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തിനുവേണ്ടി, 15-ാം വകുപ്പു പ്രകാരം രൂപീകരിക്കപ്പെട്ട ഒരു കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിൽ എന്നർത്ഥമാകുന്നു;

(iv) "ജില്ല" എന്നാൽ ഒരു റവന്യൂ ജില്ല എന്നർത്ഥമാകുന്നു;

(v) "ജില്ലാ സ്പോർട്ട്സ് കൗൺസിൽ" എന്നാൽ ഒരു ജില്ലയ്ക്കു വേണ്ടി 9-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ജില്ലാ സ്പോർട്ട്സ് കൗൺസിൽ എന്നർത്ഥമാകുന്നു;

(vi) "വിദ്യാഭ്യാസസ്ഥാപനം" എന്നാൽ സർവ്വകലാശാല, കോളേജ്, സ്കൂൾ, പോളിടെക്നിക്, ശാസ്ത്ര-സാങ്കേതിക വിഷയങ്ങളിലോ അഥവാ ആർട്ട്സ് വിഷയങ്ങളിലോ അദ്ധ്യാപനം നൽകുന്ന മറ്റ് സ്ഥാപനം അഥവാ വിദ്യാഭ്യാസ സ്ഥാപനമായി സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റ് സ്ഥാപനം, എന്നർത്ഥമാകുന്നു;

(vii) "നിലവിലുള്ള സ്പോർട്ട്സ് കൗൺസിൽ" എന്നാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന നിലവിലുള്ള സ്പോർട്ട്സ് കൗൺസിൽ എന്നർത്ഥമാകുന്നു;

(viii) "അംഗം" എന്നാൽ, സന്ദർഭത്തിനു അനുയോജ്യമായി, സംസ്ഥാന സ്പോർട്ട്സ് കൗൺസിലിലേയോ ജില്ലാ സ്പോർട്ട്സ് കൗൺസിലിലേയോ കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിലിലേയോ മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിലിലേയോ ടൗൺ സ്പോർട്ട്സ് കൗൺസിലിലേയോ ബ്ലോക്ക് സ്പോർട്ട്സ് കൗൺസിലിലേയോ വില്ലേജ് സ്പോർട്ട്സ് കൗൺസിലിലേയോ, അംഗം എന്നർത്ഥമാകുന്നു;

(ix) "മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിൽ" എന്നാൽ ഒരു മുനിസിപ്പൽ കൗൺസിൽ പ്രദേശത്തിനുവേണ്ടി 15-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിൽ എന്നർത്ഥമാകുന്നു;

(x) "വിജ്ഞാപനം" എന്നാൽ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു;

(xi) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(xii) "അംഗീകൃത സ്പോർട്ട്സ് സംഘടന" എന്നാൽ, ഈ ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിലിൽ അംഗീകൃത സംഘടനയായി രജിസ്റ്റർ ചെയ്ത ഒരു സ്പോർട്ട്സ് സംഘടന എന്നർത്ഥമാകുന്നു;

(xiii) "റഗുലേഷൻ" എന്നാൽ ഈ ആക്ട് പ്രകാരം സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ ഉണ്ടാക്കുന്ന റെഗുലേഷൻ എന്നർത്ഥമാകുന്നു;

(xiv) "സ്പോർട്ട്സ്" എന്നതിൽ ഔട്ട്ഡോർ ഗെയിമുകൾ, കായികാഭ്യാസങ്ങൾ, തുറസ്സായ സ്ഥലത്ത് വച്ച് നടത്തുന്ന കായിക മത്സരക്കളികൾ അഥവാ ഗ്രാമീണ കായിക വിനോദങ്ങൾ, ഇൻഡോർ ഗെയിമുകൾ, ജലകായിക വിനോദങ്ങൾ എന്നീ നിലകളിൽ സംഘടിപ്പിക്കുന്ന പ്രവർത്തനങ്ങളും,

LIBRARY ARCHIVES Kerala Legislative Assembly

കുതിരപന്തയം, ഷോജമ്പിംഗ്, സൈക്കിളിംഗ്, മോട്ടോർ, പന്തയം, പർവ്വതാരോഹണം, വള്ളംകളി, റൈഫിൾ ഷൂട്ടിംഗ്, കളരിപ്പയറ്റ്, വാൾപ്പയറ്റ്, യോഗാഭ്യാസം എന്നീ ജനപ്രീതി നേടിയിട്ടുള്ള വിനോദങ്ങളും മറ്റ് ഔട്ട്ഡോറും ഇൻഡോറും ആയ കായിക വിനോദങ്ങളും, കളികളും, ചെസ്സും, ജിംനാസ്റ്റിക്സും, ഗുസ്തിയും, ഭാരോദ്വഹനവും, സൈക്കിൾ പോളോയും എല്ലാത്തരം ഒളിംപിക് ഇനങ്ങളും സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ ശുപാർശയിൻമേൽ സംസ്ഥാന സർക്കാർ, വിജ്ഞാപനംമൂലം, ഒരു കായിക വിനോദമായോ കളിയായോ വിനിർദ്ദേശിക്കുന്ന മറ്റ് കായിക പ്രവർത്തനങ്ങളും ഉൾപ്പെടുന്നതുമാകുന്നു.

(xv) "സ്പോർട്ട്സ് സംഘടന" എന്നാൽ സ്പോർട്ട്സും ഗെയിംസും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നിയമാനുസൃതം രൂപീകരിച്ചിട്ടുള്ളതും ലിഖിതമായ ഒരു ഭരണഘടനയുള്ളതുമായ ഒരു സംഘടന എന്നർത്ഥമാകുന്നു.

(xvi) "സ്പോർട്ട്സ് ക്ലബ്" എന്നാൽ, അതതു സംഗതിപോലെ കോർപ്പറേഷൻ സപോർട്ട്സ് കൗൺസിലിലോ മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിലിലോ ടൗൺ സ്പോർട്ട്സ് കൗൺസിലിലോ ബ്ലോക്ക് സ്പോർട്ട്സ് കൗൺസിലിലോ ഗ്രാമ സ്പോർട്ട്സ് കൗൺസിലിലോ രജിസ്റ്റർ ചെയ്തിട്ടുള്ളതും സംസ്ഥാന സ്പോർട്ട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും സ്പോർട്ട്സ് സംഘടനയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതുമായ ഒരു സ്പോർട്ട്സ് സംഘടന എന്നർത്ഥമാകുന്നു.

(xvii) "സ്പോർട്ട്സ് താരം" എന്നാൽ സ്പോർട്ട്സ് ഇനങ്ങളിൽ മികവ് കാണിച്ചിട്ടുള്ള ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നതും സ്പോർട്ട്സിന്റെ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുകയോ അഥവാ സ്പോർട്ട്സ് പ്രോത്സാഹിപ്പിക്കുന്നതുമായി മറ്റ് വിധത്തിൽ ബന്ധപ്പെട്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളും ഉൾപ്പെടുന്നതുമാകുന്നു.

(xviii) "സ്റ്റാന്റിംഗ് കമ്മിറ്റി" എന്നാൽ സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി എന്നർത്ഥമാകുന്നു;

(xix) "സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ" എന്നാൽ 3-ാം വകുപ്പു പ്രകാരം രൂപീകരിക്കപ്പെട്ട കേരള സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ എന്നർത്ഥമാകുന്നു;

(xx) "സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ ചെയർമാൻ" എന്നാൽ സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ ചെയർമാൻ എന്നർത്ഥമാകുന്നു;

(xxi) "സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ പ്രസിഡന്റ്" എന്നാൽ സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ പ്രസിഡന്റായി സർക്കാർ നാമനിർദ്ദേശം ചെയ്ത ആൾ എന്നർത്ഥമാകുന്നു;

(xxii) "ടൗൺ സ്പോർട്ട്സ് കൗൺസിൽ" എന്നാൽ ഒരു ടൗൺ പഞ്ചായത്ത് പ്രദേശത്തിനുവേണ്ടി 15-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ടൗൺ സ്പോർട്ട്സ് കൗൺസിൽ എന്നർത്ഥമാകുന്നു;

(xxiii) "ഗ്രാമ സ്പോർട്ട്സ് കൗൺസിൽ" എന്നാൽ ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്തിനുവേണ്ടി 15-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ഗ്രാമ സ്പോർട്ട്സ് കൗൺസിൽ എന്നർത്ഥമാകുന്നു;

(xxiv) "വർഷം" എന്നാൽ, സാമ്പത്തിക വർഷം എന്നർത്ഥമാകുന്നു;

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യായം II

സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ സ്ഥാപിക്കലും അതിന്റെ പ്രവർത്തനങ്ങളും

3. കേരള സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ രൂപീകരണവും ഘടനയും :- (1) സർക്കാർ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം കഴിയുന്നത്രവേഗം, വിജ്ഞാപനം വഴി, വിജ്ഞാപനത്തിൽ പറയുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി, "കേരള സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ" എന്ന് വിളിക്കപ്പെടുന്ന ഒരു സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(2) സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ മേൽപ്പറഞ്ഞ പേരിൽ, ശാശ്വത പിന്തുടർച്ചാവകാശവും പൊതു മുദ്രയും ഉള്ള ഒരു ഏകാംഗീകൃത നികായം ആയിരിക്കുന്നതും അതിന്, ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കു വിധേയമായി, സ്ഥാവര ജംഗമ വസ്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും കയ്യൊഴിക്കുന്നതിനും കരാറുകളിൽ ഏർപ്പെടുന്നതിനുമുള്ള അധികാരം ഉണ്ടായിരിക്കുന്നതും, പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യാവുന്നതും ആകുന്നു.

(3) കേരള സംസ്ഥാന സ്പോർട്ട്സ് കൗൺസിലിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:-

എക്സ്-ഓഫിഷ്യോ അംഗങ്ങൾ

(എ) സ്പോർട്ട്സിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹം സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ ചെയർമാൻ ആയിരിക്കുന്നതാണ്;

(ബി) സ്പോർട്ട്സ് വകുപ്പ് കൈകാര്യം ചെയ്യുന്ന ഗവൺമെന്റ് സെക്രട്ടറി;

(സി) ധനകാര്യ സെക്രട്ടറി (എക്സ്പെൻഡിച്ചർ);

(ഡി) പോലീസ് ഡയറക്ടർ ജനറൽ;

(ഇ) ഡയറക്ടർ, സ്പോർട്ട്സും യുവജനക്ഷേമവും;

(എഫ്) പൊതു വിദ്യാഭ്യാസ ഡയറക്ടർ;

(ജി) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ;

തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

(എ) ഓരോ അംഗീകൃത സംസ്ഥാന സ്പോർട്ട്സ് സംഘടനയിൽനിന്നും, അങ്ങനെയുള്ള സംഘടനയിലെ അംഗങ്ങൾ അവരിൽനിന്നും തെരഞ്ഞെടുക്കുന്ന ഒരംഗം വീതം;

(ബി) ഓരോ ജില്ലാ സ്പോർട്ട്സ് കൗൺസിലിൽ നിന്ന്, അങ്ങനെയുള്ള ജില്ലാ സ്പോർട്ട്സ് കൗൺസിലിലെ അംഗങ്ങൾ അവരുടെയിടയിൽനിന്നും തെരഞ്ഞെടുക്കുന്ന, ഒരംഗം വീതം;

(സി) സംസ്ഥാനത്തെ ഓരോ സർവ്വകലാശാലയിൽനിന്നും അങ്ങനെയുള്ള സർവ്വകലാശാലാ യൂണിയന്റെ ജനറൽ കൗൺസിൽ അംഗങ്ങൾ, സർവ്വ

LIBRARY ARCHIVES Kerala Legislative Assembly

കലാശാലാ ടീമുകളിലെ ക്യാപ്റ്റൻമാരിൽനിന്നും തെരഞ്ഞെടുക്കുന്ന, ഒരംഗം വീതം;

നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ

സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന,:-

(i) ഒരു പാർലമെന്റംഗം;

(ii) രണ്ട് നിയമസഭാംഗങ്ങൾ;

(iii) ഒരു മുനിസിപ്പൽ കോർപ്പറേഷൻ മേയർ;

(iv) ഒരു മുനിസിപ്പൽ കൗൺസിൽ ചെയർ പേഴ്സൺ;

(v) ഒരു ടൗൺ പഞ്ചായത്ത് ചെയർ പേഴ്സൺ;

(vi) ഒരു ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്;

(vii) ഒരു ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്;

(viii) കേരളത്തിലെ സർവ്വകലാശാലകളിൽ നിന്നുള്ള മുന്ന് ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർമാർ;

(ix) സ്പോർട്ട്സിൽ നേട്ടങ്ങൾ കൈവരിച്ച, രണ്ട് സ്പോർട്ട്സ് വിദഗ്ദ്ധർ-അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്.

(4) സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന് അതിലെ അംഗങ്ങൾക്കിടയിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രസിഡന്റും, (3)-ാം ഉപവകുപ്പിൽ "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ, (എ), (ബി) എന്നീ ഇനങ്ങളിൽ പറയുന്ന അംഗങ്ങൾക്കിടയിൽനിന്നും നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, സംസ്ഥാന സ്പോർട്ട്സ് കൗൺസിലിലെ അംഗങ്ങൾ തെരഞ്ഞെടുക്കുന്ന ഒരു വൈസ് പ്രസിഡന്റും ഉണ്ടായിരിക്കേണ്ടതാണ്.

(5) സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ പ്രസിഡന്റും വൈസ് പ്രസിഡന്റും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതാണ്.

(6) സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ ഓരോ നാലുവർഷത്തിലും പുനഃസംഘടിപ്പിക്കേണ്ടതാണ്.

(7) ഈ ആക്ടിലേയും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കുവിധേയമായി, സംസ്ഥാന സ്പോർട്ട്സ് കൗൺസിലിലെ എക്സ്-ഒഫിഷ്യോ അംഗങ്ങളല്ലാത്ത ഓരോ അംഗവും സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ അടുത്ത പുനഃസംഘടനവരെ ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്.

എന്നാൽ ഒരു പ്രത്യേക നികായത്തിലെ അംഗമെന്ന നിലയിലോ ഒരു പ്രത്യേക ഉദ്യോഗം വഹിക്കുന്ന ആളെന്ന നിലയിലോ നാമനിർദ്ദേശം ചെയ്യപ്പെട്ടതോ തെരഞ്ഞെടുക്കപ്പെട്ടതോ ആയ ഏതൊരംഗവും, അങ്ങനെയുള്ള അംഗമോ, ഉദ്യോഗം വഹിക്കുന്ന ആളോ അല്ലാതായതിനുശേഷം മുന്നുമാസക്കാലയളവിനുള്ളിൽ വീണ്ടും അങ്ങനെയുള്ള അംഗമാകാത്തപക്ഷം, അതിനുശേഷം ഉദ്യോഗം വഹിക്കാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (സി) ഇനത്തിൽ പരാമർശിച്ചിട്ടുള്ള ഒരംഗത്തിന്റെ ഉദ്യോഗ

LIBRARY ARCHIVES Kerala Legislative Assembly

കാലാവധി അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പു തീയതി മുതൽ ഒരു വർഷക്കാല ത്തേക്കായിരിക്കുന്നതാണ്.

വിശദീകരണം :- മേൽപറഞ്ഞ ക്ലിപ്ത നിബന്ധനയിൽ പരാമർശിച്ചി ട്ടുള്ള ഒരംഗം, പ്രസ്തുത ക്ലിപ്ത നിബന്ധനയിൽ പറഞ്ഞിട്ടുള്ള ഒരു വർഷ ക്കാലയളവിനുള്ളിൽ യൂണിവേഴ്സിറ്റി ടീമിന്റെ ക്യാപ്റ്റനല്ലാതായി ത്തീർന്നെന്ന കാരണത്താൽ മാത്രം അപ്രകാരമുള്ള അംഗമല്ലാതായിത്തീരുന്ന തല്ല എന്ന് സംശയനിവാരണത്തിനായി ഇതിനാൽ വ്യക്തമാക്കുന്നു.

(8) യാതൊരാളും, തുടർച്ചയായി രണ്ടുതവണകളിൽ കൂടുതൽ ഭാര വാഹിയായി തെരഞ്ഞെടുക്കപ്പെടാൻ പാടുള്ളതല്ല.

4. സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ സെക്രട്ടറി :- (1) സർക്കാർ, സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ പ്രസിഡന്റുമായി കൂടിയാ ലോചിച്ചശേഷം, ഗവൺമെന്റ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയ ല്ലാത്ത ഒരുദ്യോഗസ്ഥനെ സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ സെക്രട്ട റിയായി നിയമിക്കേണ്ടതാണ്.

(2) സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ മേൽനോട്ടത്തിന് വിധേയമായി, സെക്രട്ടറി, മുഖ്യകാര്യനിർവ്വഹണോദ്യോഗസ്ഥൻ ആയിരിക്കു ന്നതും സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെയും ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെയും ജീവനക്കാരുടെ മേൽ പൊതുവായ നിയന്ത്രണവും അനു ശാസനവും അദ്ദേഹത്തിന് ഉണ്ടായിരിക്കുന്നതുമാണ്.

5. സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ ചുമതലകളും അധി കാരങ്ങളും പ്രവർത്തനങ്ങളും :- (1) ഈ ആക്റ്റിൽ അടങ്ങിയിട്ടുള്ള നിയന്ത്ര ണങ്ങൾക്കും ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി, ഇതിലെ വ്യവ സ്ഥകള നടപ്പിലാക്കേണ്ട ചുമതല സംസ്ഥാന സ്പോർട്ട്സ് കൗൺസിലിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(2) ഈ ആക്റ്റിൽ മറ്റുവിധത്തിൽ വ്യക്തമായി വ്യവസ്ഥ ചെയ്തി ട്ടുള്ളതൊഴികെ സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന് താഴെ പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:

(എ) സംസ്ഥാനത്തെ എല്ലാത്തരം സ്പോർട്ട്സുകളും സംഘടിപ്പി ക്കുകയും ഏകോപിപ്പിക്കുകയും ക്രമീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യുക:

(ബി) സ്പോർട്ട്സ് ഇൻഫർമേഷൻ കേന്ദ്രങ്ങൾ, സ്റ്റേഡിയങ്ങൾ, പവി ലിയനുകൾ, കളിസ്ഥലങ്ങൾ, പാർക്കുകൾ, കുട്ടികളുടെ പാർക്കുകൾ, സർക്കസ് പരിശീലന കേന്ദ്രങ്ങൾ, കളരികൾ എന്നിവ സ്ഥാപിക്കുക, കെട്ടിട ങ്ങൾ, നീന്തൽക്കുളങ്ങൾ, ജിംനേഷ്യം എന്നിവ നിർമ്മിക്കുക;

(സി) സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ ഉത്തരവാദപ്പെട്ട് നടത്തേ ണ്ടതായ എല്ലാമോ ഏതെങ്കിലുമോ പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി വസ്തുവകകൾ ആർജ്ജിക്കുകയോ ഔപചാരികമായി ആവശ്യപ്പെടുകയോ ചെയ്യുക;

(ഡി) സംസ്ഥാനത്ത് സ്പോർട്ട്സും ഗെയിംസും പ്രോത്സാഹിപ്പിക്കു ന്നതിന് സഹായകമാകുന്ന ടൂർണ്ണമെന്റുകളും മത്സരങ്ങളും പരിശീലന കോഴ്സുകളും സെമിനാറുകളും, കോച്ചിംഗ് കേന്ദ്രങ്ങളും, പ്രദർശനങ്ങളും, പര്യടനങ്ങളും മറ്റ് ഇനങ്ങളും കൗൺസിൽ നേരിട്ടോ അല്ലെങ്കിൽ ജില്ലാ

LIBRARY ARCHIVES Kerala Legislative Assembly

സ്പോർട്ട്സ് കൗൺസിലോ കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിലോ മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിലോ ടൗൺ സ്പോർട്ട്സ് കൗൺസിലോ ബ്ലോക്ക് സ്പോർട്ട്സ് കൗൺസിലോ ഗ്രാമ സ്പോർട്ട്സ് കൗൺസിലോ വഴി നടത്തുകയോ സംഘടിപ്പിക്കുകയോ അഥവാ അവയുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയോ ചെയ്യുക;

(ഇ) വിദ്യാർത്ഥികളുടെയും തൊഴിലാളികളുടെയും സർക്കാർ ജീവനക്കാരുടെയും മറ്റുള്ളവരുടെയും ഇടയിൽ സ്പോർട്ട്സിനുള്ള അംഗീകാരം എന്ന നിലയിലോ പ്രോത്സാഹനം എന്ന നിലയിലോ ബഹുമതികൾ സമ്മാനിക്കുകയും സർട്ടിഫിക്കറ്റുകളോ സമ്മാനങ്ങളോ സ്കോളർഷിപ്പുകളോ മറ്റ് ആനുകൂല്യങ്ങളോ നൽകുകയും ചെയ്യുക;

(എഫ്) അപകടങ്ങൾക്കെതിരെ കായികതാരങ്ങൾക്ക് ഇൻഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തുക;

(ജി) സ്പോർട്ട്സിന്റെ പൊതുവായ പ്രോത്സാഹനമോ ഏതെങ്കിലും പ്രത്യേക സംരംഭത്തിന്റെയോ സ്പോർട്ട്സ് ഇനത്തിന്റെയോ പ്രോത്സാഹനമോ ലക്ഷ്യമാക്കി ഏതെങ്കിലും വ്യക്തിക്കോ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കോ മറ്റ് സ്ഥാപനങ്ങൾക്കോ സ്പോർട്ട്സ് സംഘടനകൾക്കോ ക്ലബ്ബുകൾക്കോ അസോസിയേഷനുകൾക്കോ വായ്പയായോ മറ്റുവിധത്തിലോ സഹായം നൽകുക;

(എച്ച്) അതിന്റെ പ്രവർത്തനങ്ങളുടെ പൊതുവായ നടത്തിപ്പിനായി ഫണ്ട് ശേഖരിക്കുക;

(ഐ) സംസ്ഥാനത്ത്, ദേശീയതലത്തിലോ അന്തർദേശീയതലത്തിലോ അന്തർ സംസ്ഥാനതലത്തിലോ പ്രാദേശികതലത്തിലോ സ്പോർട്ട്സ് മത്സരങ്ങൾ നടത്തുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തുകയോ മറ്റു വിധത്തിലുള്ള വ്യവസ്ഥകൾ ഉണ്ടാക്കുകയോ ചെയ്യുകയും സ്പോർട്ട്സ് പര്യടനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക;

(ജെ) വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അംഗീകൃത സ്പോർട്ട്സ് സംഘടനകൾക്കും ഗ്രാന്റുകളോ ഫണ്ടുകളോ നൽകുക;

(കെ) കളിസ്ഥലങ്ങൾ സ്ഥാപിക്കുന്നതിനും അവയ്ക്ക് ഉപകരണങ്ങളും സൗകര്യങ്ങളും നൽകുന്നതിനും ഏർപ്പാട് ചെയ്യുക;

(എൽ) സാഹസികവും ആയോധനവും ആയ സ്പോർട്ട്സ് ഇനങ്ങൾ ഉൾപ്പെടെയുള്ള, ഏതൊരു സ്പോർട്ട്സിന്റെയും വികസനത്തിനു വേണ്ടി ഗവേഷണ കേന്ദ്രമോ വികസനകേന്ദ്രമോ സ്ഥാപിക്കുകയും ഭരണനിർവഹണം നടത്തുകയും ക്രമീകരിക്കുകയും ചെയ്യുക;

(എം) സ്പോർട്ട്സ് ഇൻഫർമേഷൻ കേന്ദ്രമോ സ്ഥിതി വിവരകണക്കുകൾ ശേഖരിക്കുകയും സ്പോർട്ട്സുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ സൂക്ഷിക്കുകയും ചെയ്യുന്നതിനുള്ള കേന്ദ്രങ്ങളോ സ്ഥാപിക്കുകയും, സ്പോർട്ട്സുമായി ബന്ധപ്പെട്ട ലൈബ്രറികളും മ്യൂസിയങ്ങളും നടത്തുകയും ചെയ്യുക;

(എൻ) സ്പോർട്ട്സ് താരങ്ങളുടെ ക്ഷേമത്തിനായി പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക;

(ഒ) സ്പോർട്ട്സ് സംഘടനകളുടെ അംഗീകാരത്തിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുക;

LIBRARY ARCHIVES Kerala Legislative Assembly

(പി) ഈ ആക്ടിലെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് സഹായകമായ മറ്റ് കാര്യങ്ങൾ ചെയ്യുക;

(ക്യൂ) ഈ ആക്റ്റോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളോ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവഹിക്കുകയും ചെയ്യുക.

6. സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി :

(1)സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന് താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു സ്റ്റാന്റിംഗ് കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്, അതായത്:-

(എ) സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ പ്രസിഡന്റ്;

(ബി) വൈസ് പ്രസിഡന്റ്;

(സി) സ്പോർട്ട്സ് വകുപ്പ് കൈകാര്യം ചെയ്യുന്ന ഗവൺമെന്റ് സെക്രട്ടറി;

(ഡി) ധനകാര്യ സെക്രട്ടറി (എക്സ്പെൻഡിച്ചർ)

(ഇ) സംസ്ഥാന സ്പോർട്ട്സ് കൗൺസിലിലെ അംഗങ്ങൾ; അവർക്കിടയിലുള്ള തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കുന്ന മൂന്നു അംഗങ്ങൾ;

(എഫ്)സർക്കാർ നാമനിർദ്ദേശം നൽകുന്ന രണ്ട് അംഗങ്ങൾ; അവരിലൊരാൾ സംസ്ഥാന സ്പോർട്ട്സ് കൗൺസിലിൽ ജില്ലാ സ്പോർട്ട്സ് കൗൺസിലിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെ പ്രതിനിധീകരിക്കുന്ന ഒരംഗമായിരിക്കേണ്ടതാണ്;

(2) സ്റ്റാന്റിംഗ് കമ്മിറ്റി, സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ പ്രസിഡന്റ് തീരുമാനിക്കുന്ന പ്രകാരവും അങ്ങനെയുള്ള സമയത്തും അപ്രകാരമുള്ള സ്ഥലങ്ങളിലും, അതിന്റെ യോഗം ചേരേണ്ടതും, സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ അതിനെ ഭരണമേൽപിക്കുന്ന അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവഹിക്കുകയും ചെയ്യേണ്ടതുമാണ്.

7. സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ യോഗം,-

(1) സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ വർഷത്തിൽ രണ്ടു തവണയെങ്കിലും യോഗം ചേരേണ്ടതും, അങ്ങനെയുള്ള യോഗങ്ങളിൽ ഒന്ന് വാർഷികയോഗം ആയിരിക്കേണ്ടതുമാണ്.

(2) സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ പ്രസിഡന്റിന് അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന അവസരങ്ങളിൽ, അടിയന്തിര കാര്യങ്ങളുടെ നടത്തിപ്പിനായി, സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ പ്രത്യേക യോഗം വിളിച്ചു കൂട്ടാവുന്നതാണ്.

(3) നിർണ്ണയിക്കപ്പെടുന്ന നിബന്ധനകൾക്ക് വിധേയമായി, അടിയന്തിര പ്രാധാന്യമുള്ള സംഗതികൾ ചർച്ച ചെയ്യുന്നതിനായി, സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ മൊത്തം അംഗങ്ങളുടെ മൂന്നിലൊന്നിൽ കുറയാത്ത അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെടുന്നപക്ഷം, സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ പ്രസിഡന്റ് ഒരു പ്രത്യേക യോഗം വിളിച്ചുകൂട്ടേണ്ടതാണ്.

(4) സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ ഒരു യോഗത്തിന്റെ കോറം, അതിന്റെ മൊത്തം അംഗസംഖ്യയുടെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

8. സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ നടപടിക്രമം. - (1) സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും, അപ്രകാരമുള്ള നടപടിക്കനുസൃതമായും പാസ്സാക്കുന്ന പ്രമേയങ്ങൾ മുഖാന്തിരം അതിന്റെ കാര്യങ്ങൾ നിർവഹിക്കേണ്ടതാണ്.

(2) ഓരോ പ്രമേയത്തിന്റെയും പകർപ്പ്, അത് പാസ്സാക്കിപതിനഞ്ചു ദിവസത്തിനകം സർക്കാരിന് അയച്ചുകൊടുക്കേണ്ടതാണ്.

(3) സർക്കാരിന്, സംസ്ഥാന സ്പോർട്ട്സ് കൗൺസിലിനോട് ഏതൊരു പ്രമേയത്തേയും സംബന്ധിച്ച് ഏതെങ്കിലും രേഖയോ വിവരമോ ആവശ്യപ്പെടാവുന്നതും, സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ അങ്ങനെയുള്ള രേഖയോ വിവരമോ നൽകാൻ ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്;

(4) സർക്കാരിന്, സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന് ന്യായമായ നോട്ടീസ് നൽകിയതിനുശേഷവും, അതിന് ആക്ഷേപം വല്ലതുമുണ്ടെങ്കിൽ അത് കേട്ടതിന് ശേഷവും, സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ പാസ്സാക്കിയ ഏതൊരു പ്രമേയവും സസ്പെന്റ് ചെയ്യുകയോ, റദ്ദാക്കുകയോ, ഭേദഗതി വരുത്തുകയോ ചെയ്യാവുന്നതാണ്.

അദ്ധ്യായം III
ജില്ലാ സ്പോർട്ട്സ് കൗൺസിലുകൾ

9. ജില്ലാ സ്പോർട്ട്സ് കൗൺസിൽ.- (1) സർക്കാർ, ഈ ആക്റ്റ് പ്രകാരം ജില്ലാ സ്പോർട്ട്സ് കൗൺസിലിൽ നിക്ഷിപ്തമായതോ നൽകപ്പെട്ടതോ ആയ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി, വിജ്ഞാപനം വഴി, സംസ്ഥാനത്തെ ഓരോ ജില്ലയിലും "ജില്ലാ സ്പോർട്ട്സ് കൗൺസിൽ" എന്ന് വിളിക്കപ്പെടുന്ന ഒരു സമിതി രൂപീകരിക്കേണ്ടതാണ്.

(2) ഏതൊരു ജില്ലാ സ്പോർട്ട്സ് കൗൺസിലും, ഏത് ജില്ലയുടെ പേരിലാണോ രൂപീകരിച്ചിട്ടുള്ളത് ആ പേരിലുള്ളതും ശാശ്വതമായ പിൻതുടർച്ചാവകാശത്തോടും ഒരു പൊതുമുദ്രയോടു കൂടിയതും, ഈ ആക്റ്റിലേയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കനുസൃതമായി സ്ഥാവരജംഗമവസ്തുക്കൾ ആർജ്ജിക്കുന്നതിനും, കൈവശം വയ്ക്കുന്നതിനും കൈയൊഴിയുന്നതിനും, കരാറുകളിൽ ഏർപ്പെടുന്നതിനും, എന്ത് ആവശ്യത്തിന് വേണ്ടിയാണോ അത് രൂപീകരിച്ചിട്ടുള്ളത്; ആയതിന് യോജിച്ചതും യുക്തമായ രീതിയിലുള്ള എല്ലാ കാര്യങ്ങളും ചെയ്യുന്നതിനും അധികാരമുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും ആ പേരിൽ വ്യവഹരിക്കുകയോ വ്യവഹരിക്കപ്പെടുകയോ ചെയ്യാവുന്നതുമാണ്.

(3) ഓരോ ജില്ലാ സ്പോർട്ട്സ് കൗൺസിലിലും താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :-

എക്സ് ഒഫിഷ്യോ അംഗങ്ങൾ

(എ) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, അദ്ദേഹം ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ ചെയർമാൻ ആയിരിക്കുന്നതാണ്.

(ബി) ജില്ലാ കളക്ടർ, അദ്ദേഹം ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ പ്രസിഡന്റ് ആയിരിക്കുന്നതാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ജില്ലാ പോലീസ് സൂപ്രണ്ട്;

(ഡി) പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ (ബിൽഡിംഗ്സ് ആന്റ് റോഡ്സ്);

(ഇ) ജില്ലയിൽ അധികാരിതയുള്ള കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ;

(എഫ്) ജില്ലയിൽ ഉൾപ്പെട്ട മുനിസിപ്പൽ കോർപ്പറേഷന്റെ മേയർ, മുനിസിപ്പൽ കൗൺസിൽ, ടൗൺ പഞ്ചായത്ത് എന്നിവയുടെ ചെയർമാന്മാർ, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് എന്നിവയുടെ പ്രസിഡന്റുമാർ;

തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

III. ഏതെങ്കിലും അംഗീകൃത സംസ്ഥാന സ്പോർട്ട്സ് സംഘടനയുടെ ഒരു യൂണിറ്റായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഓരോ അംഗീകൃത ജില്ലാ സ്പോർട്ട്സ് സംഘടനയും അതിലെ അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന ഓരോ അംഗം വീതം.

നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ

(എ) ജില്ലയിലെ അസംബ്ലി നിയോജക മണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്ന നിയമസഭാംഗങ്ങളിൽ നിന്നും, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം;

(ബി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ജില്ലയ്ക്കുള്ളിലുള്ളതും സ്പോർട്ട്സ് പശ്ചാത്തലമുള്ളതുമായ ഒരു മുനിസിപ്പൽ ചെയർമാൻ, ഒരു ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്, മൂന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവർ-അവരിൽ ഒരാൾ വനിതയായിരിക്കേണ്ടതാണ്;

(സി) സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി നാമനിർദ്ദേശം ചെയ്യുന്ന, സ്പോർട്ട്സിൽ നേട്ടം കൈവരിച്ചിട്ടുള്ള വിദഗ്ദ്ധരായ രണ്ടുപേർ, അവരിൽ ഒരാൾ വനിതയായിരിക്കേണ്ടതാണ്;

(ഡി) ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന,-

(i) ജില്ലയ്ക്കകത്തുള്ള ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ;

(ii) ജില്ലയ്ക്കകത്തുള്ളതും സ്പോർട്ട്സിൽ നേട്ടം കൈവരിച്ചിട്ടുള്ളതുമായ ഒരു വിദ്യാർത്ഥിയും ഒരു വിദ്യാർത്ഥിനിയും;

(iii) സ്പോർട്ട്സ് മെഡിസിനിൽ മതിയായ നിപുണതയുള്ള, ഒരു രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർ, എന്നിവർ.

(4) ജില്ലാ സ്പോർട്ട്സ് കൗൺസിൽ നാലു വർഷത്തിലൊരിക്കൽ പുനഃസംഘടിപ്പിക്കേണ്ടതാണ്.

(5) ജില്ലാ സ്പോർട്ട്സ് കൗൺസിലിലെ എക്സ് ഒഫീഷ്യോ അംഗമല്ലാത്ത ഓരോ അംഗവും ഈ ആക്ടിലെ വ്യവസ്ഥകൾക്കും ഈ ആക്ടുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായി ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ അടുത്ത പുനഃസംഘടനവരെ ഉദ്യോഗം വഹിക്കേണ്ടതാണ്:

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ, നാമനിർദ്ദേശം ചെയ്യപ്പെടുന്ന വിദ്യാർത്ഥിയുടെയും വിദ്യാർത്ഥിനിയുടെയും ഉദ്യോഗ കാലാവധി നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതി മുതൽ ഒരു വർഷം ആയിരിക്കുന്നതാണ്.

(6) യാതൊരാളും തുടർച്ചയായി രണ്ടു തവണകളിൽ കൂടുതൽ അംഗമായി തിരഞ്ഞെടുക്കപ്പെടുവാൻ പാടുള്ളതല്ല.

10. ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും :-

(1) സംസ്ഥാന സ്പോർട്ട്സ് കൗൺസിലിൽ ജില്ലാ സ്പോർട്ട്സ് കൗൺസിലിന് അതതു സമയം ഏൽപ്പിച്ചു കൊടുക്കുന്ന അതിന്റെ ചുമതലകൾ നിർവ്വഹിക്കേണ്ടത് ഓരോ ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെയും കർത്തവ്യമാണ്.

(2) ജില്ലാ സ്പോർട്ട്സ് കൗൺസിലിന്, (1)ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന ചുമതലകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെ, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ ചുമതലകൾ നിർവ്വഹിക്കാവുന്നതാണ്, അതായത്:

(എ) കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിൽ, മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിൽ, ടൗൺ സ്പോർട്ട്സ് കൗൺസിൽ, ബ്ലോക്ക് സ്പോർട്ട്സ് കൗൺസിൽ, ഗ്രാമ സ്പോർട്ട്സ് കൗൺസിൽ, ജില്ലയിലെ മറ്റു രജിസ്റ്റർ ചെയ്തിട്ടുള്ള സ്പോർട്ട്സ് സംഘടനകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക;

(ബി) ജില്ലയ്ക്കകത്ത് കായികമേളകളോ മത്സരങ്ങളോ ടൂർണമെന്റുകളോ സംഘടിപ്പിക്കുക;

(സി) സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ, റഗുലേഷനുകൾ വഴി നിശ്ചയിക്കാവുന്ന മറ്റ് ചുമതലകൾ നിർവ്വഹിക്കുക;

(3) ജില്ലാ സ്പോർട്ട്സ് കൗൺസിൽ, അതിന്റെ ചുമതലകളുടെ നിർവ്വഹണത്തിൽ, സ്പോർട്ട്സിലും ഗയിംസിലും ഏർപ്പെട്ടിരിക്കുന്ന മറ്റ് സർക്കാർ ഏജൻസികൾ, സർക്കാരിതര സ്ഥാപനങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, മറ്റു സംഘടനകൾ എന്നിവയുമായി യുക്തമായ രീതിയിൽ യോജിച്ച് പ്രവർത്തിക്കുകയും സംസ്ഥാന ഗവൺമെന്റ് അതിന് രേഖാമൂലം നൽകുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം പ്രവർത്തിക്കേണ്ടതുമാണ്.

11. ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി:-

(1) ജില്ലാ സ്പോർട്ട്സ് കൗൺസിൽ, അതിന്റെ പ്രസിഡന്റും വൈസ്-പ്രസിഡന്റും, ജില്ലാ സ്പോർട്ട്സ് കൗൺസിൽ അതിന്റെ അംഗങ്ങൾക്കിടയിൽ നിന്നും തിരഞ്ഞെടുക്കുന്ന ആറ് അംഗങ്ങളും-അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്-ഉൾപ്പെടുന്ന ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ്.

(2) ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ ദൈനംദിന പ്രവർത്തനങ്ങളും ജില്ലാ സ്പോർട്ട്സ് കൗൺസിൽ കാലാകാലങ്ങളിൽ ഏൽപ്പിച്ചു കൊടുക്കുന്ന മറ്റ് കർത്തവ്യങ്ങളുടെ നിർവ്വഹണവും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചുമതലയായിരിക്കുന്നതാണ്.

(3) എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മീറ്റിംഗിന്റെ നടപടിക്രമങ്ങളും കോറവും നിർണ്ണയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

12. ജില്ലാ സ്പോർട്ട്സ് കൗൺസിലുകളുടെ യോഗം -

(1) ഓരോ ജില്ലാ സ്പോർട്ട്സ് കൗൺസിലും, ചെയർമാൻ നിശ്ചയിക്കുന്ന തീയതികളിൽ, കുറഞ്ഞത് വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും യോഗം ചേരേണ്ടതും അങ്ങനെയുള്ള യോഗങ്ങളിൽ ഒന്ന് വാർഷികയോഗം ആയിരിക്കേണ്ടതുമാണ്.

(2) ചെയർമാന് യുക്തമെന്ന് തോന്നുന്ന അവസരങ്ങളിൽ അടിയന്തിരമായി നടത്തേണ്ട കാര്യങ്ങളുടെ നടത്തിപ്പിനായി ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ പ്രത്യേകയോഗം വിളിച്ചു കൂട്ടാവുന്നതാണ്.

(3) ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ ഒരു യോഗത്തിന്റെ കോറം അതിന്റെ ആകെ അംഗസംഖ്യയുടെ മൂന്നിൽ ഒന്ന് ആയിരിക്കുന്നതാണ്.

(4) ജില്ലാ സ്പോർട്ട്സ് കൗൺസിൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അപ്രകാരമുള്ള നടപടിക്രമം അനുസരിച്ചും പാസ്സാക്കുന്ന പ്രമേയങ്ങൾ വഴി അതിന്റെ ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.

(5) ഓരോ പ്രമേയത്തിന്റേയും പകർപ്പ്, അത് പാസ്സാക്കുന്ന തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം, സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന് അയച്ചു കൊടുക്കേണ്ടതാണ്.

13. ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ ചെയർമാന്റെയും പ്രസിഡന്റിന്റെയും അധികാരങ്ങളും ചുമതലകളും.-

(1) ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ ചെയർമാൻ അതിന്റെ യോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള ചുമതലകൾ നിർവഹിക്കുകയും ചെയ്യേണ്ടതാണ്.

(2) ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ പ്രസിഡന്റ് ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ യോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതും ചെയർമാൻ അതതു സമയം ഏൽപ്പിച്ചു കൊടുക്കുന്ന അദ്ദേഹത്തിന്റെ അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതുമാണ്.

(14) ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ സെക്രട്ടറി:-

(1) സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടു കൂടി, സർക്കാർ സർവ്വീസിൽ ജൂനിയർ സൂപ്രണ്ടിന്റെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെ, ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ സെക്രട്ടറിയായി ജില്ലാ സ്പോർട്ട്സ് കൗൺസിൽ പ്രസിഡന്റ് നിയമിക്കേണ്ടതാണ്.

(2) ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ പ്രമേയങ്ങൾ നടപ്പാക്കേണ്ടത് അപ്രകാരം നിയമിക്കപ്പെട്ട സെക്രട്ടറിയുടെ ചുമതല ആയിരിക്കുന്നതാണ്.

(3) ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ സെക്രട്ടറി, ജില്ലാ സ്പോർട്ട്സ് കൗൺസിൽ ചെയർമാനോ പ്രസിഡന്റോ നൽകുകയും ചുമത്തുകയും ചെയ്യുന്ന മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യായം IV

കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിലും, മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിലും, ടൗൺ സ്പോർട്ട്സ് കൗൺസിലും, ബ്ലോക്ക് സ്പോർട്ട്സ് കൗൺസിലും ഗ്രാമ സ്പോർട്ട്സ് കൗൺസിലും

15. കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിൽ മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിൽ മുതലായവയുടെ രൂപീകരണം.- ഗ്രാമ പ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലെയും സ്പോർട്ട്സും ഗെയിംസും സംബന്ധിച്ച് വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നടപ്പാക്കുകയും ചെയ്യുന്നതിനായി സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്, ജില്ലാ സ്പോർട്ട്സ് കൗൺസിലുകളുമായും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും കൂടിയാലോചിച്ച്, വിജ്ഞാപനം വഴി, അതിൽ പറയുന്ന തീയതി മുതൽ പ്രാബല്യത്തോടു കൂടി:-

(എ) ഓരോ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തിനും ഒരു കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിലും;

(ബി) ഓരോ സ്പോർട്ട്സ് മുനിസിപ്പൽ കൗൺസിൽ പ്രദേശത്തിനും ഒരു മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിലും;

(സി) ഓരോ ടൗൺ പഞ്ചായത്ത് പ്രദേശത്തിനും ഒരു ടൗൺ സ്പോർട്ട്സ് കൗൺസിലും;

(ഡി) ഓരോ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനും ഒരു ബ്ലോക്ക് സ്പോർട്ട്സ് കൗൺസിലും;

(ഇ) ഓരോ ഗ്രാമ പഞ്ചായത്ത് പ്രദേശത്തിനും ഒരു ഗ്രാമ സ്പോർട്ട്സ് കൗൺസിലും;

രൂപീകരിക്കാവുന്നതാണ്.

16. കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിലിന് ഘടന.- (1) ഓരോ കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിലിലും താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:-

എക്സ്-ഒഫിഷ്യോ അംഗങ്ങൾ

(എ) മുനിസിപ്പൽ കോർപ്പറേഷൻ മേയർ, അദ്ദേഹം കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിലിന്റെ പ്രസിഡന്റ് ആയിരിക്കുന്നതാണ്;

(ബി) മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് അധികാരിതയുള്ള പോലീസ് കമ്മീഷണർ

(സി) മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് അധികാരിതയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർ (കെട്ടിടങ്ങളും റോഡുകളും)

(ഡി) മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് അധികാരിതയുള്ള മുനിസിപ്പാലിറ്റികളുടെ റീജിയണൽ ജോയിന്റ് ഡയറക്ടർ;

(ഇ) മുനിസിപ്പൽ കോർപ്പറേഷന്റെ സെക്രട്ടറി, അദ്ദേഹം കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിലിന്റെ സെക്രട്ടറി ആയിരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) മുനിസപ്പൽ കോർപ്പറേഷൻ പ്രദേശത്ത് അധികാരിതയുള്ള കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയക്ടർ;

(ജി) മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് അധികാരിതയുള്ള തഹസീൽദാർ.

നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ

(എ) മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന നിയമസഭാംഗങ്ങളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം;

(ബി) മുനിസിപ്പൽ കോർപ്പറേഷൻ മേയർ നാമനിർദ്ദേശം ചെയ്യുന്ന സ്പോർട്ട്സിൽ വിദഗ്ധരായിട്ടുള്ള രണ്ട് പേർ, അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്;

(സി) ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തിനകത്തുള്ള ഒരു വിദ്യാർത്ഥിയും ഒരു വിദ്യാർത്ഥിനിയും;

(ഡി) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തിനകത്തുള്ള രണ്ട് ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർമാർ;

(ഇ) മുനിസിപ്പൽ കോർപ്പറേഷൻ മേയർ നാമനിർദ്ദേശം ചെയ്യുന്ന മുനിസിപ്പൽ കോർപ്പറേഷനിലെ രണ്ട് കൗൺസിലർമാർ-അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്;

(എഫ്) കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്ത സ്പോർട്ട്സ് സംഘടനകളുടെ അഥവാ ക്ലബുകളുടെ ഭാരവാഹികളിൽ നിന്നും, മേയർ നാമനിർദ്ദേശം ചെയ്യുന്ന മൂന്നു പേർ, അവരിൽ ഒരാൾ വനിത യായിരിക്കേണ്ടതാണ്.

(2) കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിൽ അംഗങ്ങൾ അവർക്കിടയിൽ നിന്നും ഒരു വൈസ് പ്രസിഡന്റിനെ തിരഞ്ഞെടുക്കേണ്ടതും വൈസ് പ്രസിഡന്റ്, പ്രസിഡന്റ് അദ്ദേഹത്തിന് ഏൽപ്പിച്ചു കൊടുക്കുന്ന ചുമതലകൾ നിർവഹിക്കേണ്ടതും പ്രസിഡന്റിന്റെ അഭാവത്തിൽ കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിൽ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

17. കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി.- (1) ഓരോ കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിലിനും, അതിന്റെ ദൈനംദിന ഭരണ നിർവ്വഹണ കാര്യങ്ങൾക്കായി, അതിന്റെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരും കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിലിലെ അംഗങ്ങൾ അവർക്കിടയിൽ നിന്നും തിരഞ്ഞെടുക്കുന്ന ആറ് അംഗങ്ങളും അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്, ഉൾപ്പെട്ട ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ്.

18. മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിലിന്റെ ഘടന.- (1) ഓരോ മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിലിലും താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:-

എക്സ് ഒഫിഷ്യോ അംഗങ്ങൾ

(എ) മുനിസിപ്പൽ കൗൺസിലിന്റെ ചെയർപേഴ്സൺ, അദ്ദേഹം മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിലിന്റെ പ്രസിഡന്റ് ആയിരിക്കുന്നതാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുനിസിപ്പൽ കൗൺസിൽ പ്രദേശത്ത് അധികാരിതയുള്ള പോലീസ് ഡെപ്യൂട്ടി സൂപ്രണ്ട്;

(സി) മുനിസിപ്പൽ കൗൺസിൽ പ്രദേശത്ത് അധികാരിതയുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കെട്ടിടങ്ങളും റോഡുകളും);

(ഡി) മുനിസിപ്പൽ കൗൺസിൽ പ്രദേശത്ത് അധികാരിതയുള്ള മുനിലിപ്പാലിറ്റികളുടെ റീജിയണൽ ജോയിന്റ് ഡയറക്ടർ;

(ഇ) മുനിസിപ്പൽ കൗൺസിൽ പ്രദേശത്ത് അധികാരിതയുള്ള ജില്ലാ വിദ്യാഭ്യാസ ഓഫീസർ;

(എഫ്) മുനിസിപ്പൽ കൗൺസിലിന്റെ സെക്രട്ടറി, അദ്ദേഹം മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിലിന്റെ സെക്രട്ടറി ആയിരിക്കുന്നതാണ്;

(ജി) മുനിസിപ്പൽ കൗൺസിൽ പ്രദേശത്ത് അധികാരതയുള്ള തഹസീൽദാർ.

നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ

(എ) മുനിസിപ്പൽ കൗൺസിൽ പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന നിയമസഭാംഗം;

(ബി) മുനിസിപ്പൽ കൗൺസിലിന്റെ ചെയർപേഴ്സൺ നാമനിർദ്ദേശം ചെയ്യുന്ന, ബന്ധപ്പെട്ട മുനിസിപ്പൽ കൗൺസിലിലെ രണ്ട് കൗൺസിലർമാർ-അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്.

(സി) മുനിസിപ്പൽ കൗൺസിലിന്റെ ചെയർപേഴ്സൺ നാമനിർദ്ദേശം ചെയ്യുന്ന, സ്പോർട്ട്സിൽ വൈദഗ്ധ്യമുള്ള രണ്ടുപേർ-അവരിൽ ഒരാൾ വനിതയായിരിക്കേണ്ടതാണ്

(ഡി) ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന, സ്പോർട്ട്സിൽ നേട്ടങ്ങൾ കൈവരിച്ച ഒരു വിദ്യാർത്ഥിയും ഒരു വിദ്യാർത്ഥിനിയും;

(ഇ) മുനിസിപ്പൽ കൗൺസിൽ പ്രദേശത്ത് അധികാരിതയുള്ള കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർമാർ;

(എഫ്) മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്ത സ്പോർട്ട്സ് സംഘടനയുടെ ഔദ്യോഗിക ഭാരവാഹികളിൽ നിന്ന് മുനിസിപ്പൽ കൗൺസിലിന്റെ ചെയർപേഴ്സൺ നാമനിർദ്ദേശം ചെയ്യുന്ന രണ്ടുപേർ.

(2) മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിൽ അംഗങ്ങൾ അവർക്കിടയിൽ നിന്നും ഒരു വൈസ് പ്രസിഡന്റിനെ തെരെഞ്ഞെടുക്കേണ്ടതും വൈസ് പ്രസിഡന്റ്, പ്രസിഡന്റ് അദ്ദേഹത്തിന് ഏൽപ്പിച്ചുകൊടുക്കുന്ന ചുമതലകൾ, നിർവഹിക്കേണ്ടതും പ്രസിഡന്റിന്റെ അഭാവത്തിൽ മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിൽ യോഗങ്ങളിൽ ആദ്ധ്യക്ഷം വഹിക്കേണ്ടതുമാണ്.

19. മുനിസിപ്പൽ സ്പോർട്സ് കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി.- (1) ഓരോ മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിലും അതിന്റെ ദൈനംദിന ഭരണ നിർവ്വഹണ കാര്യങ്ങൾക്കായി, അതിന്റെ പ്രസിഡന്റ്, വൈസ്-പ്രസിഡന്റ്, സെക്രട്ടറി എന്നിവരും, അതിലെ അംഗങ്ങൾ അവരുടെയിടയിൽ നിന്നും തിരഞ്ഞെടുക്കുന്ന ആറംഗങ്ങളും-അവരിലൊരാൾ വനിത ആയിരിക്കേണ്ടതുമാണ്, ഉൾക്കൊള്ളുന്ന ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

20. ടൗൺ സ്പോർട്സ് കൗൺസിലിന്റെ ഘടന.-(1) ഓരോ ടൗൺ സ്പോർട്ട്സ് കൗൺസിലിലും താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:-

എക്സ്-ഒഫിഷ്യോ അംഗങ്ങൾ

(എ) ടൗൺ പഞ്ചായത്തിന്റെ ചെയർപേഴ്സൺ, അദ്ദേഹം അതിന്റെ പ്രസിഡന്റ് ആയിരിക്കുന്നതാണ്;

(ബി) ടൗൺ പഞ്ചായത്ത് പ്രദേശത്ത് അധികാരിയുള്ള പോലീസ് ഡെപ്യൂട്ടി സൂപ്രണ്ട്;

(സി) ടൗൺ പഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കെട്ടിടങ്ങളും റോഡുകളും);

(ഡി) ടൗൺ പഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള, ജില്ലാ മുനിസിപ്പാലിറ്റികളുടെ റീജിയണൽ ജോയിന്റ് ഡയറക്ടർ;

(ഇ) ടൗൺ പഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള ജില്ലാ വിദ്യാഭ്യാസ ഡയറക്ടർ;

(എഫ്) ടൗൺ പഞ്ചായത്തിന്റെ സെക്രട്ടറി, അദ്ദേഹം ടൗൺ സ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറിയായിരിക്കുന്നതാണ്;

(ജി) ടൗൺ പഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള തഹസീൽദാർ.

നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ

(എ) ടൗൺ പഞ്ചായത്ത് പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന നിയമസഭാംഗം;

(ബി) ടൗൺ പഞ്ചായത്തിന്റെ ചെയർപേഴ്സൺ നാമനിർദ്ദേശം ചെയ്യുന്ന, ബന്ധപ്പെട്ട ടൗൺ പഞ്ചായത്തിലെ രണ്ട് കൗൺസിലർമാർ-അവരിൽ ഒരാൾ വനിതയായിരിക്കേണ്ടതാണ്.

(സി) ടൗൺ പഞ്ചായത്തിന്റെ ചെയർപേഴ്സൺ നാമനിർദ്ദേശം ചെയ്യുന്ന, സ്പോർട്ട്സിൽ വൈദഗ്ദ്ധ്യമുള്ള രണ്ട് പേർ-അവരിൽ ഒരാൾ വനിതയായിരിക്കേണ്ടതാണ്.

(ഡി) ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന, സ്പോർട്ട്സിൽ വൈദഗ്ദ്ധ്യമുള്ള രണ്ട് പേർ-അവരിൽ ഒരാൾ വനിതയായിരിക്കേണ്ടതാണ്;

(ഇ) ടൗൺ പഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർമാർ;

(എഫ്) ടൗൺ സ്പോർട്ട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്ത സ്പോർട്ട്സ് സംഘടനകളുടെ ഔദ്യോഗിക ഭാരവാഹികളിൽ നിന്ന് ടൗൺ പഞ്ചായത്തിന്റെ ചെയർപേഴ്സൺ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പേർ.

(2) ടൗൺ സ്പോർട്ട്സ് കൗൺസിൽ അംഗങ്ങൾ അവർക്കിടയിൽ നിന്നും ഒരു വൈസ് പ്രസിഡന്റിനെ തെരഞ്ഞെടുക്കേണ്ടതും, വൈസ് പ്രസിഡന്റ്, പ്രസിഡന്റ് അദ്ദേഹത്തിന് ഏൽപ്പിച്ചുകൊടുക്കുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതും പ്രസിഡന്റിന്റെ അഭാവത്തിൽ ടൗൺ സ്പോർട്ട്സ് കൗൺസിൽ യോഗങ്ങളിൽ ആദ്ധ്യക്ഷം വഹിക്കേണ്ടതുമാണ്.

742/2010.

LIBRARY ARCHIVES Kerala Legislative Assembly

21. ടൗൺ സ്പോർട്ട്സ് കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി.- ഓരോ ടൗൺ സ്പോർട്ട്സ് കൗൺസിലിനും അതിന്റെ ദൈനംദിന ഭരണ നിർവ്വഹണ കാര്യങ്ങൾക്കായി അതിന്റെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരും, അതിലെ അംഗങ്ങൾ അവർക്കിടയിൽ നിന്നും തെരെ ഞ്ഞെടുക്കുന്ന ആറ് അംഗങ്ങളും-അവരിൽ ഒരാൾ വനിതയായിരിക്കേണ്ട താണ്. ഉൾക്കൊള്ളുന്ന ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ്.

22. ബ്ലോക്ക് സ്പോർട്ട്സ് കൗൺസിലിന്റെ ഘടന-(1) ഓരോ ബ്ലോക്ക് സ്പോർട്ട്സ് കൗൺസിലിലും താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരി ക്കേണ്ടതാണ്, അതായത്:-

എക്സ് ഒഫിഷ്യോ അംഗങ്ങൾ

(എ) ബ്ലോക്ക് പഞ്ചായത്തിന്റെ പ്രസിഡന്റ്, അദ്ദേഹം ബ്ലോക്ക് സ്പോർട്ട്സ് കൗൺസിലിന്റെ ചെയർപേഴ്സൺ ആയിരിക്കുന്നതാണ്;

(ബി) ബ്ലോക്ക് പഞ്ചായത്തിന്റെ സെക്രട്ടറി, അദ്ദേഹം ബ്ലോക്ക് സ്പോർട്ട്സ് കൗൺസിലിന്റെ സെക്രട്ടറി ആയിരിക്കുന്നതാണ്;

(സി) ബ്ലോക്ക് സ്പോർട്ട്സ് കൗൺസിലിന്റെ ആസ്ഥാനത്ത് അധികാ രിതയുള്ള പോലീസ് സർക്കിൾ ഇൻസ്പെക്ടർ;

(ഡി) ബ്ലോക്ക് സ്പോർട്ട്സ് കൗൺസിൽ ആസ്ഥാനത്ത് അധികാരിത യുള്ള പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കെട്ടിടങ്ങളും റോഡുകളും).

(ഇ) ബ്ലോക്ക് സ്പോർട്ട്സ് കൗൺസിൽ ആസ്ഥാനത്ത് അധികാരിത യുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ സീനിയർ മെഡിക്കൽ ഓഫീസർ;

(എഫ്) ബ്ലോക്ക് സ്പോർട്ട്സ് കൗൺസിൽ ആസ്ഥാനത്ത് അധികാരിത യുള്ള അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസർ;

നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ

(എ) ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നാമനിർദ്ദേശം ചെയ്യുന്ന ബ്ലോക്ക് പഞ്ചായത്തിലെ രണ്ടംഗങ്ങൾ;

(ബി) ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നാമനിർദ്ദേശം ചെയ്യുന്ന സ്പോർട്ട്സിൽ വൈദഗ്ദ്ധ്യമുള്ള രണ്ടു പേർ-അവരിൽ ഒരാൾ വനിതയായിരി ക്കേണ്ടതാണ്;

(സി) ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള അസി സ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകർ;

(ഡി) ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന സ്കൂളു കളിലെ അദ്ധ്യാപക-രക്ഷാകർതൃ സംഘടനകളുടെ ഔദ്യോഗിക ഭാരവാഹി കളിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന്റെ പ്രസിഡന്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ'

(ഇ) ബ്ലോക്ക് സ്പോർട്ട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്ത സ്പോർട്ട്സ് സംഘടനകളുടെയും സ്പോർട്ട്സ് ക്ലബുകളുടെയും ഔദ്യോ ഗിക ഭാരവാഹികളിൽ നിന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നാമനിർദ്ദേശം ചെയ്യുന്ന രണ്ടു പേർ;

LIBRARY ARCHIVES Kerala Legislative Assembly

(2) ബ്ലോക്ക് സ്പോർട്ട്സ് കൗൺസിൽ അംഗങ്ങൾ അവർക്കിടയിൽ നിന്നും ഒരു വൈസ് പ്രസിഡന്റിനെ തെരെഞ്ഞെടുക്കേണ്ടതാണ്.

(3) വൈസ് പ്രസിഡന്റ്, പ്രസിഡന്റ് അദ്ദേഹത്തിന് ഏൽപ്പിച്ചു കൊടുക്കുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതും പ്രസിഡന്റിന്റെ അഭാവത്തിൽ, ബ്ലോക്ക് സ്പോർട്ട്സ് കൗൺസിൽ യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കേണ്ടതുമാണ്.

23. ബ്ലോക്ക് സ്പോർട്ട്സ് കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി.- ഓരോ ബ്ലോക്ക് സ്പോർട്ട്സ് കൗൺസിലിനും അതിന്റെ ദൈനംദിന ഭരണനിർവഹണ കാര്യങ്ങൾക്കായി, അതിന്റെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരും അതിലെ അംഗങ്ങൾ അവർക്കിടയിൽ നിന്നും തെരെഞ്ഞെടുക്കുന്ന ആറംഗങ്ങളും-അവരിലൊരാൾ വനിത ആയിരിക്കേണ്ടതാണ്-ഉൾക്കൊള്ളുന്ന ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ്.

24. ഗ്രാമ സ്പോർട്ട്സ് കൗൺസിലിന്റെ ഘടന.- (1) ഓരോ ഗ്രാമ സ്പോർട്ട്സ് കൗൺസിലിലും താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:-

എക്സ്-ഒഫിഷ്യോ അംഗങ്ങൾ

(എ) ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റ്, അദ്ദേഹം ഗ്രാമ സ്പോർട്ട്സ് കൗൺസിലിന്റെ പ്രസിഡന്റ് ആയിരിക്കുന്നതാണ്;

(ബി) ഗ്രാമപഞ്ചായത്തിന്റെ സെക്രട്ടറി, അദ്ദേഹം ഗ്രാമ സ്പോർട്ട്സ് കൗൺസിലിന്റെ സെക്രട്ടറി ആയിരിക്കുന്നതാണ്;

(സി) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള, പോലീസ് സർക്കിൾ ഇൻസ്പെക്ടർ;

(ഡി) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള പൊതു മരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കെട്ടിടങ്ങളും റോഡുകളും)

(ഇ) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള മെഡിക്കൽ ഓഫീസർ;

(എഫ്) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള, വില്ലേജ് ഓഫീസർ;

നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ

(എ) ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നാമനിർദ്ദേശം ചെയ്യുന്ന ഗ്രാമപഞ്ചായത്തിലെ രണ്ടംഗങ്ങൾ;

(ബി) ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നാമനിർദ്ദേശം ചെയ്യുന്ന, സ്പോർട്ട്സിൽ വൈദഗ്ദ്ധ്യമുള്ള രണ്ടുപേർ-അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്;

(സി) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകർ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന സ്കൂളുകളിലെ അദ്ധ്യാപക-രക്ഷാകർത്തൃ സംഘടനകളുടെ ഔദ്യോഗിക ഭാരവാഹികളിൽ നിന്നും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ;

(ഇ) ഗ്രാമ സ്പോർട്ട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്ത സ്പോർട്സ് സംഘടനകളുടെയും ക്ലബ്കളുടെയും ഔദ്യോഗിക ഭാരവാഹികളിൽ നിന്ന് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പേർ.

(2) ഗ്രാമ സ്പോർട്ട്സ് കൗൺസിൽ അംഗങ്ങൾ അവർക്കിടയിൽ നിന്നും ഒരു വൈസ് പ്രസിഡന്റിനെ തെരഞ്ഞെടുക്കേണ്ടതാണ്.

(3) വൈസ്-പ്രസിഡന്റ്, പ്രസിഡന്റ് അദ്ദേഹത്തിന് ഏൽപ്പിച്ചു കൊടുക്കുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതും, പ്രസിഡന്റിന്റെ അഭാവത്തിൽ, ഗ്രാമ-സ്പോർട്ട്സ് കൗൺസിൽ യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കേണ്ടതുമാണ്.

25. ഗ്രാമ സ്പോർട്ട്സ് കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി.-

(1) ഓരോ ഗ്രാമ-സ്പോർട്ട്സ് കൗൺസിലിനും അതിന്റെ ദൈനംദിന ഭരണനിർവ്വഹണ കാര്യങ്ങൾക്കായി, അതിന്റെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരും, അതിലെ അംഗങ്ങൾ അവർക്കിടയിൽ നിന്നും തെരെഞ്ഞെടുക്കുന്ന ആറംഗങ്ങളും-അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്. ഉൾക്കൊള്ളുന്ന ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ്.

26. കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിൽ, മുനിസിപ്പൽ സ്പോർട്സ് കൗൺസിൽ, ടൗൺ സ്പോർട്ട്സ് കൗൺസിൽ മുതലായവയുടെ ചുമതലകൾ.- കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിലും മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിലും ടൗൺ സ്പോർട്ട്സ് കൗൺസിലും ബ്ലോക്ക് സ്പോർട്ട്സ് കൗൺസിലും ഗ്രാമ സ്പോർട്സ് കൗൺസിലും താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ ചുമതലകൾ നിർവ്വഹിക്കാവുന്നതാണ്, അതായത്:-

(എ) സ്പോർട്ട്സ് കൗൺസിലിന് അധികാരിതയുള്ള പ്രദേശത്തെ, രജിസ്റ്റർ ചെയ്ത സ്പോർട്ട്സ് സംഘടനകളുടെയും ക്ലബ്ബുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുക;

(ബി) തങ്ങളുടെ അധികാരിതയിലുള്ള പ്രദേശങ്ങളിൽ കായിക മേളകളോ, മത്സരങ്ങളോ, ടൂർണമെന്റുകളോ സംഘടിപ്പിക്കുക;

(സി) ജില്ലാ സ്പോർട്ട്സ് കൗൺസിൽ ഏൽപ്പിക്കുന്ന മറ്റ് ചുമതലകൾ നിർവ്വഹിക്കുക.

27. കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിൽ, മുനിസിപ്പൽ സ്പോർട്സ് കൗൺസിൽ മുതലായവയിലെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.- (1) എക്സ്-ഒഫിഷ്യോ അംഗങ്ങൾ അല്ലാത്ത, കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിലിലെയും മുനിസിപ്പൽ സ്പോർട്സ് കൗൺസിലിലെയും ടൗൺ സ്പോർട്ട്സ് കൗൺസിലിലെയും ബ്ലോക്ക് സ്പോർട്ട്സ് കൗൺസിലിലെയും ഗ്രാമ സ്പോർട്ട്സ് കൗൺസിലിലെയും ഓരോ അംഗവും, അയാളെ നാമനിർദ്ദേശം ചെയ്ത തീയതി മുതൽ നാലുവർഷ കാലയളവുവരെ ഉദ്യോഗം വഹിക്കേണ്ടതാണ്.

എന്നാൽ, കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിൽ, മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിൽ, ടൗൺ സ്പോർട്ട്സ് കൗൺസിൽ എന്നിവയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന വിദ്യാർത്ഥി പ്രതിനിധികളുടെ ഉദ്യോഗകാലാ

LIBRARY ARCHIVES Kerala Legislative Assembly

വധി അവരുടെ നാമനിർദ്ദേശ തീയതി മുതൽ ഒരു വർഷം ആയിരിക്കുന്നതാണ്.

(2) യാതൊരാളും, തുടർച്ചയായി രണ്ട് തവണകളിൽ കൂടുതൽ അംഗമായി നാമനിർദ്ദേശം ചെയ്യപ്പെടുവാൻ പാടുള്ളതല്ല.

28. കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിൽ, മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിൽ മുതലായവയുടെ യോഗം.-(1) ഓരോ കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിലും മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിലും ടൗൺ സ്പോർട്ട്സ് കൗൺസിലും ബ്ലോക്ക് സ്പോർട്ട്സ് കൗൺസിലും ഗ്രാമ സ്പോർട്ട്സ് കൗൺസിലും വർഷത്തിൽ രണ്ട് തവണയെങ്കിലും യോഗം ചേരേണ്ടതാണ്.

(2) ഒരു യോഗത്തിന്റെ കോറം അതിന്റെ ആകെ അംഗസംഖ്യയുടെ മൂന്നിലൊന്ന് ആയിരിക്കേണ്ടതാണ്.

അദ്ധ്യായം V
സ്പോർട്ട്സ് സംഘടനകളുടെയും സ്പോർട്ട്സ് താരങ്ങളുടെയും രജിസ്ട്രേഷൻ

29. സ്പോർട്ട്സ് സംഘടകളുടെ രജിസ്ട്രേഷൻ.-(1) സംസ്ഥാന തലത്തിലോ ജില്ലാ തലത്തിലോ പ്രവർത്തനം നടത്തുന്ന ഏതൊരു സ്പോർട്സ് സംഘടനയും ഈ ആക്ടിൻ കീഴിൽ ഒരു അംഗീകൃത സംഘടനയായി സംസ്ഥാന സ്പോർട്ട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്യാവുന്നതും, അപ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഏതൊരു അപേക്ഷയും അതിന്റെ ആസ്ഥാനം സ്ഥിതി ചെയ്യുന്ന ജില്ലയിലെ ജില്ലാ സ്പോർട്ട്സ് കൗൺസിലിന്, നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും അങ്ങനെയുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായും, സമർപ്പിക്കേണ്ടതുമാണ്.

(2) ജില്ലാ സ്പോർട്ട്സ് കൗൺസിൽ അപേക്ഷ പരിഗണിക്കേണ്ടതും അംഗീകാരം നൽകുന്നതിനാവശ്യമായ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് അതിന് ബോദ്ധ്യമാകുന്നപക്ഷം ആ അപേക്ഷ, അപ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള ശുപാർശയുമായി, സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന് സമർപ്പിക്കേണ്ടതുമാണ്.

(3) (2)-ാം ഉപവകുപ്പു പ്രകാരം ലഭിക്കുന്ന അപേക്ഷ സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ പരിഗണിക്കേണ്ടതും, രജിസ്ട്രേഷൻ നൽകേണ്ടതാണെന്ന് അതിന് ബോദ്ധ്യപ്പെടുന്ന പക്ഷം, പ്രസ്തുത സ്പോർട്ട്സ് സംഘടനയെ അതതുസംഗതിപോലെ, അംഗീകൃത സംസ്ഥാന സ്പോർട്ട്സ് സംഘടനയായോ അംഗീകൃത ജില്ലാ സ്പോർട്ട്സ് സംഘടനയായോ രജിസ്റ്റർ ചെയ്യേണ്ടതുമാണ്.

(4) ഒരു സ്പോർട്ട്സ് സംഘടന രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച്, അതതു സംഗതിപോലെ, ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെയോ സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെയോ തീരുമാനം മൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും, നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിലും അങ്ങനെയുള്ള രീതിയിലും, അപ്പലേറ്റ് ട്രൈബ്യൂണലിൽ അപ്പീൽ ബോധിപ്പിക്കാവുന്നതും അതിന്മേൽ അപ്പലേറ്റ് ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(5) ഏതെങ്കിലും മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ ടൗൺ പഞ്ചായത്തിന്റെയോ ബ്ലോക്ക് പഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ പ്രദേശത്ത് മാത്രം പ്രവർത്തിക്കുന്ന സ്പോർട്ട്സ് ക്ലബ്ബുകൾക്ക്, അതതുസംഗതിപോലെ, ബന്ധപ്പെട്ട കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിലിലോ മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിലിലോ, ടൗൺ സ്പോർട്ട്സ് കൗൺലിലും, ബ്ലോക്ക് സ്പോർട്ട്സ് കൗൺസിലിലോ ഗ്രാമസ്പോർട്ട്സ് കൗൺസിലിലോ ഒരു സ്പോർട്ട്സ് ക്ലബ് ആയി രജിസ്റ്റർ ചെയ്യാവുന്നതാണ്.

(6) (5)-ാം ഉപവകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഏതൊരു അപേക്ഷയും നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലും രീതിയിലും അങ്ങനെയുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായും ബന്ധപ്പെട്ട സ്പോർട്ട്സ് കൗൺസിലിന് സമർപ്പിക്കേണ്ടതാണ്.

(7) (6)ാം ഉപവകുപ്പു പ്രകാരം ലഭിക്കുന്ന അപേക്ഷ ബന്ധപ്പെട്ട സ്പോർട്ട്സ് കൗൺസിൽ പരിഗണിക്കേണ്ടതും രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് അതിന് ബോദ്ധ്യമാകുന്നപക്ഷം, പ്രസ്തുത സ്പോർട്ട്സ് ക്ലബ് രജിസ്റ്റർ ചെയ്യേണ്ടതും അല്ലാത്ത പക്ഷം അപേക്ഷ നിരസിച്ചുകൊണ്ടുള്ള വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്.

(8) (7)-ാം ഉപവകുപ്പുപ്രകാരം എടുത്ത ഒരു തീരുമാനം മൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും, നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിലും, അങ്ങനെയുള്ള രീതിയിലും, ബന്ധപ്പെട്ട ജില്ലാ സ്പോർട്ട്സ് കൗൺസിലിന് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(9) സ്പോർട്ട്സ് സംഘടനയുടെ രജിസ്ട്രേഷനെ സംബന്ധിച്ചും അങ്ങനെയുള്ള രജിസ്ട്രേഷൻ പിൻവലിക്കുന്നതു സംബന്ധിച്ചും ഉള്ള വ്യവസ്ഥകളും നിബന്ധനകളും, അപ്രകാരം രജിസ്ട്രേഷൻ നൽകുന്നതിനായി ജില്ലാ സ്പോർട്ട്സ് കൗൺസിലും സംസ്ഥാന സ്പോർട്ട്സ് കൗൺസിലും പാലിക്കേണ്ട നടപടിക്രമവും അപ്രകാരം രജിസ്റ്റർ ചെയ്ത സ്പോർട്ട്സ് സംഘടനകൾക്കുള്ള പ്രത്യേകാനുകൂല്യങ്ങളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

30. സ്പോർട്ട്സ് താരങ്ങളുടെ രജിസ്ട്രേഷൻ.-(1) ഏതൊരു സ്പോർട്ട്സ് താരത്തിനും സംസ്ഥാന സ്പോർട്ട്സ് കൗൺസിലിൽ ഒരു സ്പോർട്ട്സ് താരമായി രജിസ്റ്റർ ചെയ്യാവുന്നതും അപ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഏതൊരപേക്ഷയും, നിർണ്ണയിക്കപ്പെടാവുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായുള്ളതും അങ്ങനെയുള്ള രീതിയിലും സംസ്ഥാന സ്പോർട്സ് കൗൺസിലിന് സമർപ്പിക്കേണ്ടതാണ്.

(2) സ്പോർട്ട്സ് താരമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള വ്യവസ്ഥകളും നിബന്ധനകളും, അതിലേക്ക് സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ പാലിക്കേണ്ട നടപടിക്രമവും അത്തരം സ്പോർട്ട്സ് താരത്തിനുള്ള ആനുകൂല്യങ്ങളും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(3) സ്പോർട്ട്സ് താരങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച്, സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ ഏതെങ്കിലും തീരുമാനത്തിൻമേൽ സങ്കടമനുഭവിക്കുന്ന ഏതൊരു വ്യക്തിക്കും അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ, നിർണ്ണയിക്കപ്പെടാവുന്ന സമയത്തമിനുള്ളിലും അപ്രകാരമുള്ള രീതി

LIBRARY ARCHIVES Kerala Legislative Assembly

യിലും അപ്പീൽ ബോധിപ്പിക്കാവുന്നതും, അതിന്മേൽ അപ്പലേറ്റ് ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

അദ്ധ്യായം VI
നിലവിലുള്ള സ്പോർട്ട്സ് കൗൺസിൽ പിരിച്ചുവിടൽ

31. നിലവിലുള്ള സ്പോർട്ട്സ് കൗൺസിൽ പിരിച്ചുവിടലും അതിന്റെ ആസ്തികളും ബാദ്ധ്യതകളും കൈമാറ്റം ചെയ്യലും.-(1)

1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്ട്രേഷൻ ആക്ടിൽ (1955-ലെ XII-ാം ആക്റ്റ്) എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റ് പ്രകാരം രൂപീകരിക്കുന്ന സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ നിലവിൽ വരുന്ന തീയതിയിലും അന്നുമുതലും നിലവിലുള്ള സ്പോർട്ട്സ് കൗൺസിൽ പിരിച്ചുവിട്ടതായി കരുതപ്പെടുന്നതാണ്.

(2) നിലവിലുള്ള സ്പോർട്ട്സ് കൗൺസിലിന്റെ ഉപയോഗത്തിലും അനുഭവത്തിലും കൈവശത്തിലുമുള്ള എല്ലാ വസ്തുവകകളും ഏതുതരം അവകാശങ്ങളും അതിൽ സ്വന്തം നിലയിലുള്ളതോ അതിൽ നിക്ഷിപ്തമായതോ കൈവശം വച്ചിരുന്നതോ ആയ എല്ലാത്തരം അവകാശങ്ങളും അതിനെതിരായി നിയമപരമായി നിലവിലുള്ള എല്ലാ ബാദ്ധ്യതകളും (1)-ാം ഉപവകുപ്പിൽ പറയുന്ന തീയതിയിലും അന്നുമുതൽക്കും പ്രാബല്യത്തോടുകൂടിയും സർക്കാർ ഇതിനായി പുറപ്പെടുവിച്ചേക്കാവുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായും സംസ്ഥാന സ്പോർട്ട്സ് കൗൺസിലിൽ നിക്ഷിപ്തമാകുന്നതാണ്.

(3) ഈ ആക്ട് പ്രകാരം സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ രൂപീകരിക്കുന്നതിൽ നിലവിലുള്ള സ്പോർട്ട്സ് കൗൺസിലിന്റെ കാര്യങ്ങളുമായി ബന്ധപ്പെട്ട് നിയമിച്ചിരുന്ന ഒരു ഉദ്യോഗസ്ഥനോ അഥവാ മറ്റു ജീവനക്കാരനോ, സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ ഒരു ഉദ്യോഗസ്ഥനോ മറ്റു ജീവനക്കാരനോ ആയിത്തീരുന്നതും, ഈ വകുപ്പ് ഉണ്ടാക്കിയിട്ടില്ലായിരുന്നെങ്കിൽ അയാൾ നിലവിലുള്ള സ്പോർട്ട്സ് കൗൺസിലിൽ ഉദ്യോഗത്തിൽ തുടരുമായിരുന്ന അത്രയും കാലത്തേക്കും അയാൾക്കു ലഭിക്കുമായിരുന്ന അതേ വേതനത്തോടു കൂടിയും, അതേ നിബന്ധനകളിന്മേലും വ്യവസ്ഥകളിന്മേലും പെൻഷനും ഗ്രാറ്റുവിറ്റിയും മറ്റു കാര്യങ്ങളും സംബന്ധിച്ച അതേ അവകാശങ്ങളോടും ആനുകൂല്യങ്ങളോടും കൂടിയും, തുടർന്നും ഉദ്യോഗം വഹിക്കുന്നതും, സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ നിയമാനുസരണം സംസ്ഥാന സ്പോർട്ട്സ് കൗൺസിലിലെ അയാളുടെ ജോലി അവസാനിപ്പിക്കുന്നതുവരേയും അല്ലെങ്കിൽ അയാളുടെ വേതനവും നിബന്ധനകളും വ്യവസ്ഥകളും യഥാവിധി വ്യത്യാസപ്പെടുത്തുന്നതുവരേയോ അപ്രകാരം തുടരുന്നതുമാണ്.

(4) (3)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും നിലവിലുള്ള സ്പോർട്ട്സ് കൗൺസിലിന്റെ കാര്യങ്ങളുമായി ബന്ധപ്പെട്ട ജോലിക്ക്

LIBRARY ARCHIVES Kerala Legislative Assembly

നിയോഗിക്കപ്പെട്ടിട്ടുള്ളതും ഈ ആക്ടിന്റെ പ്രാരംഭത്തിന് തൊട്ടുമുമ്പ് അപ്രകാരം നിയമനത്തിലുള്ളതുമായ ഏതൊരു സർക്കാർ ഉദ്യോഗസ്ഥനും സർക്കാർ സർവ്വീസിലേക്ക് തിരിച്ചെടുക്കപ്പെടുന്നതാണ്.

അദ്ധ്യായം VII
ധനകാര്യവും കണക്കുകളും ആഡിറ്റും

32. സംസ്ഥാന സർക്കാരിൽ നിന്നുള്ള ഗ്രാന്റുകൾ.- ഈ ആക്ടിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കേരള സർക്കാർ, അതിന് ഉചിതമെന്നു തോന്നുന്ന അത്രയും തുക ഇതിലേക്കായി സംസ്ഥാന നിയമസഭ ഉണ്ടാക്കിയ നിയമംമൂലം യഥാവിധി വകയിരുത്തിയശേഷം സംസ്ഥാന സ്പോർട്സ് കൗൺസിലിന് ഗ്രാന്റായി നൽകേണ്ടതാണ്.

33. സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ നിധി.- (1) സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ, "സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ നിധി" എന്ന പേരിൽ ഒരു നിധി രൂപീകരിക്കേണ്ടതും, അതിലേയ്ക്ക് താഴെപ്പറയുന്നവ വരവുവയ്ക്കേണ്ടതുമാണ്:-

(എ) 32-ാം വകുപ്പുപ്രകാരം സംസ്ഥാന സർക്കാർ നൽകുന്ന എല്ലാ തുകകളും;

(ബി) ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായി മറ്റേതെങ്കിലും വ്യക്തി സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന് നൽകുന്ന ഏതെങ്കിലും ഗ്രാന്റുകളും സംഭാവനകളും;

(സി) സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന് മറ്റേതെങ്കിലും മാർഗ്ഗത്തിൽ ലഭിക്കുന്ന ഏത് തുകയും;

(2) സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ നിധി.-

(എ) സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ ചെലവിനും;

(ബി) സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ വഹിക്കേണ്ടതായ മറ്റ് ഏതെങ്കിലും ചെലവുകൾ നേരിടുന്നതിനും, വേണ്ടി വിനിയോഗിക്കേണ്ടതാണ്.

34. ജില്ലാ സ്പോർട്ട്സ് കൗൺസിൽ നിധി.- (1) ഓരോ ജില്ലാ സ്പോർട്ട്സ് കൗൺസിലും "ജില്ലാ സ്പോർട്ട്സ് കൗൺസിൽ നിധി" എന്ന പേരിൽ ഒരു നിധി രൂപീകരിക്കേണ്ടതും, അതിലേക്ക് താഴെ പറയുന്നവ വരവുവയ്ക്കേണ്ടതുമാണ്.-

(എ) ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായി സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ ജില്ലാ സ്പോർട്ട്സ് കൗൺസിലിന് നൽകുന്ന എല്ലാ തുകകളും അഥവാ ഏതെങ്കിലും ഗ്രാന്റുകളും;

(ബി) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി, ഏതെങ്കിലും വ്യക്തി, ജില്ലാ സ്പോർട്ട്സ് കൗൺസിലിന് നൽകുന്ന ഏതെങ്കിലും ഗ്രാന്റുകളും അഥവാ സംഭാവനകളും;

(സി) ജില്ലാ സ്പോർട്ട്സ് കൗൺസിലിന് മറ്റേതെങ്കിലും മാർഗ്ഗത്തിൽ ലഭിക്കുന്ന മറ്റ് ഏതെങ്കിലും തുക.

LIBRARY ARCHIVES Kerala Legislative Assembly

(2) ജില്ലാ സ്പോർട്ട്സ് കൗൺസിൽ നിധി.-

(എ) ജില്ലാ പോർട്ട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ ചെലവുകളും;

(ബി) കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിലിന്റേയും മുനിസിപ്പൽ സ്പോർട്സ് കൗൺസിലിന്റേയും ടൗൺ സ്പോർട്ട്സ് കൗൺസിലിന്റേയും ബ്ലോക്ക് സ്പോർട്ട്സ് കൗൺസിലിന്റേയും ഗ്രാമ സ്പോർട്ട്സ് കൗൺസിലിന്റേയും പ്രവർത്തനങ്ങളുടെ ചെലവുകളും;

(സി) ജില്ലാ സ്പോർട്ട്സ് കൗൺസിൽ വഹിക്കേണ്ടതായ മറ്റ് ഏതെങ്കിലും ചെലവുകളും,

നേരിടുന്നതിനുവേണ്ടി വിനിയോഗിക്കേണ്ടതാണ്.

35. ബഡ്ജറ്റ്.-(1) ഓരോ കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിലും മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിലും ടൗൺ സ്പോർട്ട്സ് കൗൺസിലും ബ്ലോക്ക് സ്പോർട്ട്സ് കൗൺസിലും ഗ്രാമ സ്പോർട്ട്സ് കൗൺസിലും, ഓരോ വർഷവും, അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് കണക്കാക്കുന്ന വരവ് ചെലവുകളുടെ, പ്രസ്തുത വർഷത്തേക്കുള്ള ഒരു ബഡ്ജറ്റ്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലും അപ്രകാരമുള്ള സമയത്തും, തയ്യാറാക്കേണ്ടതും, അതിന്റെ പകർപ്പ് ബന്ധപ്പെട്ട ജില്ലാ സ്പോർട്ട്സ് കൗൺസിലിന് അയച്ചുകൊടുക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ പരിഗണിച്ചുകൊണ്ട് ജില്ലാ സ്പോർട്ട്സ് കൗൺസിൽ അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് കണക്കാക്കുന്ന വരവുചെലവുകളുടെ പ്രസ്തുത വർഷത്തേക്കുള്ള ഒരു ബഡ്ജറ്റ്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലും അപ്രകാരമുള്ള സമയത്തും തയ്യാറാക്കേണ്ടതും, അതിന്റെ പകർപ്പ് സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന് അയച്ചുകൊടുക്കേണ്ടതുമാണ്.

(3) ജില്ലാ സ്പോർട്ട്സ് കൗൺസിലുകളിൽ നിന്നും ലഭിച്ച ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ പരിഗണിച്ചുകൊണ്ട്. സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ അതിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും, അത്, നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിൽ, സർക്കാരിന് അയച്ചുകൊടുക്കേണ്ടതുമാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരം അയച്ചുകൊടുത്ത ബഡ്ജറ്റ് ലഭിച്ചാൽ സംസ്ഥാന സർക്കാർ, അത് പരിശോധിക്കേണ്ടതും, അതിന് യുക്തമെന്ന് തോന്നുന്ന മാറ്റങ്ങളോ, തിരുത്തലുകളോ രൂപഭേദങ്ങളോ നിർദ്ദേശിക്കേണ്ടതും അങ്ങനെയുള്ള നിർദ്ദേശങ്ങൾ സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ പരിഗണനയ്ക്കായി അയച്ചുകൊടുക്കേണ്ടതുമാണ്.

(5) (4)-ാം ഉപവകുപ്പുപ്രകാരം സർക്കാർ നൽകുന്ന നിർദ്ദേശം ഏതെങ്കിലും ഉണ്ടെങ്കിൽ അതിനനുസൃതമായി, സംസ്ഥാന സ്പോർട്ട്സ് കൗൺസിലിൽ, അതിന്റെ ബഡ്ജറ്റിലും ജില്ലാ സ്പോർട്ട്സ് കൗൺസിലുകളുടെ ബഡ്ജറ്റിലും മാറ്റങ്ങളും തിരുത്തലുകളും രൂപഭേദങ്ങളും ചേർക്കേണ്ടതും അപ്രകാരം മാറ്റം വരുത്തിയതോ തിരുത്തിയതോ രൂപഭേദപ്പെടുത്തിയതോ ആയ ബഡ്ജറ്റ് സംസ്ഥാന സ്പോർട്സ് കൗൺസിൽ പാസ്സാക്കേണ്ടതും ആകുന്നു.

36. കണക്കുകളും ആഡിറ്റും.- (1) സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ അല്ലെങ്കിൽ ജില്ലാ സ്പോർട്ട്സ് കൗൺസിൽ (ഈ വകുപ്പിൽ,

LIBRARY ARCHIVES Kerala Legislative Assembly

ഇതിനുശേഷം, '' കൗൺസിൽ'' എന്നാണ് പരാമർശിക്കുക), അതതുസംഗതി പോലെ, ശരിയായ കണക്കുകളും മറ്റു പ്രസക്തമായ രേഖകളും സൂക്ഷിക്കേണ്ടതും, വരവു ചെലവുകൾ ഉൾപ്പെടുന്ന കണക്കുകളുടെ ഒരു വാർഷിക സ്റ്റേറ്റുമെന്റും ബാലൻസ്ഷീറ്റും നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും അങ്ങനെയുള്ള രീതിയിലും തയ്യാറാക്കേണ്ടതുമാണ്.

(2) കൗൺസിലുകളുടെ കണക്കുകൾ വർഷത്തിലൊരിക്കൽ സർക്കാർ ഇതിനായി നിയമിച്ചേക്കാവുന്ന ആഡിറ്റർ പരിശോധിക്കേണ്ടതും ആഡിറ്റ് ചെയ്യേണ്ടതുമാണ്.

(3) പ്രസ്തുത ആഡിറ്റർക്ക്.-

(എ) കണക്കുകളുടെ വ്യക്തതയ്ക്കുവേണ്ടി പരിശോധിക്കേണ്ടത് ആവശ്യമാണെന്ന് അദ്ദേഹം വിശ്വസിക്കുന്ന ഏത് രേഖയും ഹാജരാക്കുവാൻ, രേഖാമൂലമുള്ള സമൻസ് മുഖാന്തിരം ആവശ്യപ്പെടാവുന്നതും;

(ബി) അങ്ങനെയുള്ള ഏതെങ്കിലും രേഖകൾ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള ഏതെങ്കിലും വ്യക്തിയോ അഥവാ അതിന് ഉത്തരവാദിയായ വ്യക്തിയോ അദ്ദേഹത്തിന്റെ മുന്നിൽ ഹാജരാകുന്നതിന്, രേഖാമൂലമുള്ള സമൻസ് മുഖാന്തിരം, ആവശ്യപ്പെടാവുന്നതും;

(സി) അപ്രകാരം ഹാജരാകുന്ന ഏതൊരാളിനോടും, അങ്ങനെയുള്ള രേഖകൾ സംബന്ധിച്ച ഒരു പ്രതിജ്ഞാപത്രം തയ്യാറാക്കി ഒപ്പു വയ്ക്കുന്നതിനോ അതുമായി ബന്ധപ്പെട്ട ഏതെങ്കിലും ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിനോ അല്ലെങ്കിൽ ഒരു സ്റ്റേറ്റുമെന്റ് തയ്യാറാക്കി നൽകുന്നതിനോ ആവശ്യപ്പെടാവുന്നതുമാണ്.

(4) സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള ശമ്പളം കൗൺസിൽ പ്രസ്തുത ഓഡിറ്റർക്ക് നൽകേണ്ടതാണ്.

(5) ആഡിറ്റർ സാക്ഷ്യപ്പെടുത്തിയപ്രകാരമുള്ള കൗൺസിലിന്റെ കണക്കുകൾ, അതിന്മേലുള്ള ആഡിറ്റ് റിപ്പോർട്ട് സഹിതം കൗൺസിൽ വർഷംതോറും സംസ്ഥാന സർക്കാരിന് അയച്ചുകൊടുക്കേണ്ടതാണ്.

(6) സംസ്ഥാന സർക്കാർ, (5)-ാം ഉപവകുപ്പുപ്രകാരം അതിന് ലഭിച്ച കണക്കുകളും ആഡിറ്റ് റിപ്പോർട്ടും, അവ ലഭിച്ച ഉടൻതന്നെ സംസ്ഥാന നിയമസഭ മുമ്പാകെ വയ്ക്കുന്നതിന് ഇടയാക്കേണ്ടതാണ്.

37. കടം വാങ്ങാനുള്ള അധികാരം.- സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്, വായ്പയുടെ ഉദ്ദേശത്തേയും തുകയേയും സംബന്ധിച്ച് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയും, ഈടും പലിശ നിരക്കും സംബന്ധിച്ച്, സർക്കാർ നിശ്ചയിച്ചേക്കാവുന്ന വ്യവസ്ഥകൾക്ക് വിധേയമായും, ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നോഅഥവാ മറ്റേതെങ്കിലും ഏകാംഗീകൃത നികായത്തിൽ നിന്നോ എന്തു തുകയും കടമായി വാങ്ങാവുന്നതാണ്.

അദ്ധ്യായം VIII

അപ്പലേറ്റ് ട്രൈബ്യൂണൽ

38. അപ്പലേറ്റ് ട്രൈബ്യൂണലിന്റെ രൂപീകരണം.-(1) സർക്കാരിന്, വിജ്ഞാപനം വഴി.-

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാന സ്പോർട്ട്സ് കൗൺസിലും ഒരു സ്പോർട്ട്സ് സംഘടനവും തമ്മിലും:

(ബി) സംസ്ഥാന സ്പോർട്ട്സ് കൗൺസിലും ഒരു സ്പോർട്ട്സ് താരവും തമ്മിലും:

(സി) സ്പോർട്ട്സ് താരങ്ങളും സ്പോർട്ട്സ് സംഘടനകളും തമ്മിലും;

(ഡി) സ്പോർട്ട്സ് താരങ്ങൾ തമ്മിലും;

(ഇ) സ്പോർട്ട്സ് സംഘടനകൾ തമ്മിലും;

ഉള്ളതും ഈ ആക്ടുപ്രകാരം തീർപ്പാക്കേണ്ടതുമായ ഏതെങ്കിലും തർക്കമോ, പ്രശ്നമോ മറ്റേതെങ്കിലും സംഗതിയോ തീർപ്പാക്കുന്നതിനായി ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ രൂപീകരിക്കേണ്ടതാണ്.

(2) ട്രൈബ്യൂണലിൽ.-

(എ) നിയമവകുപ്പു സെക്രട്ടറി, എക്സ് ഒഫിഷ്യോ, അദ്ദേഹം ട്രൈബ്യൂണലിന്റെ ചെയർമാൻ ആയിരിക്കുന്നതാണ്;

(ബി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ജില്ലാ ജഡ്ജിയായി നിയമിക്കപ്പെടാൻ യോഗ്യതയുള്ള, ഒരു വ്യക്തി;

(സി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സ്പോർട്ട്സിൽ വിദഗ്ദ്ധനായ ഒരു വ്യക്തി;

എന്നിവർ ഉണ്ടായിരിക്കേണ്ടതാണ്.

(3) അപ്പലേറ്റ് ട്രൈബ്യൂണലിലെ എക്സ്-ഒഫിഷ്യോ അംഗങ്ങളൊഴികെയുള്ള അംഗങ്ങളുടെ ഉദ്യോഗ കാലാവധിയും മറ്റു സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കുന്നതാണ്.

(4) അപ്പലേറ്റ് ട്രൈബ്യൂണൽ ഒരു സിവിൽ കോടതിയായി കരുതപ്പെടേണ്ടതും, ഒരു വ്യവഹാരത്തിന്റെ വിചാരണ നടത്തുമ്പോഴോ അഥവാ ഒരു ഡിക്രിയോ ഉത്തരവോ നടപ്പാക്കുമ്പോഴോ, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്ട്) പ്രകാരം ഒരു സിവിൽ കോടതിക്ക് വിനിയോഗിക്കാവുന്ന അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്.

(5) 1908-ലെ സിവിൽ നടപടി നിയമ സംഹിതയിൽ (1908-ലെ 5-ാം കേന്ദ്ര ആക്ട്) എന്തുതന്നെ അടങ്ങിയിരുന്നാലും, അപ്പലേറ്റ് ട്രൈബ്യൂണൽ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നടപടിക്രമം പാലിക്കേണ്ടതാണ്.

(6) അപ്പലേറ്റ് ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കുന്നതും, അപേക്ഷ കക്ഷികൾക്ക് ബാധകമായിരിക്കുന്നതും അതിന് ഒരു സിവിൽ കോടതി പുറപ്പെടുവിച്ച ഒരു ഡിക്രിയുടെ പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്.

(7) അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ഏതെങ്കിലും തീരുമാനം നടപ്പാക്കുന്നതിനായി ഏതു സിവിൽക്കോടതിക്കാണോ അയച്ചുകൊടുത്തിട്ടുള്ളത് ആ കോടതി, 1908-ലെ സിവിൽ നടപടി നിയമസംഹിതയിലെ (1908-ലെ 5-ാം കേന്ദ്ര ആക്ട്) വ്യവസ്ഥകൾക്ക് അനുസൃതമായി അത് നടപ്പാക്കേണ്ടതാണ്.

39. <u>സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്</u>.- ഈ ആക്ട് പ്രകാരമോ അതിൻകീഴിലോ, അപ്പലേറ്റ് ട്രൈബ്യൂണൽ തീർപ്പാക്കേണ്ടതായ ഏതെങ്കിലും തർക്കമോ പ്രശ്നമോ മറ്റ് സംഗതികളോ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു വ്യവഹാരമോ, മറ്റു നിയമ നടപടികളോ യാതൊരു സിവിൽ കോടതിയിലും നിലനിൽക്കുന്നതല്ല.

40. രജിസ്റ്റർ ചെയ്യാത്ത സ്പോർട്ട്സ് സംഘടനയ്ക്കും സ്പോർട്ട്സ് താരങ്ങൾക്കും അവകാശസ്ഥാപനത്തിന് നിരോധം.- തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെരു നിയമത്തിലും എന്തുതന്നെയടങ്ങിയിരുന്നാലും ഈ ആക്ടിലെ വ്യവസ്ഥകളനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ഏതെങ്കിലും സ്പോർട്ട്സ് സംഘടനയോ സ്പോർട്ട്സ് താരമോ, ഈ ആക്ടിന്റെ പ്രാരംഭത്തിനുശേഷം, ഈ ആക്ട് പ്രകാരമുള്ള ഏതെങ്കിലും അവകാശം സ്ഥാപിച്ചു കിട്ടുന്നതിനായി, അതതു സംഗതിപോലെ, അതിനുവേണ്ടിയോ അയാളോ നൽകിയ യാതൊരു കേസും, അപ്പീലും അഥവാ മറ്റു നിയമ നടപടികളും അപ്പലേറ്റ് ട്രൈബ്യൂണലോ ഏതെങ്കിലും കോടതിയോ സ്വീകരിക്കുവാനോ ആരംഭിക്കുവാനോ വാദം കേൾക്കുവാനോ, വിചാരണ ചെയ്യുവാനോ തീർപ്പാക്കുവാനോ പാടില്ലാത്തതും അങ്ങനെയുള്ള പ്രാരംഭത്തിനുശേഷം പ്രസ്തുത സ്പോർട്ട്സ് സംഘടനയോ സ്പോർട്ട്സ് താരമോ ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്യാത്ത പക്ഷം അത്തരം യാതൊരു വ്യവഹാരമോ അപ്പീലോ, മറ്റു നിയമ നടപടിയോ തുടരുവാനോ, വാദം കേൾക്കുവാനോ വിചാരണ ചെയ്യുവാനോ തീർപ്പാക്കുവാനോ പാടില്ലാത്തതുമാണ്.

അദ്ധ്യായം IX

ഉദ്യോഗസ്ഥന്മാരും ജീവനക്കാരും

41. ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും നിയമനം.-(1) (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്, ഈ ആക്ടിൻകീഴിലുള്ള അതിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിന് സഹായമാകുംവിധം, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, അത് അനുവദിച്ചിട്ടുള്ള അത്രയും തസ്തികകളിലേക്കാവശ്യമായ ഉദ്യോഗസ്ഥരേയും ജീവനക്കാരേയും നിയമിക്കാവുന്നതാണ്.

(2) സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, സംസ്ഥാന സർക്കാരിന്റെ ഒരു ജീവനക്കാരനെ, അതിനു യുക്തമെന്നു തോന്നുന്ന നിബന്ധനകളിന്മേലും ഉപാധികളിന്മേലും, സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെയോ ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെയോ ഒരു ജീവനക്കാരനായി ഡെപ്യൂട്ടേഷനിൽ നിയമിക്കാവുന്നതാണ്.

(3) ഈ വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ, സംസ്ഥാന സ്പോർട്ട്സ് കൗൺസിലിലേയും ജില്ലാ സ്പോർട്ട്സ് കൗൺസിലിലേയും ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും നിയമനവും സേവന വ്യവസ്ഥകളും, നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കുന്നതാണ്.

അദ്ധ്യായം X

പലവക

42. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.- (1) സർക്കാരിന്, ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായി, മുൻകാലപ്രാബല്യത്തോടെയോ പിൽക്കാല പ്രാബല്യത്തോടെയോ, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗംവരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്. അതായത്:-

(എ) സംസ്ഥാന സ്പോർട്ട്സ് കൗൺസിലിലേക്കോ ജില്ലാ സ്പോർട്ട്സ് കൗൺസിലിലേക്കോ ഉള്ള അംഗങ്ങളെ തിരഞ്ഞെടുക്കുകയോ നാമനിർദ്ദേശം ചെയ്യുകയോ ചെയ്യുന്നതുമായി ബന്ധപ്പെട്ട എല്ലാ സംഗതികളും;

(ബി) സംസ്ഥാന സ്പോർട്ട്സ് കൗൺസിലും ജില്ലാ സ്പോർട്ട്സ് കൗൺസിലും കണക്കുകൾ സൂക്ഷിക്കുന്നതും കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റുമെന്റും ആഡിറ്റർമാരുടെ റിപ്പോർട്ടും പ്രസിദ്ധീകരിക്കുന്നതും;

(സി) സംസ്ഥാന സ്പോർട്ട്സ് കൗൺസിലോ ജില്ലാ സ്പോർട്ട്സ് കൗൺസിലോ കരാറുകളിൽ ഏർപ്പെടുന്നതിനോ വസ്തുക്കൾ കൈവശം വയ്ക്കുകയോ കൈയൊഴിയുകയോ ചെയ്യുന്നതിനോ ഉള്ള നിയന്ത്രണങ്ങളും ഉപാധികളും.

(ഡി) സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെയും ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെയും ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും സേവന വ്യവസ്ഥകൾ;

(ഇ) സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെയും ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെയും സെക്രട്ടറിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അധികാരങ്ങൾ, കർത്തവ്യങ്ങൾ, ചുമതലകൾ;

(എഫ്) ഈ ആക്ടുപ്രകാരം രൂപീകരിക്കപ്പെടുന്ന സ്പോർട്ട്സ് കൗൺസിലുകൾ-ബഡ്ജറ്റ് തയ്യാറാക്കുകയും, അതതു സംഗതിപോലെ, ജില്ലാ സ്പോർട്ട്സ് കൗൺസിലിനോ സംസ്ഥാന സ്പോർട്ട്സ് കൗൺസിലിനോ സർക്കാരിനോ സമർപ്പിക്കുകയും ചെയ്യേണ്ട രീതിയും സമയപരിധിയും;

(ജി) 38-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം അപ്പലേറ്റ് ട്രൈബ്യൂണൽ അനുവർത്തിക്കേണ്ട നടപടിക്രമം;

(എച്ച്) ഈ ആക്ടുപ്രകാരം നിർണ്ണയിക്കേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റ് ഏതെങ്കിലും സംഗതി.

(2) ഈ ആക്ടുപ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കിയശേഷം കഴിയുന്നത്ര വേഗം നിയമസഭ മുമ്പാകെ, അത് സമ്മേളനത്തിലിരിക്കുമ്പോൾ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാലു ദിവസത്തേക്ക്, വയ്ക്കേണ്ടതും, അത് അപ്രകാരം വച്ച സമ്മേളനമോ അതിനു തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ്, ചട്ടത്തിൽ നിയമസഭ എന്തെങ്കിലും ഭേദഗതി വരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാണ്; എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും കാര്യത്തിന്റെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

43. റഗുലേഷനുകൾ ഉണ്ടാക്കാൻ സംസ്ഥാന സ്പോർട്ട്സ് കൗൺസിലിനുള്ള അധികാരം.-(1) സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന് ഈ ആക്ടിറ്റിലെ വ്യവസ്ഥകൾക്കും അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കും വിധേയമായും, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടു കൂടിയും, വിജ്ഞാപനം വഴി, പൊതുവായി ഈ ആക്ടിന്റെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്കു ഭംഗം വരാതെയും, അങ്ങനെയുള്ള റഗുലേഷനുകളിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്ക്, വ്യവസ്ഥ ചെയ്യാവുന്നതാണ്. അതായത്:-

(എ) സ്പോർട്ട്സ് ക്ലബുകളുടെ അഫിലിയേഷനുള്ള വ്യവസ്ഥകളും നടപടിക്രമങ്ങളും;

(ബി) ഏതെങ്കിലും സ്പോർട്ട്സോ, ഗയിമോ, ടൂർണമെന്റോ നടത്തുകയോ സംഘടിപ്പിക്കുകയോ ചെയ്യുന്നതിനുള്ള നിലവാരവും യോഗ്യതകളും, വ്യവസ്ഥകളും നിർണ്ണയിക്കുക;

(സി) സ്പോർട്ട്സ് സംഘടനകളുടെ സ്ഥാപനവും കളിസ്ഥലങ്ങളുടെ സംരക്ഷണവും;

(ഡി) ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെയും, കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിലിന്റെയും മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിലിന്റെയും ടൗൺ സ്പോർട്ട്സ് കൗൺസിലിന്റെയും ബ്ലോക്ക് സ്പോർട്ട്സ് കൗൺസിലിന്റെയും ഗ്രാമ സ്പോർട്ട്സ് കൗൺസിലിന്റെയും ചുമതലകളും അധികാരങ്ങളും;

(ഇ) സംഭാവനകളും എൻഡോവ്മെന്റുകളും സ്വീകരിക്കലും അവയുടെ നടത്തിപ്പും;

(എഫ്) ഈ ആക്ടിൻ കീഴിൽ റഗുലേഷനുകൾ മുഖാന്തിരം വ്യവസ്ഥ ചെയ്യേണ്ടതോ ചെയ്യാവുന്നതോ ആയ മറ്റേതെങ്കിലും കാര്യം.

44. ആദ്യ സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെയും ആദ്യ ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെയും നാമനിർദ്ദേശം.- ഈ ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ആദ്യത്തെ സംസ്ഥാന സ്പോർട്സ് കൗൺസിലും ആദ്യത്തെ ജില്ലാ സ്പോർട്സ് കൗൺസിലും, സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതും അപ്രകാരം നാമനിർദ്ദേശം ചെയ്യുന്ന തീയതി മുതൽ രണ്ടുവർഷക്കാലത്തേക്കോ അഥവാ ഈ ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി പ്രസ്തുത അധികാരസ്ഥാനങ്ങൾ രൂപീകരിക്കുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ, തുടരാവുന്നതുമാണ്.

45. വൈഷമ്യങ്ങൾ നീക്കംചെയ്യൽ.- (1) ആദ്യ സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെയോ ആദ്യ ജില്ലാ സ്പോർട്ട്സ് കൗൺസിലി

LIBRARY ARCHIVES Kerala Legislative Assembly

ന്റെയോ രൂപീകരണത്തിലോ മറ്റുതരത്തിൽ ഈ ആക്ടിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിലോ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്ന പക്ഷം, സർക്കാരിന് ഉത്തരവുമൂലം, ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതും വൈഷമ്യം നീക്കുന്നതിന് ആവശ്യമാണെന്ന് അതിനു തോന്നുന്നതുമായ ഏതു കാര്യവും ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ച ഓരോ ഉത്തരവും, അത് പുറപ്പെടുവിച്ചശേഷം കഴിയുന്നത്രവേഗം, നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

ഉദ്ദേശകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് സ്പോർട്ട്സും ഗെയിംസും പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ നടത്തിവരുന്നത് 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേരള സ്പോർട്ട്സ് കൗൺസിലാണ്. കായികരംഗം അഭിവൃദ്ധിപ്പെടുത്തുന്നതിന് കൈക്കൊള്ളേണ്ട നടപടികളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത സമിതി, "എല്ലാവർക്കും കായിക വിനോദം" എന്ന ആശയത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള അതിന്റെ നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുകയും സർക്കാർ അത് വിശദമായി പരിഗണിക്കുകയും ഉണ്ടായി.

2. കായിക വിനോദങ്ങളുടെയും കളികളുകടെയും സമഗ്രവികസനം ലക്ഷ്യമാക്കിക്കൊണ്ട് അതിൽ വിപുലമായ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രാദേശികതലത്തിലും സ്പോർട്ട്സ് കൗൺസിലുകൾ രൂപീകരിക്കുകയും അപ്രകാരമുള്ള കൗൺസിലുകൾക്ക് പ്രത്യേക അധികാരങ്ങളും ചുമതലകളും നൽകുകയും ചെയ്യുന്നതിന് നിയമനിർമ്മാണം നടത്തുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.

3. മേൽപ്പറഞ്ഞ ലക്ഷ്യം നേടുന്നതിനുദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ടം

സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ സെക്രട്ടറിയായി, ഗവൺമെന്റ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരുദ്യോഗസ്ഥനെ സർക്കാർ നിയമിക്കേണ്ടതാണെന്ന് ബില്ലിലെ 4-ാം ഖണ്ഡം (1)-ാംഉപഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

2. ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ സെക്രട്ടറിയായി, സർക്കാർ സർവ്വീസിലെ ജൂനിയർ സൂപ്രണ്ടിന്റെ പദവിയിൽ താഴെയല്ലാത്ത ഒരുദ്യോഗസ്ഥനെ ജില്ലാ സ്പോർട്ട്സ് കൗൺസിൽ പ്രസിഡന്റ് നിയമിക്കേണ്ടതാണെന്ന് ബില്ലിലെ 14-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

3. സർക്കാർ, അതിന് ഉചിതമെന്ന് തോന്നുന്നത്ര തുക, നിയമസഭ ഉണ്ടാക്കിയ നിയമംമൂലം യഥാവിധി വകയിരുത്തിയ ശേഷം, സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന് ഗ്രാന്റായി നൽകണമെന്ന് ബില്ലിലെ 32-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4. ബില്ലിലെ 38-ാം ഖണ്ഡം (1)-ാം ഉപഖണ്ഡ പ്രകാരം സർക്കാർ രൂപീകരിക്കേണ്ട അപ്പലേറ്റ് ട്രൈബ്യൂണലിലെ എക്സ് ഒഫിഷ്യോ അല്ലാത്ത അംഗങ്ങളുടെ ഉദ്യോഗ കാലാവധിയും മറ്റ് സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടുന്ന പ്രകാരം ആയിരിക്കുന്നതാണെന്ന് ബില്ലിലെ 38-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

5. ഈ ആക്ടിൻ കീഴിലുള്ള അതിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിന് സഹായമാകുംവിധം, ഉദ്യോഗസ്ഥന്മാരെയും ജീവനക്കാരെയും, നിർണ്ണയിക്കപ്പെട്ട വ്യവസ്ഥകളിന്മേൽ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ നിയമിക്കുന്നതിന്, സംസ്ഥാന സ്പോർട്ട്സ് കൗൺസിലിനെ അധികാരപ്പെടുത്താൻ ബില്ലിലെ 41-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

6. മുൻപറഞ്ഞ 4 (1), 14 (1), 41 എന്നീ ഖണ്ഡങ്ങൾ പ്രകാരമുള്ള ചെലവുകൾ സംസ്ഥാന സ്പോർട്ട്സ് കൗൺസിലാണ് വഹിക്കേണ്ടത്. ഈ ഇനങ്ങളിലും സ്പോർട്ട്സ് കൗൺസിലുകളുടെ പ്രവർത്തനങ്ങൾക്കു വേണ്ടിയും ചെലവ് ചെയ്യേണ്ടി വരാവുന്ന തുക കൃത്യമായി കണക്കാക്കുവാൻ ഇപ്പോൾ സാദ്ധ്യമല്ല.

7. 32-ാം ഖണ്ഡപ്രകാരമുള്ള ഗ്രാന്റും, 38-ാം ഖണ്ഡപ്രകാരം അപ്പലേറ്റ് ട്രൈബ്യൂണൽ അംഗങ്ങളുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ആവർത്തക ചെലവായി സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും നേരിടേണ്ടതാണ്.

8. ഈ ബിൽ നിയമമാക്കി പ്രാബല്യത്തിൽ കൊണ്ടുവന്നാൽ വിവിധ തലങ്ങളിലെ സ്പോർട്ട്സ് കൗൺസിലുകളുടെ പ്രവർത്തനങ്ങൾക്കായി സർക്കാർ കൂടുതൽ തുക ഗ്രാന്റായി നൽകേണ്ടി വരുന്നതാണ്. ഗ്രാന്റായും അപ്പലേറ്റ് ട്രൈബ്യൂണലിലെ അംഗങ്ങളുടെ ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിനുമായി സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ആവർത്തകമായി നേരിടേണ്ടി വരുന്ന തുകയുടെ കൃത്യമായ കണക്ക് ഈ ഘട്ടത്തിൽ തിട്ടപ്പെടുത്താൻ സാദ്ധ്യമല്ല. എന്നിരുന്നാലും ഏകദേശം രണ്ട് കോടി രൂപ എല്ലാ വർഷവും സഞ്ചിതനിധിയിൽ നിന്നും അധികമായി ചെലവാകും എന്ന് കണക്കാക്കുന്നു.

ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ആക്ട് പ്രാബല്യത്തിൽ വരുന്ന തീയതി വിജ്ഞാപനം വഴി നിശ്ചയിക്കുന്നതിനും വ്യത്യസ്ത പ്രദേശങ്ങൾക്ക് വേണ്ടിയും വ്യത്യസ്ത വ്യവസ്ഥകൾക്കു വേണ്ടിയും വ്യത്യസ്ത തീയതികൾ നിശ്ചയിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 1-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. ഏതെങ്കിലും സ്ഥാപനത്തെ ഈ ആക്ടിന്റെ ആവശ്യത്തിലേയ്ക്കായി വിദ്യാഭ്യാസ സ്ഥാപനമായി വിജ്ഞാപനം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 2-ാം ഖണ്ഡം (vi)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ ശുപാർശയിന്മേൽ, ഏതെങ്കിലും കായിക പ്രവർത്തനത്തെ ഒരു കായിക വിനോദമായോ കളിയായോ വിജ്ഞാപനം വഴി വിനിർദ്ദേശിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 2-ാം ഖണ്ഡം (xiv)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. വിജ്ഞാപനം വഴി സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ വൈസ്-പ്രസിഡന്റിനെ തിരഞ്ഞെടുക്കേണ്ട രീതി സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ (4)-ാം ഉപ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. കൂടാതെ, സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ പ്രസിഡന്റും വൈസ്-പ്രസിഡന്റും വിനിയോഗിക്കേണ്ട അധികാരങ്ങൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിനും പ്രസ്തുത ഖണ്ഡത്തിന്റെ (5)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

3. സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ പ്രത്യേക യോഗം വിളിച്ചുകൂട്ടുന്നതിനുള്ള നിബന്ധനകൾ സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 7-ാം ഖണ്ഡം (3)-ാം ഉപ ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

4. സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ പ്രമേയങ്ങൾ പാസ്സാക്കേണ്ട രീതിയും നടപടിക്രമങ്ങളും സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 8-ാം ഖണ്ഡം (1)-ാം ഉപ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

5. വിജ്ഞാപനം വഴി സംസ്ഥാനത്തെ ഓരോ ജില്ലയിലും ജില്ലാ സ്പോർട്ട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 9-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

6. ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനു പുറമേ ജില്ലാ സ്പോർട്ട്സ് കൗൺസിലുകൾ നിർവ്വഹിക്കേണ്ട മറ്റു ചുമതലകൾ നിശ്ചയിച്ചുകൊണ്ട് റഗുലേഷനുകൾ ഉണ്ടാക്കാൻ സംസ്ഥാന സ്പോർട്ട്സ് കൗൺസിലിനെ അധികാരപ്പെടുത്താൻ ബില്ലിലെ 10-ാം ഖണ്ഡം (2) (സി) ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

7. ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിന്റെ നടപടിക്രമങ്ങളും കോറവും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 11-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

8. ജില്ലാ സ്പോർട്ട്സ് കൗൺസിലുകൾ പ്രമേയങ്ങൾ പാസ്സാക്കേണ്ട രീതിയും നടപടിക്രമവും സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 12-ാം ഖണ്ഡം (4)-ാം ഉപ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

9. ജില്ലാ സ്പോർട്ട്സ് കൗൺസിൽ ചെയർമാൻ വിനിയോഗിക്കേണ്ട അധികാരങ്ങളും നിർവഹിക്കേണ്ട ചുമതലകളും സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 13-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

10. വിജ്ഞാപനം വഴി കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിലുകളും മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിലുകളും ടൗൺ സ്പോർട്ട്സ് കൗൺസിലുകളും ബ്ലോക്ക് സ്പോർട്ട്സ് കൗൺസിലുകളും ഗ്രാമ സ്പോർട്ട്സ് കൗൺസിലുകളും രൂപീകരിക്കാൻ സംസ്ഥാന സ്പോർട്ട്സ്

LIBRARY ARCHIVES Kerala Legislative Assembly

കൗൺസിലിനെ അധികാരപ്പെടുത്താൻ ബില്ലിലെ 15-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

11. സ്പോർട്ട്സ് സംഘടനകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നിബന്ധനകളും വ്യവസ്ഥകളും അതിനുള്ള ഫാറവും സംബന്ധിച്ച ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 29-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

സ്പോർട്ട്സ് സംഘടന രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച ജില്ലാ സ്പോർട്സ് കൗൺസിലിന്റെയോ സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെയോ തീരുമാനത്തിന്മേൽ അപ്പലേറ്റ് ട്രൈബ്യൂണലിൽ അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള സമയ പരിധിയും രീതിയും സംബന്ധിച്ച ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ പ്രസ്തുത ഖണ്ഡം (4)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. സ്പോർട്ട്സ് ക്ലബ്ബുകൾ ബന്ധപ്പെട്ട സ്പോർട്ട്സ് കൗൺസിലുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷാഫാറവും അതിന്റെ രീതിയും അതിനുള്ള നിബന്ധനകളും വ്യവസ്ഥകളും സംബന്ധിച്ച ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് പ്രസ്തുത ഖണ്ഡം (6)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. ഒരു സ്പോർട്ട്സ് ക്ലബ്ബ് രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച തീരുമാനത്തിന്മേൽ ജില്ലാ സ്പോർട്ട്സ് കൗൺസിലിൽ അപ്പീൽ സമർപ്പിക്കുന്നതിനുള്ള രീതിയും സമയപരിധിയും സംബന്ധിച്ച ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ പ്രസ്തുത ഖണ്ഡം (8)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. സ്പോർട്ട്സ് സംഘടനകൾക്ക് രജിസ്ട്രേഷൻ നൽകുന്നതിനും, രജിസ്ട്രേഷൻ പിൻവലിക്കുന്നതിനുമുള്ള വ്യവസ്ഥകളും നിബന്ധനകളും, പാലിക്കേണ്ട നടപടിക്രമങ്ങളും, രജിസ്റ്റർ ചെയ്ത സ്പോർട്സ് സംഘടനകൾക്കുള്ള പ്രത്യേക ആനുകൂല്യങ്ങളും സംബന്ധിച്ച ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ പ്രസ്തുത ഖണ്ഡം (9)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

12. സ്പോർട്ട്സ് താരമായി രജിസ്റ്റർ ചെയ്യുന്നതിന് പാലിക്കേണ്ട നിബന്ധനകളും വ്യവസ്ഥകളും രീതിയും അതിനുള്ള ഫാറവും സംബന്ധിച്ച ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 30-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. സ്പോർട്ട്സ് താരമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള വ്യവസ്ഥകളും നിബന്ധനകളും അതിനായി സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ പാലിക്കേണ്ട നടപടി ക്രമവും സ്പോർട്ട്സ് താരത്തിനുള്ള ആനുകൂല്യങ്ങളും വ്യവസ്ഥ ചെയ്തുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്താൻ പ്രസ്തുത ഖണ്ഡം (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. സ്പോർട്ട്സ് താരങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച തീരുമാനത്തിന്മേൽ അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ സമർപ്പിക്കുന്നതിനുള്ള സമയ പരിധിയും രീതിയും സംബന്ധിച്ച ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ പ്രസ്തുത ഖണ്ഡം (3)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

13. ഓരോ കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിലും മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിലും ടൗൺ സ്പോർട്ട്സ് കൗൺസിലും ബ്ലോക്ക് സ്പോർട്ട്സ് കൗൺസിലും ഗ്രാമ സ്പോർട്ട്സ് കൗൺസിലും തയ്യാറാക്കേണ്ട ബഡ്ജറ്റിന്റെ ഫാറവും അതിനുള്ള സമയ പരിധിയും സംബന്ധിച്ച ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 35-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. ജില്ലാ സ്പോർട്ട്സ്

LIBRARY ARCHIVES Kerala Legislative Assembly

കൗൺസിൽ തയ്യാറാക്കേണ്ട വാർഷിക ബഡ്ജറ്റിന്റെ ഫാറവും അതിനുള്ള സമയ പരിധിയും സംബന്ധിച്ച ചട്ടങ്ങൾ ഉണ്ടാക്കുന്നതിന്, സർക്കാരിനെ അധികാരപ്പെടുത്താൻ പ്രസ്തുത ഖണ്ഡം (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ അതിന്റെ ബഡ്ജറ്റ് സർക്കാരിന് അയച്ചുകൊടുക്കേണ്ട സമയപരിധി സംബന്ധിച്ച ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ പ്രസ്തുത ഖണ്ഡം (3)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

14. സംസ്ഥാന സ്പോർട്ട്സ് കൗൺസിലും ജില്ലാ സ്പോർട്ട്സ് കൗൺസിലുകളും വാർഷിക സ്റ്റേറ്റ്മെന്റും ബാലൻസ് ഷീറ്റുകളും തയ്യാറാക്കേണ്ട ഫാറവും അതിന്റെ രീതിയും വ്യവസ്ഥ ചെയ്തു കൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 36-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

15. വിജ്ഞാപനം വഴി ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 38-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. അപ്പലേറ്റ് ട്രൈബ്യൂണലിലെ എക്സ് ഒഫിഷ്യോ അംഗമൊഴികെയുള്ള അംഗങ്ങളുടെ ഉദ്യോഗകാലാവധിയും മറ്റ് സേവന വ്യവസ്ഥകളും നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്താൻ പ്രസ്തുത ഖണ്ഡം (3)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. അപ്പലേറ്റ് ട്രൈബ്യൂണലിന്റെ നടപടിക്രമം വ്യവസ്ഥ ചെയ്തുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്താൻ പ്രസ്തുത ഖണ്ഡം (5)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

16. സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെയും ജില്ലാ സ്പോർട്ട്സ് കൗൺസിലുകളുടെയും ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും നിയമനവും സേവന വ്യവസ്ഥകളും സംബന്ധിച്ച ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 41-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

17. ഈ ആക്ട്ടിന്റെ ആവശ്യങ്ങൾക്കായി, മുൻകാല പ്രാബല്യത്തോടെയോ പിൽക്കാലപ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 42-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

18. ഈ ആക്ട്ടിന്റെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, വിജ്ഞാപനം വഴി റഗുലേഷനുകൾ ഉണ്ടാക്കുന്നതിന് സംസ്ഥാന സ്പോർട്ട്സ് കൗൺസിലിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 43-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

19. ആദ്യത്തെ സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെയോ ആദ്യത്തെ ജില്ലാ സ്പോർട്ട്സ് കൗൺസിലുകളുടെയോ രൂപീകരണത്തിലോ ഈ ആക്ടിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിലോ ഉണ്ടാകാവുന്ന വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനായി, ഉത്തരവ് വഴി, ഈ ആക്ടിന് വിരുദ്ധമല്ലാത്ത എന്തു ചെയ്യുവാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 45-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

20. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ഉത്തരവുകളും വിജ്ഞാപനങ്ങളും പുറപ്പെടുവിക്കാവുന്നത് അല്ലെങ്കിൽ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവയെല്ലാം നടപടിക്രമം സംബന്ധിച്ചവയും സാധാരണമോ ഭരണപരമോ

LIBRARY ARCHIVES Kerala Legislative Assembly

ആയ സ്വഭാവത്തോടുകൂടിവയുമാകുന്നു. എന്നുമാത്രമല്ലാ ചട്ടങ്ങളും 45-ാം ഖണ്ഡപ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവുകളും അവ ഉണ്ടാക്കുകയോ പുറപ്പെടുവിക്കുകയോ ചെയ്തശേഷം നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. എൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ, സാധാരണ സ്വഭാവമുള്ളതാകുന്നു.

എ.സി. ഷൺമുഖദാസ്

LIBRARY ARCHIVES Kerala Legislative Assembly